www.malankaralibrary.com

Vol. 46, Issue 01, January 2024 Date of Publication : 15 January 2024
Place of Publication : Ernakulam. RNI No. KER/MAL/29523/78

# താലന്ത്

A Journal For Adult Catechesis



www.malankaralibrary.com



**സീറോ മലബാർ സഭയുടെ**

**പുതിയ മേജർ ആർച്ച് ബിഷപ്പായി നിയമിതനായ**

# മാർ റാഫേൽ തട്ടിൽ പിതാവിന്

**ആശംസകളും പ്രാർത്ഥനകളും**

**– പി.ഒ.സി. കുടുംബം –**

www.malankaralibrary.com

## എഡിറ്റോറിയൽ

# പ്രത്യാശയുടെ പുതുമുഖം



**ഫാ. ടോണി കോഴിമണ്ണിൽ**
**ചീഫ് എഡിറ്റർ**

പുതുവർഷം പ്രത്യാശ നിറഞ്ഞതാണ്. ദൈവത്തിന്റ പദ്ധതി അനുസരിച്ച് ദൈവജനം ഒരു നല്ല ഭാവിയിലേക്ക് നയിക്കപ്പെടും എന്ന പ്രതീക്ഷയാണ് എപ്പോഴും ലോകത്തെ നയിക്കുന്നത്. വ്യക്തിയുടെയും സഭയുടെയും സമൂഹത്തിന്റെയും പ്രത്യാശയ്ക്ക് ഉറവിടം ഒന്നുതന്നെ: ദൈവം (സങ്കീ 71:5). ഈ പ്രത്യാശയുടെ യുക്തിപരമായ അടിസ്ഥാനം ഭൂതകാല അനുഭവമത്രെ. കഴിഞ്ഞകാലത്തിൽ നിന്നും പാഠം ഉൾക്കൊള്ളുന്ന ഒരു സംസ്കാരം പ്രത്യാശ നല്കുന്ന, പുതുജീവൻ നല്കുന്ന ഭാവിയുടെ പ്രതീക്ഷയാണ്. യുദ്ധഭീതികളുടെയും അസഹിഷ്ണുതകളുടെയും ഒരു വർഷം പിന്നിടുമ്പോൾ പ്രത്യാശയുടെ കിരണങ്ങൾക്കായി നാം കാത്തിരിക്കുന്നു.

മാറ്റങ്ങളെ ഉൾക്കൊള്ളാനും പ്രത്യാശ വളർത്താനും നമ്മുടെ ജീവിതത്തിന്റെ അടുത്ത അധ്യായം ഉദ്ദേശ്യശുദ്ധിയോടും ലക്ഷ്യബോധത്തോടുംകൂടിയും ജീവിക്കുവാനും പുതുവർഷം നമ്മെ ക്ഷണിക്കുന്നു. പുതുവർഷം പ്രത്യാശയുടെ പ്രതീകമായി നിലകൊള്ളുന്നു. ഭൂതകാലത്തിന്റെ പരീക്ഷണങ്ങളും ക്ലേശങ്ങളും ഉപേക്ഷിച്ച് ഭാവിയുടെ പറയാനാവാത്ത സാധ്യതകളെ സ്വീകരിക്കുവാനുള്ള അവസരം. നമ്മുടെ ജീവിതത്തെ പുന:ക്രമീകരി

www.malankaralibrary.com

ക്കാനും കഴിഞ്ഞ വർഷത്തെ പാഠങ്ങളിൽ നിന്ന് പഠിക്കാനും ഇനിയും അറിയാത്ത ചക്രവാള ങ്ങളിലേക്ക് യാത്ര ചെയ്യാനുമുള്ള അവസരമാണിത്.

നവീകരണവും സിനഡാത്മക തയും ഈ നാളുകളിൽ നാം ഏറെ കേൾക്കുന്ന രണ്ടു പദങ്ങ ളാണ്. നവീകരണം ഒരു ശൈലി യല്ല മറിച്ച്, സ്വയം രൂപാന്തരപ്പെ ടുവാനുള്ള ഒരു വെല്ലുവിളിയാണ്. ഒരുവൻ നവീകരിക്കപ്പെടുക എന്നുവച്ചാൽ ഒരു പുതിയ സൃഷ്ടി യാകുക എന്നാണർത്ഥം. വ്യക്തി കളിലെ നവീകരണം കുടുംബ ങ്ങളെ മാറ്റുന്നു. കുടുംബങ്ങളുടെ നവീകരണം സമൂഹത്തെ മാറ്റുന്നു. സമൂഹത്തിന്റെ നവീകരണം രാഷ്ട്രത്തെ മാറ്റുന്നു. നവീകരണ പ്രക്രിയ ആരംഭിക്കുന്നത് വ്യക്തി കളിലാണ്. സഭ നവീകരിക്കപ്പെ ടണം എന്നത് പരിശുദ്ധാത്മാവി നാൽ പണിയപ്പെട്ട വ്യക്തിക ളായി മാറണം എന്നുള്ളതാണ്.

ദൈവജനം ദൈവത്തിലേക്ക് നടത്തുന്ന ഒരുമിച്ചുള്ള യാത്ര യാണ്. പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പ സിനഡാത്മകത ഒരു ജീവിതശൈലിയായി മാറണ മെന്ന് ആഗ്രഹിക്കുകയും പ്രാർ ഥിക്കുകയും ചെയ്യുന്നു. സഭ യ്ക്ക് ഒരു പുതിയ ദിശാബോധം നല്കാൻ ശ്രമിക്കുന്ന മാർപാപ്പാ യുടെ സ്വരം ഈ കാലഘട്ട ത്തിൽ ഏറെ ശ്രദ്ധേയമാണ്. എല്ലാവരെയും ചേർത്തു നിർത്തി ഐക്യവും വിശുദ്ധിയും നില നിർത്തുമ്പോഴാണ് സഭയുടെ മുഖം സമൂഹത്തിൽ പ്രകാശിത മാകുക. എല്ലാവരെയും സ്നേഹ ത്തിൽ ചേർത്തുനിർത്തുന്ന സഭ യുടെ കരുണയുടെ മുഖമാണ് ഇവിടെ നാം ദർശിക്കുന്നത്.

നമുക്ക് പ്രത്യാശിക്കാം...
നവീകരിക്കപ്പെടാം...
ഒന്നായി മുന്നേറാം...

*

**താളുകളിലൂടെ...**

www.malankaralibrary.com

സന്ദേശം

# വഴിയും സത്യവും ജീവനും ക്രിസ്തുവാണ്



**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
(പ്രസിഡന്റ്, കേരള കത്തോലിക്കാ മെത്രാൻ സമിതി-കെസിബിസി)

രണ്ടാം വത്തിക്കാൻ കൗൺസിൽ വിശുദ്ധ പോൾ ആറാമൻ മാർപാപ്പ ഒപ്പു വച്ച് 1965-ൽ പുറപ്പെടുവിച്ച കത്തോലിക്കാ സഭയും വിവിധ മതങ്ങളും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്ന രേഖയാണ് 'അക്രൈസ്തവ മതങ്ങൾ' (Nostra Aetate) നിലവിലുള്ള നമ്മുടെ ആശയങ്ങളെയും പ്രവർത്തനങ്ങളെയും ഈ പ്രഖ്യാപനമാണ് നയിക്കുന്നത്. എല്ലാറ്റിലുമുള്ള സത്യത്തെ അംഗീകരിക്കാൻ സഭയ്ക്ക് കഴിയുന്നതിന് കാരണം 'വഴിയും സത്യവും ജീവനും' ക്രിസ്തുവാണെന്ന അടിസ്ഥാന ബോധ്യമാണ് (യോഹ 14:6). എല്ലാ മതങ്ങളിലും സംസ്കാരങ്ങളിലുമുള്ള മൂല്യബോധത്തെ അംഗീകരിക്കാനും വളർത്താനും കത്തോലിക്കാ വിശ്വാസികൾക്ക് സാധിക്കും. നമ്മുടെ നിരന്തരമായ സാംസ്കാരിക ഇടപെടലുകളുടെ സാംഗത്യം അതാണ്. ക്രിസ്തുവാണ് മാനദണ്ഡം, ക്രിസ്തുവാണ് വെളിച്ചം, ക്രിസ്തുവാണ് സമഗ്ര വിമോചകൻ.

ക്രിസ്തുവിൽ അധിഷ്ഠിതമായ സാംസ്കാരിക വിമലീകരണം ഭാരതത്തിലെ ക്രൈസ്തവ വിശ്വാസികളുടെ ഉത്തരവാദിത്തമാണ്. നിറവും ജാതിയും മനുഷ്യരെന്നു വിളിക്കപ്പെടാൻ പോലുമുള്ള അയോഗ്യതയായി നിലനിന്ന ഒരു കാലത്തിലാണ് ക്രിസ്തുവിന്റെ സുവിശേഷം കടന്നുവന്നത്. നിരന്തരമായി ഇവിടെ സാംസ്കാരിക പുതുക്കം സംഭവിച്ചത് വിദ്യാഭ്യാസത്തിലും ആതുര സേവനത്തിലും മിഷനറിമാർ നിർ

www.malankaralibrary.com

വഹിച്ച അതുല്യമായ സേവനങ്ങളിലൂടെയുമാണ്. അക്ഷരവും അറിവും സകല മനുഷ്യർക്കുമുള്ള സദ്വാർത്തയായി മാറിയത് ക്രൈസ്തവദർശനത്തിന്റെ വെളിച്ചമാണ്. എല്ലാവരും ദൈവത്തിന്റെ മക്കളാണെന്ന ക്രിസ്തീയ വിശ്വാസമാണ് പൗരരുടെ തുല്യത ഉറപ്പിക്കുന്നതിനുള്ള ഊർജം (Nostra Aetate No.5) നിരന്തര സംവാദം സഭയുടെ ദൗത്യമാണ്. വ്യത്യസ്ത മതധാരകളുമായും അധികാര രീതികളുമായും സഭ നിരന്തരം സംവാദത്തിൽ ഏർപ്പെടണം. 2019 ഫെബ്രുവരിയിൽ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ നടത്തിയ യു.എ.ഇ സന്ദർശനം സംവാദത്തിന്റെ ആധുനിക മുഖമാണ്. അവിടെ സംയുക്തമായി പ്രസിദ്ധീകരിച്ച ഡോക്യുമെന്റ് അവസാനിപ്പിക്കുന്നത് വലിയ പ്രതീക്ഷയോടെയാണ്.

മനുഷ്യർക്കിടയിലെ സാഹോദര്യം ഉറപ്പിക്കാൻ, തീവ്രനിലപാടുകൾ സൃഷ്ടിക്കുന്ന ഹിംസാത്മക രീതികളെ തിരസ്കരിക്കാൻ, ആത്മാവും ഹൃദയവും വിഘടിതമായ മനുഷ്യസമൂഹത്തെ ദൈവമഹത്വത്തിൽ ഒന്നിച്ചു ചേർക്കാൻ, സാർവലൗകികമായ സമാധാനം മനുഷ്യജീവിതത്തിൽ സാധ്യമാക്കാൻ ഫെബ്രുവരി 2019-ലെ പ്രസ്താവനയിലൂടെ പരിശുദ്ധ മാർപാപ്പായും അൽ അസ്ഹർ-ലെ ഗ്രാന്റ് ഇമാമും ആഹ്വാനം ചെയ്യുകയുണ്ടായി.

നമ്മുടെ ദേശത്തും ഇത്തരം ശ്രമങ്ങൾ നാം തുടരുന്നു. നാം നടത്തുന്ന ക്രിസ്തുമസ് ആഘോഷവും മറ്റ് സാംസ്കാരിക ആഘോഷങ്ങളും ക്രൈസ്തവ വിശ്വാസത്തിന്റെ അന്തഃസത്തയെ പ്രകടിപ്പിക്കുന്നതിനുള്ള അവസരങ്ങൾ കൂടിയാണ്. കാരണം അത്രയേറെ സാംസ്കാരിക മതവൈവിധ്യമുള്ള നാടാണ് ഭാരതം. മിഷനറിമാരിലൂടെ നമ്മുടെ നാടിന് ചെയ്യാൻ സാധിച്ചതും നാം പിൻതുടരേണ്ടതും മാർത്തോമ ശ്ലീഹായിലൂടെ നാം സ്വീകരിച്ച ക്രിസ്തുവെളിച്ചത്തിന്റെ അനുഭവമാണ്. സംവാദത്തിലധിഷ്ഠിതമായ സാംസ്കാരിക ഇടത്തിലാണ് ജനാധിപത്യപരമായി ഈ സാംസ്കാരിക വിമലീകരണം ഏറ്റവും പ്രകടമാകുന്നത്. താലന്ത് മാസികയുടെ ദൈവശാസ്ത്ര ഇടപെടലുകൾ ഇത്തരം ശ്രമങ്ങളിൽ മുന്നിൽ നിൽക്കട്ടെ എന്ന് ആശംസിക്കുന്നു. *

www.malankaralibrary.com

# താളുകളിലൂടെ...


എഡിറ്റോറിയൽ 3-4

സന്ദേശം 5-6
**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**

1. ആരാധനക്രമം : ആദ്ധ്യാത്മിക ജീവിതത്തിന്റെ ആദ്യപാഠശാല
**ഫാ. ഡോ. ജേക്കബ് പ്രസാദ്** 9-18
2. നിഷ്കളങ്ക രക്തം സമാധാനത്തിനു വഴി തുറക്കുമോ?
**ഫാ. വർഗീസ് വള്ളിക്കാട്ട്** 19-24
3. സിനഡാത്മകത പ്രേഷിതദൗത്യത്തിന്റെ ചാലകശക്തി
**സിസ്റ്റർ ഡോ. ആർദ്ര എസ്.ഐ.സി.** 25-34
4. കേരള സഭാനവീകരണം 2022-2025
**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി** 35-42
5. സാർവ്വത്രിക സഭയുടെ മതബോധനഗ്രന്ഥത്തിന് ഒരു ആമുഖം
**ഫാ. ഡോ. ജോസ് പുതിയേടത്ത്** 43-49
6. വിവാഹബന്ധത്തിന് മറ്റൊരർഥമില്ല: കത്തോലിക്കാസഭയുടെ വിശ്വാസതിരുസംഘത്തിന്റെ ഔദ്യോഗിക പ്രഖ്യാപനം
**ഫാ. ഡോ. മൈക്കിൾ പുളിക്കൽ സിഎംഐ** 50-56
7. പാപസർപ്പപ്പിശാചിന്റെ തല തകർക്കുവാൻ വരുന്ന സ്ത്രീയുടെ സന്തതിയെ കാത്തു കഴിയുന്ന മനുഷ്യൻ
**എം. കോഴിമണ്ണിൽ** 57-58
8. അദ്ഭുതം, ദിവ്യാദ്ഭുതം!
**ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി** 59
9. മാതാവിനോട് - **നിഷ സജി** 60
10. ലോഗോസ് ക്വിസ് - മാതൃകാ ചോദ്യങ്ങൾ 61-63
11. വാർത്തകൾ 64-65
12. സമീക്ഷകൻ
**ആന്റണി ചടയംമുറി** 66

www.malankaralibrary.com


# Talent Magazine

**Monthly**

**A Journal For**
**Adult Catechesis**
**From The Secretariat**
**of KCBC, POC.**

**Volume : 46, Issue No. 01**
January 2024

Place of Publication : Ernakulam
RNI No. KER/MAL/29523/78



| | | |
|---|---|---|
| **Chief Editor** | : | Rev. Fr. Tony Kozhimannil |
| **Managing Editor** | : | Rev. Fr. Jacob G. Palackappilly |
| **Consulting Editor** | : | Rev. Fr. Michael Pulickal CMI |
| **Associate Editor** | : | Mr. Antony Chadayammuri |
| **Editorial Board** | : | Rev. Fr. Stephen Thomas Chalakara |
| | | Rev. Dr. Abraham Irimbinikal |
| | | Rev. Dr. Joju Kokkatt |
| | | Prof. K.M. Francis |
| | | Dr. Edward Edezhath |
| | | Chev. Dr. Premus Perinchery |
| | | Dr. Nycil Romis Thomas |
| **Circulation Manager** | : | Rev. Sr. Solly Chacko DCPB |
| **Design & Layout** | : | Mrs. Ambily Jose |



**Talent Publication Society**
P.O.C., Palarivattom, Kochi - 682 025
Mob: 944 744 1109, 999 543 3367, Email : thalenthu@gmail.com

www.malankaralibrary.com

# ആരാധനക്രമം :
# ആദ്ധ്യാത്മിക ജീവിതത്തിന്റെ ആദ്യപാഠശാല

"ഞാൻ അതിയായി ആശിച്ചു": ഫ്രാൻസിസ് പാപ്പായുടെ ആരാധന ക്രമസംബന്ധമായ അപ്പസ്തോലിക ലേഖനത്തിന്റെ അവലോകനം



**റവ. ഡോ. ജേക്കബ് പ്രസാദ്**
**(ജനറൽ എഡിറ്റർ, പിഒസി)**

2022 ജൂൺ 29-ാം തിയതി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ "ഞാൻ അതിയായി ആശിച്ചു" എന്ന അപ്പസ്തോലിക ലേഖനം പുറപ്പെടുവിച്ചു. "പീഡ സഹിക്കുന്നതിനു മുമ്പ് നിങ്ങളോടുകൂടെ ഈ പെസഹ ഭക്ഷിക്കാൻ 'ഞാൻ അതിയായി ആശിച്ചു' [*Desiderio desideravi*]" (ലൂക്കാ 22:15), എന്ന യേശുവചനമാണ് ഈ പ്രമാണരേഖയുടെ ശീർഷകമായി നല്കിയിരിക്കുന്നത്. ഇതിന്റെ ചരിത്രപശ്ചാത്തലത്തിലേക്കും ഉദ്ദേശ്യലക്ഷ്യങ്ങളിലേക്കും ഉള്ളടക്കത്തിലെ മുഖ്യവിഷയങ്ങളിലേക്കും കടക്കുകയും, തൽസംബന്ധമായ വിചിന്തനത്തിലേക്ക് ഹ്രസ്വമായി പ്രവേശിക്കുകയും ചെയ്യുക എന്നതാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.



### ചരിത്രപശ്ചാത്തലവും ലക്ഷ്യവും

2021 ജൂലൈ പതിനാറാം തീയതി ഫ്രാൻസിസ് പാപ്പാ "പാരമ്പര്യത്തിന്റെ കാവൽക്കാർ" (*Traditionis Custodes*) എന്ന ഒരു സ്വാത്മപ്രേരിത ലേഖനം (*Motu proprio*) പുറപ്പെടുവിക്കുകയുണ്ടായി. അതോടൊപ്പം പ്രസ്തുത ലേഖനത്തിന്റെ ഉദ്ദേശ്യലക്ഷ്യം എന്താണെന്ന് വിവരിച്ചു കൊണ്ട് ലോകത്തിലെ മെത്രാന്മാർക്ക് ഒരു കത്തെഴുതുകയും ചെയ്തു. തുടർന്ന് 2021 ഡിസംബർ നാലാം തീയതി ദൈവാരാധനയ്ക്കും കൂദാശകളുടെ ചട്ടക്രമത്തിനും ഉള്ള തിരുസംഘത്തിൽനിന്ന് "പാരമ്പര്യത്തിന്റെ

www.malankaralibrary.com


കാവൽക്കാർ" വഴിയായി ഉയർന്ന സംശയങ്ങൾക്ക് ഉത്തരങ്ങൾ (*Responsa ad Dubia*) നല്കപ്പെടുകയുണ്ടായി. ഈ മൂന്നുരേഖകളുടെയും പൊതു ഉദ്ദേശ്യം സഭയുടെ ആരാധനയിൽ ഐക്യം ഉണ്ടായിരിക്കാൻ സഹായിക്കുക എന്നതായിരുന്നു. "പാരമ്പര്യത്തിന്റെ കാവൽക്കാർ'' എന്ന് ലേഖനത്തിന്റെ നേരിട്ടുള്ള ഉദ്ദേശ്യം 1962-ലെ ദിവ്യപൂജാഗ്രന്ഥത്തിന്റെ ഉപയോഗം നിയന്ത്രിക്കുക എന്നതായിരുന്നു. "പാരമ്പര്യത്തിന്റെ കാവൽക്കാർ" ഒന്നാം ഖണ്ഡികയിൽ പറയുന്നതനുസരിച്ച് വിശുദ്ധ പോൾ ആറാമൻ പാപ്പായും വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പായും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഡിക്രികൾ പ്രകാരം പ്രസിദ്ധീകരിച്ച ആരാധനക്രമഗ്രന്ഥങ്ങൾ റോമൻ റീത്തിന്റെ പ്രാർത്ഥനാ നിയമത്തിന്റെ (*lex orandi*) അനന്യ പ്രകാശനങ്ങളാണ് (*Desiderio desideravi,* 31 കാണുക). ഇപ്രകാരം പറയുക വഴിയായി ഫ്രാൻസിസ് പാപ്പാ ഉദ്ദേശിച്ചത് ഇപ്പോഴുള്ള ആരാധനക്രമഗ്രന്ഥങ്ങൾ സമ്പൂർണ്ണമായും റോമൻ റീത്തിന്റെ പാരമ്പര്യത്തോടു ചേർന്നുനിൽക്കുന്നതാണെന്നും അത് സഭയുടെ കൂട്ടായ്മയ്ക്ക് ഉതകുന്നതാണെന്നുമത്രെ. അക്കാരണത്താൽ, മെത്രാന്മാർ തങ്ങളെ ഭരമേല്പിച്ചിട്ടുള്ള സഭകളുടെ ആരാധനാജീവിതത്തിന്റെ പ്രണേതാക്കളും കാവൽക്കാരും നിയന്താക്കളും ആണത്രെ ("പാരമ്പര്യത്തിന്റെ കാവൽക്കാർ" 2). അതിനാൽ, ആരാധനക്രമഗ്രന്ഥങ്ങളുടെ കൃത്യമായ ഉപയോഗം ഉറപ്പുവരുത്തേണ്ടത് അവരുടെ കർത്തവ്യമാണ്. മാത്രമല്ല, കൗൺസിലിനുമുമ്പുള്ള 1962-ലെ ദിവ്യപൂജാഗ്രന്ഥത്തിന്റെ ഉപയോഗം മെത്രാന്മാരാൽ നിയന്ത്രിതം ആയിരിക്കണം എന്നും പാപ്പാ നിർദ്ദേശിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം വന്ന ദിവ്യപൂജാഗ്രന്ഥങ്ങൾ പൂർണമായും റോമാസഭയുടെ പാരമ്പര്യത്തിൽ നില്ക്കുന്നതിനാൽ 1962-ലെ ദിവ്യപൂജാഗ്രന്ഥത്തിലേക്കു തിരികെ പോകേണ്ട ആവശ്യമില്ല. ഇക്കാര്യത്തെക്കുറിച്ച് പലർക്കും വ്യക്തതക്കുറവ് ഉണ്ടെന്ന് തോന്നുന്ന പശ്ചാത്തലത്തിൽ, ആരാധനക്രമത്തെ സംബന്ധിച്ച് ദൈവജനത്തിന് കൂടുതലായി രൂപവൽക്കരണം ആവശ്യമുണ്ടെന്ന് കരുതുന്നതിനാൽ ഫ്രാൻസിസ് പാപ്പാ "ഞാൻ അതിയായി ആശിച്ചു'' എന്ന പുതിയ അപ്പസ്തോലിക ലേഖനം പുറപ്പെടുവിച്ചു. അതിനാൽ ഈ ലേഖനം ഒരു പുതിയ പ്രബോധനമോ കൃത്യമായ ചട്ട

www.malankaralibrary.com

ങ്ങളുള്ള ഒരു നിർദ്ദേശക രേഖയോ അല്ല; മറിച്ച്, ഇത് ആരാധനക്രമാചരണങ്ങളുടെ സൗന്ദര്യത്തിന്റെ ധ്യാനവും സുവിശേഷവൽക്കരണത്തിൽ അതിനുള്ള സ്ഥാനവും കണ്ടെത്തുന്ന ഒന്നാണ്.

## മുഖ്യവിഷയങ്ങൾ ആരാധനക്രമം: രക്ഷാകര ചരിത്രം "ഇന്ന്"

അന്ത്യത്താഴത്തിൽ ലഭിച്ച സ്ഥാനം ഒരാൾപോലും അതു നേടിയെടുത്തതായിരുന്നില്ല. എല്ലാവരും ക്ഷണിതാക്കളായിരുന്നു എന്നു പറഞ്ഞാണ് ഫ്രാൻസിസ് പാപ്പ ഈ ലേഖനം ആരംഭിക്കുന്നത്. ഇന്നും അതുതന്നെയാണ് സംഭവിക്കുന്നത്. 'യഥാർഥത്തിൽ ഓരോ പ്രാവശ്യവും നാം ദിവ്യപൂജയ്ക്കായി പോകുമ്പോൾ അതിന്റെ ആദ്യകാരണം അവിടത്തെ ആഗ്രഹത്താൽ നാം അതിനായി ആകർഷിതരാകുന്നു എന്നതാണ്. നമ്മുടെ ഭാഗത്തുനിന്നു സാധ്യമാകുന്ന പ്രത്യുത്തരം അവിടത്തെ സ്നേഹത്തിന്റെ മുമ്പിൽ



കീഴടങ്ങുക എന്നതത്രെ'. യഥാർഥത്തിൽ, 'കുഞ്ഞാടിന്റെ വിരുന്നിനു എല്ലാവരും ക്ഷണിക്കപ്പെട്ടിരിക്കുന്നു (വെളി 19:9) എന്നത് ലോകത്തിനു ഇനിയും അറിഞ്ഞുകൂടാ. തിരുനാളാഘോഷത്തിലേക്കു പ്രവേശിക്കാൻ വേണ്ടത് വിശ്വാസത്തിന്റേതായ വിവാഹവസ്ത്രമാണ്; വചനത്തിന്റെ ശ്രവണം വഴിയാണ് അത് കരഗതമാകുന്നത് (റോമാ 10:17 കാണുക). കുഞ്ഞാടിന്റെ രക്തത്തിൽ കഴുകി വെളുപ്പിച്ച വസ്ത്രം (വെളി 7:14) ഓരോരുത്തർക്കം ചേർന്നവിധം സഭ തുന്നിയൊരുക്കുന്നു. അത്താഴത്തിനുള്ള ക്ഷണം എല്ലാവരുടെയും കരങ്ങളിൽ എത്തിച്ചേർന്നിട്ടില്ലെന്ന് അറിഞ്ഞുകൊണ്ട്, അല്ലെങ്കിൽ അത് മറന്നുപോയിട്ടുണ്ടെന്നറിഞ്ഞുകൊണ്ട്, അല്ലെങ്കിൽ മനുഷ്യജീവിതത്തിന്റെ വ്യഗ്രതകളിലെ മാറ്റിമറിച്ചിലുകൾ വഴിയായി അത് നഷ്ടപ്പെട്ടുപോയി എന്നറിഞ്ഞുകൊണ്ട്, നമുക്കു ഒരു നിമിഷം പോലും വിശ്രമിക്കാൻ സമയമില്ല'. ഇങ്ങനെയാണ് പ്രേഷിത പ്രവർത്തനത്തിന്റെ അനിവാര്യതയെ പാപ്പാ ചൂണ്ടിക്കാണിക്കുന്നത്.

## ക്രിസ്തുവിനെ കണ്ടുമുട്ടുന്ന വേദിയാണ് ആരാധനക്രമം

ജീവിക്കുന്ന ക്രിസ്തുവിനെ കണ്ടുമുട്ടുക എന്നതാണ് ആരാധ

www.malankaralibrary.com

നക്രമത്തിന്റെ സൗന്ദര്യം. എല്ലാ കൂദാശകളിലും ക്രിസ്തുവിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും ശക്തി നാം അനുഭവിക്കുന്നു. സഭ ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂദാശയാണ്. 'മരണത്തിന്റെ ഉറക്കം ക്രിസ്തു കുരിശിൽ ഉറങ്ങിയപ്പോഴാണ് അവിടത്തെ പാർശ്വത്തിൽനിന്ന് 'സമ്പൂർണ സഭയെന്ന അദ്ഭുതകരമായ കൂദാശ' ഉദയം ചെയ്തത്'. പുത്രന്റെ അനുസരണമാണ് സമ്പൂർണവും പിതാവിനു സംപ്രീതവുമായ ആരാധനയുടേതായ ഒരേയൊരു പ്രവൃത്തി. "പുത്രനിൽ പുത്രരാകുക"–എന്നതിലൂടെയാണ് അവിടത്തെ ബലിയിൽ പങ്കുചേരാനുള്ള നമ്മുടെ സാധ്യത തെളിയുന്നത്.

## ആരാധനക്രമത്തിന്റെ ദൈവശാസ്ത്രപരമായ അർഥം

ആരാധനക്രമത്തിന്റെ ദൈവശാസ്ത്രപരമായ അർഥവും സഭയുടെ ജീവിതത്തിൽ അതിനുള്ള പ്രാധാന്യവും വീണ്ടും കണ്ടെത്തിയത് രണ്ടാം വത്തിക്കാൻ കൗൺസിലും അതിനു മുന്നോടിയായി വന്ന ആരാധനക്രമപ്രസ്ഥാനവും (*liturgical movement*) ആയിരുന്നു എന്ന് പാപ്പാ പഠിപ്പിക്കുന്നു. ആരാധനക്രമത്തിന്റെ പരിഷ്കരണത്തിൽ "ആരാധനക്രമം" (*Sacro*



*sanctum Concilium*) എന്ന പ്രമാണരേഖയിൽ പറഞ്ഞുവച്ചിട്ടുള്ള പൊതുതത്ത്വങ്ങൾ അന്നും ഇന്നും നിർണായകങ്ങളാണ്. ക്രൈസ്തവ രൂപവൽകരണത്തിന് അനുയുക്തമായ ദൈവശാസ്ത്ര ഉള്ളടക്കം ആരാധനക്രമത്തിന് ഉണ്ട്. നമ്മുടെ താൽപര്യങ്ങൾ അനുസരിച്ച് ഓരോരോ പ്രത്യയ ശാസ്ത്രപരമായ കാഴ്ചപ്പാടുകൾ ആരാധനക്രമത്തിനുമേൽ കെട്ടിവയ്ക്കാൻ പാടില്ല. പെസഹാരഹസ്യം എന്ന വസ്തുനിഷ്ഠമായ യാഥാർഥ്യത്തെ അഭിമുഖീകരിക്കുന്ന ആരാധനക്രമത്തിലുള്ള ദൈവത്തിന്റെ സ്വയാവിഷ്കാരത്തോടു ചേർന്നുപോകുന്നതായിരിക്കണം നമ്മുടെ കാഴ്ചപ്പാടുകൾ.

www.malankaralibrary.com

### ആധ്യാത്മിക ലൗകായികതമെന്ന വീക്ഷണത്തിനുള്ള പ്രതിവിധിയാണ് ആരാധനക്രമം

രണ്ട് ചിന്തകളാണ് നമ്മെ ആദ്ധ്യാത്മിക ലൗകായികതത്തിലേക്ക് നയിക്കുന്നത്: ജ്ഞാനവാദവും നവ-പെലാജിയൻ വാദവും. ജ്ഞാനവാദം നമ്മെ കർത്തൃനിഷ്ഠയുടെ വീക്ഷണത്താൽ മത്തുപിടിപ്പിക്കുന്നു. എന്നാൽ, ആരാധനാചരണം നമ്മിലേക്കുതന്നെ തിരിയുന്ന തരത്തിലുള്ള തടവറയിൽ നിന്നു നമ്മെ മോചിപ്പിക്കുന്നു. അത് ഒരു വ്യക്തിയുടെ സ്വന്തമല്ല; പ്രത്യുത, അത് ക്രിസ്തു-സഭയുടേതാണ്; അതായത്, ക്രിസ്തുവിൽ ഒന്നായിത്തീർന്ന മുഴുവൻ വിശ്വാസികളുടേത്. ആരാധനക്രമത്തിൽ "ഞാൻ" എന്നു പറയാറില്ല; മറിച്ച്, "ഞങ്ങൾ" എന്നാണു പറയുന്നത്. നമ്മുടെ സ്വന്തം പ്രയത്നത്താൽ നമുക്കു രക്ഷ സ്വന്തമാക്കാനാകുമെന്ന ചിന്ത നവ-പെലാജിയനിസം ഉയർത്തുമ്പോൾ ആരാധനാചരണം നമ്മെ ശുദ്ധിവരുത്തുന്നു; വിശ്വാസംവഴി നമുക്കു ലഭിക്കുന്ന രക്ഷ അത് ഉദാരദാനമായി പ്രഘോഷിക്കുന്നു. പാപം ഏറ്റുപറയാനായി നമ്മെ ക്ഷണിക്കുന്ന ഓരോ ആരാധനക്രമാചരണവും ആരംഭത്തിൽത്തന്നെ നാം ആരാണെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു.

### ക്രൈസ്തവ ആരാധനാചരണത്തിന്റെ സത്യത്തിന്റെ സൗന്ദര്യം നിത്യേന കണ്ടെത്തുന്നത്

ആരാധനക്രമം എന്നത് ക്രിസ്തുവിന്റെ പൗരോഹിത്യമാണ്; അത് നമുക്കു വെളിപ്പെടുത്തപ്പെടുന്നതും അവിടത്തെ പെസഹാരഹസ്യം വഴി നല്കപ്പെടുന്നതുമാണ്; അത് സന്നിഹിതമാക്കപ്പെടുന്നതും സജീവമാക്കപ്പെടുന്നതും ഇന്ദ്രിയ സംബന്ധമായ അടയാളങ്ങളിലൂടെയാണ്. അതിനാൽ, ആരാധനക്രമത്തിൽ ഓരോ വശവും ശ്രദ്ധിക്കപ്പെടുകയും (സ്ഥലം, കാലം, ആംഗ്യങ്ങൾ, വസ്തുക്കൾ, തിരുവസ്ത്രങ്ങൾ, ഗീതം, സംഗീതം എന്നിവ) ഓരോ നിർദേശവും പാലിക്കപ്പെടുകയും വേണം. അതായത്, സഭ നിർദേശിച്ചിട്ടുള്ള ക്രമങ്ങൾ പ്രകാരം പെസഹാരഹസ്യം ആചരിക്കപ്പെടേണ്ടതാണ്.

### പെസഹാരഹസ്യത്തിന്റെ മുമ്പിലുള്ള അദ്ഭുതപാരവശ്യം: ആരാധനക്രമപരമായ പ്രവൃത്തിയുടെ അനിവാര്യഭാഗം

പെസഹാരഹസ്യത്തെപ്പറ്റിയുള്ള അദ്ഭുതപാരവശ്യത്തെക്കുറിച്ച് പറയുമ്പോൾ അവ്യക്തത

www.malankaralibrary.com

നിറഞ്ഞ ഒരു "രഹസ്യത്തെക്കുറിച്ചുള്ള അവബോധം" എന്നല്ല അർത്ഥമാക്കുന്നത്. മറിച്ച്, യേശുവിന്റെ പെസഹാ പ്രവൃത്തിയിലൂടെ ദൈവത്തിന്റെ രക്ഷാകര പദ്ധതി വെളിപ്പെടുത്തപ്പെട്ടെന്നും പ്രസ്തുത പെസഹാപ്രവൃത്തി, കൗദാശിക രഹസ്യങ്ങളുടെ ആഘോഷംവഴി നമ്മിലേക്കു തുടർന്നും എത്തുന്നു എന്ന യാഥാർഥ്യത്തിന്റെ മുമ്പിലുള്ള വിസ്മയമാണ്. ഓരോ ആചരണത്തിലും കരകവിഞ്ഞൊഴുകുന്ന കൃപയുടെ സാഗരമാണുള്ളത്. ആദാനത്തിന്റെ സൗന്ദര്യത്തിന്റെ ആകർഷണത്തിൽനിന്ന് നമുക്ക് മാറി നില്ക്കാനാകില്ല. സൗന്ദര്യം, സത്യത്തെപ്പോലെ, എപ്പോഴും വിസ്മയം ജനിപ്പിക്കുന്നു; അവ ദൈവത്തിന്റെ രഹസ്യത്തോട് ചേർത്തുവയ്ക്കുമ്പോൾ, ആരാധനയിലേക്കു നയിക്കുന്നു..

## ഗൗരവമുള്ളതും സജീവവുമായ ഒരു ആരാധനക്രമപരമായ രൂപവൽകരണത്തിന്റെ ആവശ്യകത

ആകയാൽ ആരാധനക്രമപരമായ പ്രവൃത്തി സമ്പൂർണമായി ജീവിക്കുന്നതിനുള്ള കഴിവ് എങ്ങനെ സാധ്യമാകും എന്നതാണ് അടിസ്ഥാനപരമായ ചോദ്യം. കൗൺസിലിന്റെ നവീകരണത്തിന്റെ ലക്ഷ്യംതന്നെ ഇതായിരുന്നു. ആധുനികലോകത്തിന്റെ യാഥാർഥ്യങ്ങളോടു ബന്ധപ്പെടാനാണ് കൗൺസിലിൽ ഒരുമിച്ചുകൂടിയ സഭ താത്പര്യപ്പെട്ടത്. താൻ സ്വയം ജനതകളുടെ പ്രകാശമായ (*Lumen Gentium*) ക്രിസ്തുവിന്റെ കൂദാശയാണെന്ന അവബോധത്തോടും, ദൈവവചനത്തിന്റെ (*Dei Verbum*) ഭക്തിപൂർവകമായ ശ്രവണത്തിലായിരുന്നുകൊണ്ടും ഈ കാലഘട്ടത്തിലെ ജനത്തിന്റെ സന്തോഷവും പ്രത്യാശകളും (*Gaudium et spes*) തന്റേതുകൂടിയാണെന്നു മനസ്സിലാക്കിക്കൊണ്ടുമാണ് സഭ അപ്രകാരം ചെയ്തത്. കൗൺസിലിന്റെ പ്രധാനപ്പെട്ട കോൺസ്റ്റിറ്റ്യൂഷനുകൾ ഒന്ന് മറ്റൊന്നിൽ നിന്നു വേർതിരിച്ചു നിറുത്താവുന്നതല്ല. ഒരു എക്യുമെനിക്കൽ കൗൺസിലിന്റെ ബൃഹത്തായ ഈ ഒരൊറ്റ മനനക്രമം ആരാധനക്രമത്തെക്കുറിച്ചുള്ള വിചിന്തനത്തിലാരംഭിച്ചു (*Sacro sanctum Concilium*) എന്നത് അവിചാരിതമായി സംഭവിച്ചതല്ല. കാരണം, വിശുദ്ധ പോൾ ആറാമൻ പാപ്പാ പറയുന്നതുപോലെ, 'ദൈവത്തിനു പ്രഥമസ്ഥാനം ഉണ്ടാകണം; അവിടത്തോടുള്ള പ്രാർഥനയാണ് നമ്മുടെ പ്രഥമ

www.malankaralibrary.com

കടമ.' ദൈവികകൂട്ടായ്മയുടെ ആദ്യ സ്രോതസ്സ് ആരാധനക്രമമാണ്; അതിൽ ദൈവം തന്റെ ജീവൻ നമ്മോടൊത്തു പങ്കുവയ്ക്കുന്നു. ആധ്യാത്മിക ജീവിതത്തിന്റെ ആദ്യ പാഠശാലയും അതാണ്. ക്രിസ്തുവുമായുള്ള കണ്ടുമുട്ടലിന്റെ കൃപയാലാണ് ഒരു മനുഷ്യവ്യക്തി പൂർണമായും മാനുഷിക ഭാവമുള്ള ആളായി മാറുന്നത്. മാത്രമല്ല, സുവിശേഷവൽകരണം നടക്കാത്ത ഒരാചരണവും ആധികാരികമല്ല; അതുപോലെതന്നെ, ഉപവിയുടെ സാക്ഷ്യമില്ലാത്ത ആരാധന, മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന കൈത്താളമോ പോലെ ആയിത്തീരും (1 കോറി 13:1).

ആരാധനക്രമപരമായ രൂപവൽകരണത്തിന്റെ ഭാഗമണ് പ്രതീകങ്ങളെ വായിച്ചെടുക്കാനുള്ള കഴിവ് ആർജിക്കുക എന്നത്. റൊമാനോ ഗ്വാർദീനി എഴുതുന്നു: 'ആരാധനക്രമപരമായ രൂപപ്പെടലിന്റെ ആദ്യദൗത്യം ഇതിൽ അടങ്ങിയിരിക്കുന്നു: മനുഷ്യൻ ഒരിക്കൽക്കൂടി പ്രതീകങ്ങളുമായി പ്രവർത്തിക്കാൻ തയ്യാറാകണം. 'ഇത് എല്ലാവരുടെയും, അതായത്, അഭിഷിക്തരായ ശുശ്രൂഷകരുടെയും വിശ്വാസികളുടെയും, ഒന്നുപോലുള്ള ഉത്തരവാദിത്വമാണ്. നമ്മുടെ ശരീരംതന്നെ ഒരു പ്രതീകമാണ്; അത് നമ്മുടെ ആത്മാവും ശരീരവും തമ്മിലുള്ള ദൃഢബദ്ധമായ ഐക്യത്തിന്റെ അടയാളമാണ്. കൂദാശകൾ രക്ഷയുടെ ഉപകരണങ്ങളും ആത്മാവിന്റെ ഉപാധികളും കൃപയുടെ നീർച്ചാലുകളുമാണ്.

## ആചരണകല

ആചരണകല (*ars celebrandi*) എന്നത് നിർദേശങ്ങളുടെ യാന്ത്രികതയിൽ (rubrical mechanism) ഒതുക്കാവുന്ന ഒന്നല്ല; അതിനെ ഒരു നിയമവുമില്ലാത്ത ചിലപ്പോൾ തികച്ചും അനിയന്ത്രിതമായിപ്പോകുന്ന, ഭാവനാസമ്പന്നമായ ക്രിയാത്മകതയായും കരുതാവുന്നതല്ല. ആചരണകല പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയോട് യോജിച്ചു പോകുന്നതാകണം. അപ്പോൾ മാത്രമേ വ്യക്തിഗത അഭിരുചികൾ പ്രബലപ്പെട്ടതിന്റെ



www.malankaralibrary.com

ഫലമായുണ്ടാകുന്ന കർത്തൃ നിഷ്ഠകളിൽനിന്ന് ആചരണം മുക്തമാകുകയുള്ളൂ.

ആരാധനയിൽ എല്ലാവരും ഒരേ പ്രവൃത്തി ചെയ്യുകയും എല്ലാവരും ഒരുമിച്ച് ഒരേസ്വരത്തിൽ പറയു കയും ചെയ്യുന്നത് ഓരോ വ്യക്തിക്കും സമൂഹം മുഴുവന്റെയും ശക്തി പകർന്നുനല്കുന്നു. ഈ ഐകരൂപ്യം വ്യക്തിയെ ഇല്ലാതാ ക്കുന്ന ഒന്നല്ല, മറിച്ച് അത് ഓരോ വിശ്വാസിയെയും തന്റെ വ്യക്തി ത്വത്തിന്റെ ആധികാരികമായ അനന്യത കണ്ടെത്താൻ പഠിപ്പി ക്കുന്നു; അതും കേവലം വ്യക്തി കളെന്ന നിലയിലല്ല, പ്രത്യുത ഒരേ ശരീരത്തിൽ ഒന്നായിത്തീർന്നിരി ക്കുന്നു എന്ന അവബോധ ത്തിന്റെ അടിസ്ഥാനത്തിലാണ്.

ആചരണകല എല്ലാവരും അഭ്യ സിക്കേണ്ടതാണ്. അതായത്, ആരാധനയിൽ അധ്യക്ഷസ്ഥാനം വഹിക്കുന്ന പുരോഹിതനും അതോടൊപ്പം ജനവും സഭാ ഗാത്രം മുഴുവനുമാണ് ആരാധനാ ചരണം നടത്തുന്നത്, ഓരോരു ത്തരും അവരവരുടെ അന്തസ്സ് അനുസരിച്ച്; ആരും കേവലം കാഴ്ചക്കാരല്ല. പുരോഹിതൻ തനിക്ക് കിട്ടിയ തത്ത്വശാസ്ത്ര -ദൈവശാസ്ത്രരൂപവത്കര ണത്തിന്റെയും ആരാധനക്രമത്തി ലുള്ള തന്റെ അനുഭവത്തിന്റെയും അടിസ്ഥാനത്തിൽ ജനത്തെ യേശു വുമായുള്ള കണ്ടുമുട്ടലിലേക്ക് നയിക്കുന്നു.

ഓരോ വ്യക്തിയോടും കൂട്ടായ്മ യിൽ ആയിരിക്കുക എന്ന നാഥന്റെ ആഗ്രഹത്താൽ കീഴടക്കപ്പെട്ടതാ യിരിക്കണം പുരോഹിതന്റെ തന്നെ ഭാവം. സ്നേഹത്താൽ ജ്വലിക്കുന്ന യേശുവിന്റെ ഹൃദയത്തിന്റെയും കർത്താവിന്റെ സ്നേഹത്തിന്റെ പാത്രമായിരിക്കുന്ന ഓരോ വിശ്വാ സിയുടെയും ഹൃദയത്തിന്റെയും മധ്യേ സ്ഥാപിച്ചവനെപ്പോലെയാ കണം പുരോഹിതൻ. ദിവ്യപൂജ യിൽ അധ്യക്ഷപദം അലങ്കരി ക്കുക എന്നു പറഞ്ഞാൽ, ദൈവ സ്നേഹത്തിന്റെ തീച്ചൂളയിൽ നിമ ഗ്നനാകുക എന്നത്രെ.

## സംഗ്രഹഭാവത്തിൽ

അവസാനമായി, ഈ ലേഖന ത്തിന് ലക്ഷ്യം എന്താണെന്ന് പാപ്പാ വീണ്ടും പറയുന്നു. ഈ കത്ത് വഴിയായി ക്രൈസ്തവ ആരാധനയുടെ മനോഹാരിതയെ ക്കുറിച്ചുള്ള നമ്മുടെ വിസ്മയം പുനർജനിപ്പിക്കാനും അതുവഴി യായി ആധികാരികമായ ആരാധ

www.malankaralibrary.com

നക്രമപരമായ രൂപവൽകരണത്തിന്റെ ആവശ്യകതയെക്കുറിച്ച് നമ്മെ അനുസ്മരിപ്പിക്കാനും പാപ്പാ ആഗ്രഹിക്കുന്നു. എന്നുമാത്രമല്ല, പെസഹാ രഹസ്യത്തിന്റെ സത്യം പ്രകാശിതമാകാൻ അതിന്റെ ആചരണത്തിന്റെ കല അഭ്യസിക്കുന്നതിലുള്ള പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കാനും ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ ആളും അവന്റെയോ അവളുടെയോ ദൈവവിളി അനുസരിച്ച് അതിൽ പങ്കുചേരേണ്ടതിനെക്കുറിച്ച് അനുസ്മരിപ്പിക്കാനും പാപ്പാ ആഗ്രഹിക്കുന്നു. കാരണം, പെസഹാരഹസ്യം നമുക്കു നല്കപ്പെട്ടിരിക്കുന്നു. തന്റെ പെസഹാ നമ്മോടൊത്തു ഭക്ഷിക്കണമെന്ന കർത്താവിന്റെ നിരന്തരമായ ആഗ്രഹത്തിൽ നമുക്കു നമ്മെത്തന്നെ നിലനിറുത്തേണ്ടതായുണ്ട്.

## ഉപസംഹാരം

ഫ്രാൻസിസ് പാപ്പ സഭ മുഴുവനെയും, ജനത്തെയും അവരുടെ ശുശ്രൂഷകരെയും, ആരാധനക്രമത്തിന്റെ യാഥാർഥ്യത്തിലേക്ക് പ്രവേശിപ്പിക്കാനുള്ള ഒരു ക്ഷണമാണ് ഈ അപ്പസ്തോലിക ലേഖനത്തിലൂടെ നല്കുന്നത്. കഴിഞ്ഞ നൂറ്റാണ്ടിൽ ആരംഭിച്ച, ഏറെ പ്രത്യേകിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിനെ തുടർന്നുവന്ന, ആരാധനക്രമപരിഷ്കരണം ഇനിയും പൂർത്തിയായിട്ടില്ല. ഈ പശ്ചാത്തലത്തിലാണ് ഈ ലേഖനം പ്രസക്തമാകുന്നത്. പരിശുദ്ധ പിതാവിന്റെ പ്രതിപാദ്യം 'ആഗ്രഹത്തിൽ' ആരംഭിക്കുന്നു. അത് നമ്മുടെ ആഗ്രഹത്തിലല്ല യേശുവിന്റെ ആഗ്രഹത്തിൽ നിന്നാരംഭിക്കുന്നു. അതാണ് ഇതിന്റെ സവിശേഷത. യഥാർത്ഥത്തിൽ പ്രാർത്ഥന ആരംഭിക്കുന്നത് നമുക്ക് ദൈവത്തിനായുള്ള ദാഹത്താലല്ല, പ്രത്യുത ദൈവത്തിന് നമുക്കായുള്ള ദാഹത്താലാണ്. ആരാധനയിൽ നമുക്ക് നല്കപ്പെടുന്നത് ദൈവാത്മാവിനെയാണ്. ആത്മാവ് നല്കപ്പെടുന്നതിന്റെ ഉദ്ദേശ്യം ക്രിസ്തുവിന്റെ ശരീരം രൂപപ്പെടുത്തുക എന്നതാണ്. അതു ദിവ്യകാരുണ്യ അപ്പം സംബന്ധിച്ചും ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ ആളിനെയും സംബന്ധിച്ചുമാണ്.

തന്റെ പൊതുപ്രവർത്തന കാലത്ത് ക്രിസ്തുവുമായി അനുരൂപപ്പെട്ട പലരുടെയും ചിത്രങ്ങൾ പാപ്പാ ചൂണ്ടിക്കാണിക്കുമ്പോൾ ത്തന്നെ (ഉദാഹരണത്തിന്, നിക്കദേമൂസ്, യാക്കോബിന്റെ കിണററിനരികിലെ സ്ത്രീ, കഫർണാമിലെ

www.malankaralibrary.com

പിശാച്ബാധിതൻ, പത്രോസിന്റെ ഭവനത്തിലെ തളർവാതരോഗി തുടങ്ങിയവർ), കേന്ദ്രീയഭാവം പെസഹാരഹസ്യത്തിനുതന്നെയാണ്. പെസഹാരഹസ്യത്തെ മുൻനിറുത്തിവേണം ആരാധനക്രമ സംബന്ധമായ രൂപവൽക്കരണം നടക്കേണ്ടത്. പെസഹാരഹസ്യത്തിന്റെ മർമ്മം ആയ ദിവ്യകാരുണ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ 'മുറിക്കപ്പെട്ട അപ്പം' എന്ന് പാപ്പാ പലവട്ടം പറയുന്നു. ഈ പ്രയോഗം വളരെ പ്രധാനപ്പെട്ടതാണ്, കാരണം അത് ദിവ്യകാരുണ്യത്തിന്റെ അനിവാര്യമായ സാമൂഹ്യഭാവം അവതരിപ്പിക്കുന്നു: 'മുറിക്കപ്പെടുന്ന അപ്പം പങ്കുവയ്ക്കപ്പെടുന്ന അപ്പമാണ്.' പങ്കുവയ്ക്കുമ്പോഴാണ് ദിവ്യകാരുണ്യം അതിന്റെ പൂർണ്ണ അർത്ഥം പ്രാപിക്കുന്നത്. അതുകൊണ്ടാണ് പാപ്പാ വളരെ സന്തോഷപൂർവ്വം പ്രഖ്യാപിക്കുന്നത്, 'ഞായറാഴ്ച മുതൽ ഞായറാഴ്ചവരെ മുറിക്കപ്പെട്ട അപ്പത്തിന്റെ ശക്തി സുവിശേഷം പ്രഘോഷിക്കുന്നതിൽ നമ്മെ നിലനിറുത്തുന്നു.

'ഞാൻ അതിയായി ആശിച്ചു' ഒരു ഉണർത്തുപാട്ടാണ്. ആരാധനക്രമത്തിനുവേണ്ടിയും ആരാധനക്രമത്താലും രൂപവത്കരിക്കപ്പെടുന്നതിനെകുറിച്ച് പാപ്പാ സംസാരിക്കുന്നു. ആരാധനക്രമത്തെക്കുറിച്ച് ശരിയായ അറിവ് നേടേണ്ടതുണ്ട്; ആരാധനക്രമത്തിനുവേണ്ടി ഒരുങ്ങണം. അതേ സമയം, ആരാധനക്രമത്താൽത്തന്നെ നാം രൂപവത്കരിക്കപ്പെടേണ്ടതുണ്ട്. ഓരോരുത്തരും അവരവരുടെ ദൈവവിളി അനുസരിച്ച് ആരാധനക്രമാചരണത്തിൽ പങ്കുചേരുന്നതുവഴിയായി രൂപവൽകരിക്കപ്പെടുന്നതാണ് ഈ രണ്ടാം പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നത്. ഇവിടെയാണ് ആരാണ് ആരാധനക്രമം നടത്തുന്നത് എന്ന ചോദ്യം ഉയരുന്നത്. പാപ്പായുടെ ഉത്തരം ഇപ്രകാരം, 'ആരാധനയിൽ എപ്പോഴും കാർമികനായി പ്രവർത്തിക്കുന്ന ഏക കർത്താവ് എന്നത് ക്രിസ്തു-സഭയാണ്. അതായത്, ക്രിസ്തുവിന്റെ മൗതികശരീരം'. അത് നമ്മിൽ എല്ലാവരിലുമുള്ള ക്രിസ്തുവിന്റെ പ്രവർത്തനമാണ്.

*

**താളുകളിലൂടെ...**

www.malankaralibrary.com

# നിഷ്കളങ്ക രക്തം
## സമാധാനത്തിനു വഴി തുറക്കുമോ?





ഫാ. വർഗീസ് വള്ളിക്കാട്ട്

നിഷ്കളങ്കരുടെ രക്തമാണ് ലോകത്തിന്റെ യുദ്ധം നടത്തുന്ന ഘടകങ്ങളെ ഐക്യപ്പെടുത്തുന്നതെങ്കിൽ, 2023 ഒക്ടോബർ 7 ന് ഇസ്രയേലിൽ അരങ്ങേറിയതും തുടർന്നു പലസ്തീൻ പ്രദേശമായ ഗസ്സയിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നതുമായ അരുംകൊലകൾക്ക്, ലോകത്തിൽ യുദ്ധവെറി വെടിഞ്ഞ് മനുഷ്യ സമൂഹങ്ങൾ തമ്മിൽ ഐക്യമുണ്ടാക്കാൻ കഴിയുമോ?

യു.എൻ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര സംവിധാനങ്ങളുടെ വ്യക്തവും കൃത്യവുമായ നിലപാടില്ലായ്മയുടെ ഫലമാണ്, ഗസ്സയിലെ കുട്ടികളുടെയും സിവിലിയന്മാരുടെയും സഹനത്തിനു പരിഹാരം കാണാൻ കഴിയാത്ത അവസ്ഥയുണ്ടാക്കിയത് എന്നുപറഞ്ഞാൽ, അതിൽ തെറ്റു പറയാൻ കഴിയുമോ? 'പലസ്തീൻ പ്രശ്നം' എന്ന സങ്കീർണ്ണതയുടെ കാണാപ്പുറങ്ങളിൽ മറഞ്ഞിരിക്കുന്ന ഇസ്ലാമിസ്റ്റ് ഭീകരതയുടെ ആഴവും പരപ്പുമറിയാതെയും, അതിനു പിന്നിൽ ഒളിച്ചുവച്ചിരിക്കുന്ന ആഗോള അജ

www.malankaralibrary.com

ണ്ടയുടെ ആപത്കരമായ നീക്ക ങ്ങൾ കാണാതെയും, യു.എൻ ഉൾപ്പെടെയുള്ള പ്രസ്ഥാനങ്ങളും ലോകരാജ്യങ്ങളും, ഇസ്ലാമിക ലോകത്തിന്റെ സമ്മർദ്ദങ്ങൾക്കും പ്രചാരണ വൈദഗ്ദ്ധ്യത്തിനും ആക്ഷേപങ്ങൾക്കും മുമ്പിൽ മുട്ടു മടക്കുന്നതിന്റെ അനന്തര ഫലം, മറ്റാരേക്കാൾ പലസ്തീൻ ജനത അനുഭവിക്കുകയാണ്! അതിന് ഉത്തരവാദി ഇസ്രായേൽ മാത്ര മാണ് എന്നാണ് ആഗോളത ലത്തിൽ പ്രചരിപ്പിക്കപ്പെടുന്നതെ ങ്കിലും, വാസ്തവമെന്താണ്?

### ഉത്തരവാദിത്തം ഇസ്രായേലിനു മാത്രമോ?

ഇസ്രായേൽ ഒറ്റപ്പെടുന്നു, ഇസ്രായേലിനെ അമേരിക്കയും യൂറോപ്യൻ യൂണിയനും കൈ വിടുന്നു, ഇസ്രായേൽ വൻസാമ്പ ത്തികത്തകർച്ചയിലേക്കു കൂപ്പു കുത്തുന്നു തുടങ്ങി യുദ്ധത്തിന്റെ ഭാരവും കുറ്റവും ഉത്തരവാദി ത്തവും ഇസ്രായേലിനു മാത്ര മാണ് എന്നു വരുത്തിത്തീർക്കുന്ന പ്രചാരണങ്ങളാണ് ഇപ്പോൾ നട ക്കുന്നത്! അറബ് ലോകം ഇസ്രാ യേലിനെ സംയുക്തമായി നേരിടും എന്ന പ്രചാരണവും ശക്തമാണ്.

ഇവിടെ ഒരു കാര്യം ശ്രദ്ധി ക്കാതെ പോകരുത്: അഫ്ഗാനി സ്ഥാനിൽനിന്ന് യു.എസ് ഏക പക്ഷീയമായി പിൻവാങ്ങിയ പ്പോൾ, ഇസ്ലാമിക തീവ്രവാദത്തെ എതിർക്കാനുള്ള ചുമതല അമേ രിക്ക ഏകപക്ഷീയമായി ഏറ്റെടു ക്കാൻ ഉദ്ദേശിക്കുന്നില്ല എന്ന വസ്തുത ലോകത്തിനു ബോധ്യ മായി! അമേരിക്കയുടെ ഈ നില പാടുമാറ്റം, അറബ് ലോകത്തുണ്ടാ ക്കിയ നടുക്കം ചെറുതായിരുന്നില്ല! ഇസ്ലാമിക ഭീകരതയും റാഡിക്ക ലിസവും ആഗോളതലത്തിൽ ഏറ്റവും ശക്തമായിരുന്ന 21 ആം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ വന്ന പാശ്ചാത്യലോകത്തിന്റെ പൊതുവായ ഈ നിലപാടുമാറ്റം, പൊളിറ്റിക്കൽ ഇസ്ലാമിന്റെ തീവ്ര രൂപങ്ങളെ നേരിടാനുള്ള ഉത്തര വാദിത്തം അറബ് – ഇസ്ലാമിക രാഷ്ട്ര ങ്ങളുടെ പരോക്ഷമായ ബാധ്യത യാക്കി മാറ്റുകയായിരുന്നു! തുടർന്നു നടന്ന രാഷ്ട്രീയ നീക്കങ്ങളാണ് അറബ് ലോകത്ത് 'അബ്രഹാം അക്കോർഡി'നു വഴിതുറന്നത്!

### അറബ് രാഷ്ട്രങ്ങളുടെ നിലപാടു മാറ്റം

ഇസ്ലാമിക ലോകവും അറബ് രാഷ്ട്രങ്ങളും ഹമാസിനെ തള്ളി പ്പറയുന്നില്ലെങ്കിലും, ഹമാസിന്റെ തീവ്ര ഇസ്ലാമിക നിലപാടുകളെയും ഭീകരപ്രവർത്തനശൈലിയെയും അവർ മുൻപത്തെപ്പോലെ പിന്തു

www.malankaralibrary.com

ണയ്ക്കുന്നില്ല എന്നു വ്യക്തമാണ്. പാശ്ചാത്യരാഷ്ട്രങ്ങളും മിക്ക ഏഷ്യൻ ആഫ്രിക്കൻ രാഷ്ട്രങ്ങളും പൊളിറ്റിക്കൽ ഇസ്ലാമിന്റെ ആഗോള ജിഹാദെന്ന രാഷ്ട്രീയ അജണ്ടയ്ക്കെതിരെ പ്രത്യക്ഷമായോ പരോക്ഷമായോ നിലപാടു കടുപ്പിച്ചു വരികയാണ്. അമേരിക്കയിൽ പ്രസിഡന്റ് ഡോണൽഡ് ട്രമ്പ് എടുത്ത നിലപാട്, ഇന്നു യൂറോപ്പിലെ മിക്കരാജ്യങ്ങളും സ്വീകരിച്ചു വരികയാണ്. ഏഷ്യയിൽ, ഇന്ത്യയും ഇൻഡോനേഷ്യയും പോലുള്ള രാജ്യങ്ങളും പലസ്തീൻ ജനതയെ പിന്തുണയ്ക്കുമ്പോൾ തന്നെ, ഹമാസിന്റെ ഭീകരപ്രവർത്തനത്തെയും നിലപാടുകളെയും തള്ളിക്കളഞ്ഞിരിക്കുകയാണ്!

*ഇവിടെ ഒരു കാര്യം ശ്രദ്ധിക്കണം:* അറബ് ഇസ്ലാമിക രാഷ്ട്രങ്ങളുടെ സംഘടിത ശക്തിക്കും സമ്മർദ്ദങ്ങൾക്കും മുൻപിൽ, ഹമാസ് - ഇസ്രായേൽ സംഘർഷത്തിനു പിന്നിലുള്ള നിയമപരവും ധാർമികവുമായ പ്രശ്നങ്ങളെ വിശകലനം ചെയ്തു വ്യക്തത വരുത്താനും, നിലവിലെ സംഘർഷത്തിന് അയവുവരുത്തുന്നതിനുള്ള പ്രായോഗിക നിർദേശങ്ങൾ മുന്നോട്ടുവയ്ക്കാനും, യു.എൻ സെക്രട്ടറി ജനറലിനെപോലെ പരിണത പ്രജ്ഞനായ ഒരാൾക്കു കഴിയാതെവന്നു എന്നു വിലയിരുത്തേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ഇവിടെയാണ് ഇസ്രയേലും പലസ്തീൻ ജനതയും ഒരുപോലെ നിസ്സഹായരാകുന്നതും!

ഒരു സ്വതന്ത്ര പരമാധികാര രാഷ്ട്രം എന്ന നിലയിൽ, ഇസ്രായേലിനു തങ്ങളുടെ രാജ്യത്തെയും ജനങ്ങളെയും സംരക്ഷിക്കുവാനുള്ള കടമയും ഉത്തരവാദിത്തവുമുണ്ട്. ഒക്ടോബർ 7-നുണ്ടായ നടുക്കുന്ന സംഭവങ്ങൾക്കു നേരെ കണ്ണടയ്ക്കാനോ അതിനെ നിസ്സാരവൽക്കരിക്കാനോ അവർക്കു സാധ്യമല്ല. ഇപ്പോഴും 130-ൽ ഏറെ നിരപരാധികളായ മനുഷ്യർ ഹമാസിന്റെ ഭീകര കേന്ദ്രങ്ങളിൽ കഴിയുകയാണ്! ബന്ദികളെ പരസ്യമായി കൊല്ലുമെന്നും അതു മാധ്യമങ്ങളിൽ ലൈവായി കാണിക്കുമെന്നും മറ്റുമുള്ള ഹമാസിന്റെ ഭീഷണികൾ ഇപ്പോഴും നിലനിൽക്കുകയാണ്! ലിബിയൻ തീരത്തു വച്ച് ഐ.എസ്.ഐ.എസ് നടത്തിയ കിരാതമായ നരഹത്യയുടെ ദൃശ്യങ്ങൾ മനുഷ്യമനഃസാക്ഷിയെ നടുക്കിയ നാളുകൾ മറക്കാറായിട്ടില്ല.

ഹമാസ്സും ഐ.എസ്.ഐഎസും തമ്മിലുള്ള വ്യത്യാസം പേരിൽ മാത്രമാണ് എന്ന് ഇസ്ലാമിക തീവ്രവാദത്തെ അറിയുന്ന എല്ലാ

www.malankaralibrary.com

വർക്കും അറിയാം. അങ്ങനെയുള്ള ഒരു സംഘടനയെ പരോക്ഷമായി ന്യായീകരിച്ചുകൊണ്ട്, 'ഹമാസ് ശൂന്യതയിൽ നിന്നും ഉണ്ടായതല്ല' എന്ന എത്രയും നിരുത്തരവാദപരമായ പ്രസ്താവന യു.എൻ സെക്രട്ടറി ജനറലിന്റെ നാവിൽനിന്ന് വന്നത്, 'ലോ ആൻഡ് ഓർഡർ' സംബന്ധിക്കുന്ന നിലവിലുള്ള ധാരണകളെ അപ്പാടെ അട്ടിമറിക്കുന്നതായി എന്ന് നാളുകൾ കഴിയുംതോറും വ്യക്തമായി വരികയാണ്! ഹമാസ് എന്ന ഭീകര സംഘടനയുടെ ഉത്തരവാദിത്തം ഇസ്രായേലിനുമേൽ കെട്ടിവയ്ക്കുന്നതായിരുന്നു ആ പ്രസ്താവന!

ലോകത്തെ വിറങ്ങലിപ്പിച്ച കോവിഡ് - 19 എന്ന മഹാമാരി, ശൂന്യതയിൽനിന്നുണ്ടായതാണോ? ആണെന്നും അല്ലെന്നും അഭിപ്രായങ്ങളുണ്ടായി. ചൈനയിലെ വുഹാനിലാണ് അത് ആദ്യമായി പ്രത്യക്ഷപ്പെട്ടതും ചൈനയാണ് അതിനെ ആദ്യമായി നേരിട്ടതും! കോവിഡ്-19 എന്ന വൈറസ്ജന്യ രോഗം ചൈനയുടെ ലാബിൽ നിന്നും അറിഞ്ഞോ അറിയാതെയോ പുറത്തുവന്നതാണെന്നും ചൈനയാണ് ഉത്തരവാദിയെന്നും പ്രസിഡന്റ് ട്രമ്പിനെപോലുള്ള ചിലർ പറഞ്ഞെങ്കിലും, ലോകം അതിനു പിന്നാലെപോയി ചൈനയോട് ഏറ്റുമുട്ടിയില്ല. പകരം കോവിഡ് മാരകരൂപം പൂണ്ടു പ്രത്യക്ഷമായ എല്ലാ ഇടങ്ങളിലുമുള്ള മനുഷ്യർ ശാസ്ത്രീയമായി അതിനെ നേരിടുകയാണ് ചെയ്തത്. അനേക ജീവൻ പൊലിഞ്ഞു എങ്കിലും, മാനവ സമൂഹം അതിനെ അതിജീവിച്ചു! അതിജീവിച്ചു കൊണ്ടിരിക്കുന്നു!

ഇതിനു സമാനമായി 1928-ൽ ഈജിപ്തിലെ അൽ അസ്ഹർ യൂണിവേഴ്സിറ്റിയിൽനിന്നും പ്രചോദനം ഉൾക്കൊണ്ട്, ഇസ്മായീലിയ എന്ന ഒരു ചെറുപട്ടണത്തിൽ ആവിർഭവിച്ച പൊളിറ്റിക്കൽ ഇസ്ലാമിന്റെ പ്രത്യയശാസ്ത്രം, ഒരു നൂറ്റാണ്ടിലെ അതിന്റെ വളർച്ചയിൽ, ആഗോള ജിഹാദും ഖാലീഫേറ്റു പുനഃസ്ഥാപനവും എന്ന ലക്ഷ്യത്തിലേക്ക് എത്തുന്നതിന്റെ പടിവാതിലിൽ നിൽക്കുമ്പോൾ, അതിനായുള്ള ശംഖനാദം മുഴക്കലാണ് 2023 ഒക്ടോബർ 7 ന് ഇസ്രയേലിന്റെ മണ്ണിൽ നടന്നത് എന്നു ചരിത്രം ശ്രദ്ധിക്കുന്നവർക്കറിയാം. ഓട്ടോമാൻ ഖാലിഫേറ്റ് നിർത്തലാക്കിയതിന്റെ നൂറാംവർഷം 2024 ൽ കടന്നുവരാനിരിക്കെയാണ്, ഹമാസ് അതിന്റെ പരമ്പരാഗത ശത്രുവെന്നു കരുതുന്ന ഇസ്രായേലിനുനേരെ, 'അല്ലാഹു അക്ബർ' വിളികളോടെ, ഇസ്ലാമിക യുദ്ധ

www.malankaralibrary.com

മുറകളിൽ മാത്രം കാണുന്ന രീതിയിൽ കിരാതമായ നരഹത്യ നടത്തിയതും, കൊള്ളമുതലായി 240 മനുഷ്യരെ ഉൾപ്പെടെ കടത്തിക്കൊണ്ടു പോയതും!

ഈ ആക്രമണം ഇസ്രയേലിന്റെ മണ്ണിൽ അരങ്ങേറി എന്നതു യാദൃച്ഛികം മാത്രമാണ്! ഇതു യൂറോപ്പിലോ അമേരിക്കയിലോ ആസ്ട്രേലിയയിലോ ആഫ്രിക്കയിലോ ഏഷ്യയിലോ എവിടെ വേണമെങ്കിലും ആകാമായിരുന്നു! കോവിഡ് മഹാമാരിപോലെ ലോകം മുഴുവൻ വ്യാപിക്കാമായിരുന്ന 'ആഗോള ജിഹാദി'ന്റെ നാന്ദിയാണ് ഹമാസ് തൊടുത്തുവിട്ടിരിക്കുന്നത്! ഇക്കാര്യം ഇസ്രായേൽ തുടക്കത്തിൽത്തന്നെ തിരിച്ചറിയുകയും ലോകരാജ്യങ്ങൾക്കു മുന്നറിയിപ്പു നല്കുകയും ചെയ്തു! യൂറോപ്യൻ യൂണിയനും അമേരിക്കയും മറ്റും അപകടം തിരിച്ചറിഞ്ഞു രംഗത്തു വരികയും, പൊളിറ്റിക്കൽ ഇസ്ലാമിന്റെ ഇന്നത്തെ പ്രഭവകേന്ദ്രങ്ങളും ആഗോളപ്രായോജകരുമായ ഇറാനും ടർക്കിക്കും, ഒപ്പമുള്ള അറബ് - ഇസ്ലാമിക സഖ്യരാഷ്ട്രങ്ങൾക്കും മുന്നറിയിപ്പു നൽകുകയും ചെയ്തുകൊണ്ട്, തൽക്കാലം യുദ്ധത്തെ പലസ്തീനിന്റെ മണ്ണിൽ ഒതുക്കി നിർത്തിയിരിക്കുകയാണ്!

## പ്രതിസന്ധി നേരിടുന്ന 'ഗ്ലോബൽ ജിഹാദ്'

'ഗ്ലോബൽ ജിഹാദ്' എന്ന ആശയംതന്നെ ഇന്നു കമ്യൂണിസത്തിനു സമാനമായ ആശയ പ്രതിസന്ധി നേരിടുകയാണ്! ഇവ രണ്ടും അപരവിദ്വേഷത്തിന്റെയും പ്രതിപക്ഷ നിർമാർജനത്തിന്റെയും പ്രത്യയശാസ്ത്രങ്ങളാണ്. ഇത്തരം ഒരു പശ്ചാത്തലത്തിൽ, പഴയ കമ്യൂണിസ്റ്റു രാഷ്ട്രമായ റഷ്യയും കമ്യൂണിസത്തിന്റെ നൂതന മുഖമായ ചൈനയും വടക്കൻ കൊറിയയും മുതൽ ഇന്ത്യയിലെ ഏക കമ്യൂണിസ്റ്റു തുരുത്തായ കേരളംവരെ, അടവുനയത്തിൽ ഊന്നിയുള്ള പിന്തുണയും സഹകരണവും പൊളിറ്റിക്കൽ ഇസ്ലാമിനു നൽകി വരുന്നുണ്ടെങ്കിലും, ഒരു വിപ്ലവ രാഷ്ട്രീയ പ്രത്യയശാസ്ത്രം എന്ന നിലയിലോ, മതരാഷ്ട്ര സിദ്ധാന്തം എന്ന നിലയിലോ ഗ്ലോബൽ ജിഹാദിസത്തിനു ഭാവിയുള്ളതായി ആരും കരുതുന്നില്ല. ഏഷ്യയിലെ



www.malankaralibrary.com

അറബ് - ഇസ്ലാമിക രാഷ്ട്രങ്ങളിൽപോലും 'ഇസ്ലാമിസം' അഥവാ പൊളിറ്റിക്കൽ ഇസ്ലാം എന്ന പ്രത്യയശാസ്ത്രം സ്വാഗതം ചെയ്യപ്പെടുന്നില്ല. യൂറോപ്പിലും അമേരിക്ക ഉൾപ്പെടെയുള്ള പാശ്ചാത്യരാജ്യങ്ങളിലും അതിനെതിരെയുള്ള രാഷ്ട്രീയ ജാഗ്രതയും നിയമപരമായ നിലപാടുകളും കൂടുതൽ കർക്കശമായി വരികയുമാണ്.

## നിഷ്കളങ്ക രക്തം അനുരഞ്ജനത്തിനു വഴിതുറക്കുമോ?

ഹമാസിനെതിരെയുള്ള യുദ്ധം മാസങ്ങൾതന്നെ നീണ്ടുനില്ക്കും എന്ന് ഇസ്രായേൽ പറയുമ്പോൾ, യു.എൻ ഉൾപ്പെടെ നിസ്സഹായരായി നിൽക്കുന്നതിനു പിന്നിൽ ഇത്തരം കാണാപ്പുറങ്ങളിലെ ചരടുവലികളും വടംവലികളുമുണ്ട് എന്നു വാർത്തകൾ ശ്രദ്ധിക്കുന്നവർക്കറിയാം! ഇവിടെയാണ് ആദ്യം ഉന്നയിച്ച ചോദ്യം പ്രസക്തമാകുന്നത്: നിഷ്കളങ്കരുടെ രക്തമാണ് ലോകത്തിന്റെ യുദ്ധം നടത്തുന്ന ഘടകങ്ങളെ ഐക്യപ്പെടുത്തുന്നതും അനുരഞ്ജിപ്പിക്കുന്നതുമെങ്കിൽ, ഒക്ടോബർ 7-നു തുടങ്ങിയ ഈ രക്തച്ചൊരിച്ചിൽ അവസാനിപ്പിക്കാൻ എന്തുതരം നടപടിയാണ് ഉണ്ടാകേണ്ടത്? ഹമാസിനെ ഉന്മൂലനം ചെയ്യുമെന്ന ഇസ്രായേലിന്റെ പ്രഖ്യാപനവും ഇസ്രായേലിനെ ഉന്മൂലനം ചെയ്യും എന്ന 1987-ലെ ഹമാസ് ചാർട്ടറിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രഖ്യാപനവും അന്ധമായി പിന്തുടരാനാണ് പലസ്തീൻ ജനതയുടെ പേരിൽ അറബ് - ഇസ്ലാമിക രാഷ്ട്രങ്ങളും അവർ പിന്തുണനൽകുന്ന ഹമാസും ഒപ്പം, ഇസ്രായേലും തയ്യാറാകുന്നതെങ്കിൽ, യുദ്ധം നീളുകയും നിഷ്കളങ്ക രക്തംപോലും അതിന്റെ ചരിത്രപരമായ കടമ നിർവഹിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്യും!

ദൈവം മനുഷ്യനിൽ വന്നു പിറന്നതിന്റെ ഓർമ്മയിൽ ലോകം ക്രിസ്തുമസ് ആചരിക്കുമ്പോൾ, സഹാസ്തിത്വമാണ് അസ്തിത്വത്തിന്റെ അടിസ്ഥാനമെന്ന തിരിച്ചറിവിലേക്കും, സഹവർത്തിത്വത്തിനും സഹകരണത്തിനും സഹോദര ഭാവത്തിനുമാണ് മനുഷ്യനെ മനുഷ്യനാക്കാൻ കഴിയുന്നത് എന്ന തിരിച്ചറിവിലേക്കും തിരിച്ചുവരാൻ ലോകത്തിനു കഴിയട്ടെ! പ്രത്യേകിച്ച്, ഉണ്ണിയേശു പിറന്ന മണ്ണിലെ സകല മനുഷ്യർക്കും സമാധാനമുണ്ടാകട്ടെ! ലോകം മുഴുവൻ സമാധാനം പുലരാൻ പ്രാർത്ഥിക്കുന്നു!

*

**താളുകളിലൂടെ...**

www.malankaralibrary.com

# സിനഡാത്മകത
## പ്രേഷിതദൗത്യത്തിന്റെ ചാലകശക്തി



സിസ്റ്റർ ഡോ. ആർദ്ര SIC

സഭയെ ദൈവത്തിൽ കേന്ദ്രീകരിക്കുകയും ഐക്യവും സാഹോദര്യവും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നവീകരണത്തിലൂടെ സഭയിൽ ഒരു നവവസന്തം സൃഷ്ടിക്കാമെന്ന പ്രത്യാശയിൽ പരി. ഫ്രാൻസിസ് മാർപ്പാപ്പ നൽകുന്ന മുൻഗണനാവിഷയങ്ങളുടെ ഹൃദയമാണ് സിനഡാത്മകത. ഉത്ഥിതനായ ഈശോയിലും സത്യത്തിന്റെ പൂർണ്ണതയായ പരിശുദ്ധാത്മാവിലും നയിക്കപ്പെടുന്ന സഭയുടെ സത്ത തന്നെയാണ് സിനഡാത്മകത എന്ന് നമുക്ക് മനസിലാക്കാൻ സാധിക്കും. പരിശുദ്ധാത്മാവിനെയും ദൈവവചനത്തെയും ശ്രവിക്കാൻ തയ്യാറാകുമ്പോഴാണ് സഹയാത്ര സാദ്ധ്യമാകുന്നത്. സിനഡൽ



സംവിധാനത്തിലൂടെ, സഭയ്ക്ക് കർത്താവുമായുള്ള ഐക്യത്തിലും സൗഹൃദത്തിലും വളരുവാനും എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു സമൂഹമായി മാറുവാനും കഴിയുമെന്ന് പ്രത്യാശിക്കുന്ന പരി. പിതാവ്, നവീകരണത്തിന്റെ പാതയിൽ മാറ്റത്തിന്റെ കാഹളമൂതുകയാണ്. ക്രിസ്തുവിൽ നിന്ന് സ്വീകരിക്കുകയും സുവിശേഷം അറിയാത്തവരുമായി പങ്കുവയ്ക്കുകയും സുവിശേഷത്തിന് സവിശേഷവിധമായി സാക്ഷ്യം വഹിക്കുകയും ആ സദ്വാർത്തയിലേക്ക് എല്ലാവരേയും ആനയിക്കുകയും ചെയ്യുക എന്ന നിയോഗദൗത്യമാണ് സഭയ്ക്കുള്ളത്. മാമോദീസായിലൂടെ സഭയിൽ അംഗങ്ങളായി ത്തീർന്ന ഓരോരുത്തർക്കും ഈ വിളിയും ദൗത്യവുമുണ്ട്.

www.malankaralibrary.com

സഭയുടെ ഉത്ഭവം മുതൽ, ജീവിതത്തിലും ദൗത്യത്തിലും സിനഡാലിറ്റി എന്നത് സഭയുടെ പര്യായവും ഘടനാപരമായ മാന വുമാണ്. മാമോദീസാ എന്ന കൂദാശയിലൂടെ ദൈവവുമായി ഐക്യം പ്രാപിച്ച ദൈവജനം ദൈവത്തിങ്കലേക്ക് ഒരുമിച്ച് യാത്ര ചെയ്യുന്നു എന്നാണ് രണ്ടാം വത്തി ക്കാൻ കൗൺസിൽ പഠിപ്പിക്കു ന്നത്. ആദിമസമൂഹം ജീവിച്ചിരു ന്നതും പിൽക്കാലത്ത് സഭയിൽ അന്യം നിന്നു പോയതും രണ്ടാം വത്തിക്കാൻ കൗൺസിൽ സഭ യുടെ നവീകരണത്തിനായി നിർ ദ്ദേശിച്ചതുമായ ഒരു ആശയമായി ട്ടാണ് പരി. പിതാവ് ഈ വിഷ യത്തെ നോക്കിക്കാണുന്നത്. ഒരേ ആത്മാവും ഒരേ ഹൃദയവും ഒരേ വിശ്വാസവുമുള്ള ഒരു കൂട്ടായ്മ യായി ദൈവത്തിങ്കലേക്ക് യാത്ര ചെയ്യുന്ന ആദിമസഭാസമൂഹ ത്തിന്റെ അതേ ശൈലി തന്നെ യാണ് 3-ാം സഹസ്രാബ്ദത്തിലെ സഭയും സ്വീകരിക്കേണ്ടത് എന്ന് സിനഡ് നിസ്തർക്കമായി പ്രഖ്യാ പിക്കുന്നു.

സഭയും മാനവരാശി മുഴുവനും ഇന്ന് അഭിമുഖീകരിക്കുന്നതായ ബഹുമുഖപ്രശ്നങ്ങൾ പരിഹരി ക്കുന്നതിനുള്ള ഒരു ഉത്തമ മാതൃക, ഈ സിനഡൽ മോഡൽ




നമുക്ക് സമ്മാനിക്കുന്നുണ്ട്. മാർ പ്പാപ്പയും മെത്രാന്മാരും വൈദികരും സമർപ്പിതരും അൽമായ സ്ത്രീ പുരുഷന്മാരും ഒരു മേശയ്ക്ക് ചുറ്റു മിരുന്ന് സഭയ്ക്ക് പുതിയ ദിശാ ബോധം നൽകാൻ ശ്രമിക്കുന്ന ഈ കൂട്ടായ്മയോടൊപ്പം എല്ലാവ രെയും ചേർത്തുനിർത്തി സഭ യുടെ വിശുദ്ധി നിലനിർത്താൻ ശ്രമിക്കുമ്പോഴാണ് മിശിഹായുടെ മുഖം കൂടുതൽ പ്രകാശിതമാകുക എന്ന് തന്റെ മാതൃകാജന്യമായ ഇടപെടലുകളിലൂടെ പരി. പിതാവ് പ്രകടമാക്കുകയാണ്. ആരെയും ഒഴിവാക്കാതെ എല്ലാവരെയും ചേർത്തു നിർത്തുന്ന സഭയുടെ മാതൃത്വം നിറഞ്ഞ സ്വഭാവമാണ് ഇവിടെ നമുക്ക് ദൃശ്യമാകുന്നത്.

“കത്തോലിക്കാസഭ ഏറ്റവും മനോഹരമാകുന്നത് അതിന്റെ വാതിലുകൾ തുറന്നിട്ടിരിക്കുമ്പോ ഴാണ്” എന്ന പ്രസ്താവനയിൽ തന്നെ സിനഡിന്റെ സാരാംശം മുഴുവൻ ഉൾക്കൊള്ളുന്നുണ്ട്. സഭ

www.malankaralibrary.com

യുടെ തുറവിയും ആദിമ ചൈത ന്യത്തിലേക്കുള്ള തിരിഞ്ഞു നോട്ടവും സഭാനവീകരണവും ലക്ഷ്യംവച്ചുകൊണ്ട് ഈ വാതിലുകൾ വിശാലമായി തുറന്ന്, അനുകമ്പാർദ്രമായ ഒരു സഭാ സമൂഹനിർമ്മിതിക്കായും കാലഘട്ടത്തിന് അനുസൃതമായ മാറ്റങ്ങൾ കൈക്കൊള്ളുവാനുമുള്ള സഭയുടെ പരിശ്രമങ്ങളുടെ കേന്ദ്രബിന്ദുവാണ് ഈ സിനഡ്. സഭയിലെ ശുശ്രൂഷാസംവിധാനങ്ങളെ ഒരു ‘‘inverted pyramid’’ സംവിധാനത്തിലേക്ക് വളർത്തുവാൻ സഹായകമാകത്തക്കവിധം ദൈവജനത്തിന്റെ ശുശ്രൂഷകരായി അജപാലകരും മെത്രാന്മാരും റോമിലെ മെത്രാനും നിലകൊള്ളുമ്പോൾ മാത്രമാണ് സഭാസംവിധാനങ്ങളുടെ ആന്തരികതയും കൂടുതൽ അനുഭവവേദ്യമാകുന്നതും അർത്ഥപൂർണ്ണമാകുന്നതും. സിനഡാത്മകസഭയ്ക്ക് ഏറെ അത്യന്താപേക്ഷിതമായി പരി. പിതാവ് കാണുന്ന 2 ഘടകങ്ങളാണ് പരസ്പരശ്രവണവും തുറവിയും. ആരുടെയും സ്വരം അവഗണിക്കാതെയും ആരെയും ഒഴിവാക്കാതെയും ഓരോരുത്തരും അവരവർ ആയിരിക്കുന്ന അവസ്ഥയിൽ സഭയെ പടുത്തുയർത്തുവാൻ ബാദ്ധ്യസ്ഥരാണ്.



ലോകത്തിന്റെ അതിർത്തികൾ വരെയും സുവിശേഷസന്ദേശം പ്രചരിപ്പിച്ചുകൊണ്ട്, സഭ തന്റെ മിഷനറിയാത്ര തുടരുമ്പോൾ, ആരാധനയുടെയും സ്നേഹത്തിന്റെയും സേവനത്തിന്റെയും മനോഭാവത്താൽ നയിക്കപ്പെട്ട്, സഭയ്ക്കുള്ളിൽ പീഡ അനുഭവിക്കുന്ന വ്യക്തികളെ പ്രത്യേകം ശ്രവിക്കാനും അവർക്ക് പിന്തുണ നൽകുവാനും അവരുടെ ക്ഷേമത്തിൽ അതീവ ശ്രദ്ധാലുക്കളാകാനും പരി. പിതാവ് നമ്മെ ഉദ്ബോധിപ്പിക്കുന്നുണ്ട്. സഭയുടെ അപ്പസ്തോലികതയേയും കാതോലികമായ വിളിയോടുള്ള വിശ്വസ്തതയെയും അടയാളപ്പെടുത്തുന്ന ഈ സിനഡിന്റെ ഏറ്റവും വലിയ സവിശേഷതയും ശ്രദ്ധേയമായ വശവും കേൾക്കുന്നതിലും സംഭാഷണത്തിൽ ഏർപ്പെടുന്നതിലും പുലർത്തുന്ന ശ്രദ്ധയാണ്. പരസ്പര അറിവും ധാരണയും വളർത്തുന്നതിൽ സംഭാഷണത്തിനുള്ള സ്ഥാനം വളരെ വലുതാണ്

www.malankaralibrary.com

എന്ന് തിരിച്ചറിഞ്ഞ്, വ്യത്യസ്ത വീക്ഷണങ്ങളോടുള്ള ആദരവും തുറവിയും പുലർത്തുന്ന ഈ സിനഡ് സഭയുടെ പ്രവർത്തനങ്ങളുടെ രീതി പുനർനിർവ്വചിക്കുകയും സജീവമായ ശ്രവണത്തിനും സഹകരണ മനോഭാവത്തോടെ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും പ്രത്യേകം നമ്മെ ആഹ്വാനം ചെയ്യുന്നു.

യുദ്ധവും കലഹങ്ങളും അസമാധാനവും അരക്ഷിതാവസ്ഥയും കളിയാടുന്ന ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഈ സിനഡ് നമുക്ക് ഏറെ പ്രത്യാശയ്ക്ക് വക നൽകുന്നുണ്ട്. സമാധാനം ഒരു സ്വർഗ്ഗീയ അനുഗ്രഹമാണെന്നും പ്രാർത്ഥനയിലൂടെ മാത്രമേ അത് കരഗതമാകുകയുള്ളു എന്നും അടിവരയിട്ട് സിനഡ് പ്രസ്താവിക്കുന്നുണ്ട്. സംഘർഷവും വിഭജനവും കൊടികുത്തി വാഴുന്ന ഈ ലോകത്ത് ഭിന്നതകളും തർക്കങ്ങളും ഒഴിവാക്കുന്നതിനും സഭയ്ക്ക്



അകത്തും പുറത്തും സമാധാനം സംജാതമാകുന്നതിനും ഈ സമ്മേളനം സഹായകമാകും എന്നതിൽ രണ്ട് പക്ഷമില്ല. അനുരഞ്ജനം സാദ്ധ്യമാകുന്നതിന് പ്രാർത്ഥന, ധ്യാനം, ശ്രവണം, സംഭാഷണം ഇവ ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങളാണെന്നും സമാധാനത്തിനു വേണ്ടി നിരന്തരം പ്രാർത്ഥിക്കുന്നതിൽ നാം ക്ഷീണിതരാകരുതെന്നും മാർപ്പാപ്പ നമ്മെ ഉദ്ബോധിപ്പിക്കുന്നു. കൂടുതൽ സമാധാനപരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒരു ലോകം കെട്ടിപ്പടുക്കുന്നതിൽ സഭയ്ക്ക് കാര്യമായ സ്വാധീനം ചെലുത്താനാകുമെന്നും നീതി, സമത്വം, സാഹോദര്യം ഇവ പരിശീലിക്കുന്നതുവഴി സമൂഹത്തിലെ താഴേക്കിടയിൽ ഉള്ളവരെപ്പോലും, കരുണയോടും അനുകമ്പയോടും കൂടി ശുശ്രൂഷിക്കുന്നതിന് സാധിക്കുമെന്നും അദ്ദേഹം പ്രത്യാശിക്കുന്നു. ദൈവത്തെ സ്നേഹിക്കുകയും മാനവരാശിയെ സേവിക്കുകയും ചെയ്തുകൊണ്ട്, എല്ലാ വ്യക്തികളെയും ആശ്ലേഷിക്കുകയും ദൈവം പ്രത്യേകമായി പരിഗണിക്കുന്ന ദരിദ്രരെയും ദുർബലരെയും കരുണയുടെ അഭയകേന്ദ്രമായി പരിഗണിക്കുകയും ചെയ്യുന്ന ഒരു സഭയെ പരി. പിതാവ് ദൃശ്യവൽക്കരിക്കുന്നു.

www.malankaralibrary.com

ദുർബലരെ ചൂഷണം ചെയ്യുക എന്ന ഗുരുതരമായ പാപത്തെ അപലപിച്ചുകൊണ്ട് ആഗോള പ്രശ്നങ്ങളിൽ സജീവമായി ഇട പെടുന്നതിനും ഐക്യം പ്രോത്സാഹിപ്പിക്കുന്നതിനും അംഗങ്ങൾക്കിടയിൽ സ്നേഹവും ഐക്യവും വളർത്തിയെടുക്കുന്നതിനും പരി. മാർപ്പാപ്പ പ്രത്യേകമായി സഭയ്ക്ക് ഊർജ്ജം പകരുന്നു. നമുക്ക് ചുറ്റുമുള്ളവരെ പരിപാലിക്കാനുള്ള ഉത്തരവാദിത്തം നമ്മുടേത് മാത്രമാണെന്നും ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹം ഇഴ ചേർന്നിരിക്കണമെന്നും അപ്രകാരം ചെയ്യുന്നില്ലെങ്കിൽ നാം ഫരിസേയർക്ക് തുല്യമാകുമെന്നും അദ്ദേഹം തറപ്പിച്ച് പറയുന്നു. കുടിയേറ്റക്കാരുടെ സാംസ്കാരികവും മതപരവുമായ പാരമ്പര്യങ്ങളെ ആദരിക്കുകയും സംരക്ഷിക്കുകയും ചെയ്തുകൊണ്ട് വ്യക്തികൾക്കിടയിൽ യഥാർത്ഥ സാംസ്കാരിക സമന്വയം വളർത്തിയെടുത്ത്, ഐക്യവും പരസ്പരധാരണയും ഊട്ടിയുറപ്പിക്കാനും കൃപയുടെയും കൂട്ടായ്മയുടെയും ഇടമായ സഭയ്ക്ക് കൂടുതൽ ഉത്തരവാദിത്തമുണ്ട് എന്ന് ഓർമ്മിപ്പിക്കുന്നു.

ആഗോള സംഘർഷത്തിന് വഴിമരുന്നിടുന്ന അഴിമതി നിറഞ്ഞ രാഷ്ട്രീയ-സാമ്പത്തിക- സാമൂഹിക സംവിധാനങ്ങളെ അപലപിച്ച സിനഡ്, യുദ്ധങ്ങളുടെയും ഭീകരതയുടെയും ഫലമായുണ്ടാകുന്ന "പുതിയ ദരിദ്രരെ" തിരിച്ചറിയുവാനും അവരുടെ ദുരവസ്ഥ മനസിലാക്കി വ്യക്തികളും സർക്കാരും കോർപ്പറേഷനുകളും നടത്തുന്ന അനീതിക്കെതിരെ പോരാടാനുള്ള സഭയുടെ ധാർമ്മിക ബോധത്തെയും ഉണർത്തുന്നു. രാഷ്ട്രീയ-സാമൂഹിക-മാനുഷിക മേഖലകളിൽ, സമൂഹത്തിന്റെ ക്ഷേമത്തിലും സുസ്ഥിതിയിലും താല്പര്യവും പ്രതിജ്ഞാബദ്ധതയുമുള്ള വ്യക്തികളുടെ സജീവപങ്കാളിത്തം ഉറപ്പാക്കുകയും വിദ്യാഭ്യാസം, ആതുരപരിപാലനം, സാമൂഹിക പിന്തുണ ഇവ നൽകുന്നതിൽ ഉത്സുകരാകണമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ സമൂഹത്തിന്റെ വളർച്ചയ്ക്കും അനുരൂപണത്തിനുമായി സുപ്രധാന ചുവടുവയ്പുകൾ നടത്തുകയാണ് കത്തോലിക്കാസഭ. ദൈവജനത്തിന്റെ മഹത്വം സംരക്ഷിച്ച് ആ ജനത്തെ ശുശ്രൂഷിക്കുന്നതിൽ അജപാലക നേതൃത്വം സംതൃപ്തി കണ്ടെത്തണമെന്ന് പരി. സൂനഹദോസ് അജപാലകരെ ഓർമ്മിപ്പിക്കുന്നുണ്ട്. സഭയുടെ ഉള്ളിലും

www.malankaralibrary.com



സഭയുടെ പ്രേഷിതദൗത്യത്തിലും ഈ സിനഡാലിറ്റി സംജാതമാകുകയും അത് ജീവിതവഴിയും പരിവർത്തനശൈലിയുമായി രൂപാന്തരപ്പെടുകയും ചെയ്യേണ്ടതുണ്ട്. അതുവഴി ദൈവജനത്തിന്റെ പൊതുവിശ്വാസ അവബോധത്തെയും പഠിപ്പിക്കുക, നയിക്കുക, വിശുദ്ധീകരിക്കുക എന്നീ സഭയുടെ ത്രിവിധദൗത്യങ്ങളെയും സഭയുടെ സഹവർത്തിത്വത്തെയും സമന്വയിപ്പിക്കാൻ സിനഡാത്മകതയ്ക്ക് കഴിയും. പരിശുദ്ധാത്മാവിനെ ശ്രവിച്ച്, ആരെയും അവഗണിക്കാതെ എല്ലാവരുടെയും സ്വരങ്ങൾ ശ്രദ്ധിച്ച്, നന്മയെ തിരിച്ചറിഞ്ഞ് സഭ എന്ന ദൈവജനത്തെ മനോഹരമായ സാക്ഷ്യങ്ങളുടെ സിംഫണിയായി ഉയർത്താമെന്ന് പരി. പിതാവ് സ്വപ്നം കാണുകയാണ്.

സിനഡാത്മകതയിൽ ഒഴിവാക്കേണ്ട 3 വിപത്തുകളായ ഒരുമിച്ചുള്ള യാത്രയെ ഇകഴ്ത്തിക്കാണിക്കുന്ന ഔപചാരികത, ബൗദ്ധിക തലങ്ങളിലുള്ള പഠനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ബൗദ്ധികത, കീഴ്വഴക്കങ്ങളിൽ മാത്രം മുറുകെപ്പിടിക്കുന്ന അചഞ്ചലത ഇവയെക്കുറിച്ചും മാർപാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. വിവേചനത്തിന്റെയും ആത്മീയവളർച്ചയുടെയും ഇടമാണ് സിനഡ് എന്ന ബോധ്യം മറ്റുള്ളവരിലും ഉളവാക്കാൻ വാക്കുകളുടെ 'ഉപവാസം' നടത്തണമെന്ന് അഭ്യർത്ഥിക്കുന്ന പാപ്പായുടെ ജീവിതം ഈ കാലഘട്ടത്തിന് നൽകുന്നത് വലിയൊരു സാക്ഷ്യവും സന്ദേശവുമാണ്.

സാധാരണക്കാർ, സ്ത്രീകൾ, സമർപ്പിതർ, നിയുക്തശുശ്രൂഷകർ ഇവരുടെ അന്തസിനെ സിനഡ് ഉയർത്തിക്കാട്ടുന്നു. "ദൈവജനങ്ങൾക്കായുള്ള കത്ത്" എന്ന രേഖയിൽ എല്ലാ സഭാംഗങ്ങളുടെയും പങ്കാളിത്തത്തിന്റെ പ്രാധാന്യം എടുത്തു കാണിക്കുകയും സഭയുടെ എല്ലാ തലങ്ങളിലും ഉണ്ടാകേണ്ട യോജിപ്പിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്യുന്നു. ജ്ഞാനസ്നാനത്തിലൂടെ സഭയിൽ അംഗമായിത്തീർന്ന ഓരോ വ്യക്തിയും സുവിശേഷവൽക്കരണത്തിൽ തങ്ങൾക്കുള്ള ഉത്തരവാദിത്തത്തെപ്പറ്റി ബോധ്യമുള്ളവരാകണമെന്ന് ആഹ്വാനം

www.malankaralibrary.com



ത്തർക്കും പ്രത്യേകം കടമയുണ്ട്. സഭയുടെ ചെറിയ പതിപ്പായ കുടുംബത്തിൽ ആരംഭിച്ച് തങ്ങൾ ജീവിക്കുന്ന വിശ്വാസം വരുംതല മുറയ്ക്ക് പകർന്നുകൊടുക്കുക എന്ന ദൗത്യം നിർവ്വഹിക്കുന്ന മാതാപിതാക്കളാണ് കുടുംബ ത്തിലെ ആദ്യമിഷനറിമാർ.

സഭയുടെ ദൗത്യത്തിലും സഭാ ത്മകജീവിതത്തിലും സ്ത്രീകൾ ക്കുള്ള പ്രാധാന്യം സിനഡ് എടു ത്തുപറയുന്നുണ്ട്. സ്ത്രീകൾക്കും തിരസ്ക്കരിക്കപ്പെട്ടവർക്കും ദരിദ്രർക്കുമെല്ലാം സഭയുടെ സിനഡാത്മക യാത്രയിൽ യുക്ത മായ സ്ഥാനം നൽകുന്ന പരി. പിതാവ്, സുതാര്യതയുടെയും പങ്കാളിത്തത്തിന്റെയും പാത യിലൂടെ സഞ്ചരിക്കാനാണ് ക്ഷണി ക്കുന്നത്. തീരുമാനങ്ങൾ എടു ക്കുന്ന പ്രക്രിയയിലും ഉത്തരവാ ദിത്തമുള്ള റോളുകളിലും സ്ത്രീ കളുടെ പങ്കാളിത്തം ഉറപ്പാക്കാൻ അഭ്യർത്ഥിക്കുന്ന സിനഡ്, യുവ തികൾ, സഹോദരിമാർ, അമ്മ മാർ, സുഹൃത്തുക്കൾ, ആത്മീ യോപദേഷ്ടാക്കൾ തുടങ്ങിയ നിലകളിൽ കുടുംബത്തിലും തൊഴിലിടങ്ങളിലും സാമൂഹിക ജീവിതത്തിലും തങ്ങൾ കണ്ടു മുട്ടുന്ന ഓരോരുത്തരിലും തങ്ങളുടെ ആത്മീയയാത്രയുടെ

ചെയ്യുന്നു. വൈദഗ്ധ്യം ലഭിച്ചവർ മാത്രം കർമ്മനിരതരാകുകയും മറ്റുള്ളവർ നിഷ്ക്രിയരായിരി ക്കുകയും ചെയ്യുന്ന സുവിശേഷ വൽക്കരണ സംവിധാനമല്ല കര ണീയമായിട്ടുള്ളത്. മറിച്ച്, മാമോ ദീസാ സ്വീകരിച്ച ഓരോ വ്യക്തിയും സഭയുടെ പ്രേഷിത ദൗത്യത്തിൽ വ്യക്തിപരമായി ഇടപെടുകയും നമ്മുടെ കൂട്ടുത്ത രവാദിത്തത്തെക്കുറിച്ച് അവ ബോധമുള്ളവരായി ക്രിയാത്മ കമായി പ്രവർത്തിക്കുകയും വേണം. അനുദിനജീവിതത്തിൽ ക്രിസ്തുവിന് സാക്ഷ്യം വഹി ക്കാനും വിശ്വാസം കൈമാറ്റം ചെയ്യുവാനും ഓരോ ക്രിസ്ത്യാ നിയും താൻ സ്വീകരിച്ച പ്രാരംഭ കൂദാശകളുടെ യോഗ്യതയാൽ വിളിയും നിയോഗവും സിദ്ധിച്ചവ രുമാണ്. തനതായ വിധത്തിൽ ശുശ്രൂഷ നിർവ്വഹിച്ചുകൊണ്ട് കഴിയുന്നവിധത്തിലെല്ലാം സഭയെ പണിതുയർത്തുവാൻ ഓരോരു

www.malankaralibrary.com

അനുഭവം പങ്കുവയ്ക്കാൻ കടപ്പെട്ടവരാണ് എന്ന് വെളിപ്പെടുത്തുന്നു. സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സ്തുതി നിരന്തരം പാടിക്കൊണ്ട് സഭാശുശ്രൂഷകളിൽ വ്യാപൃതരായിരിക്കുന്ന ജാഗരൂകരും തീക്ഷ്ണമതികളും ദൈവഭക്തരും അത്യുത്സാഹികളുമായ സ്ത്രീകളെ സമീപനാളുകളിൽ മാർപ്പാപ്പ പ്രത്യേകം ശ്ലാഘിക്കുകയും നന്മയുടെയും മനുഷ്യത്വത്തിന്റെയും കിരണങ്ങൾ ഉള്ളിൽ സൂക്ഷിച്ചുകൊണ്ട് സ്ത്രീജനങ്ങൾ കാഴ്ചവയ്ക്കുന്ന തിളക്കമാർന്ന സേവനങ്ങളെ പ്രകീർത്തിക്കുകയും ചെയ്തുവല്ലോ. ഭരണപരവും ഉന്നതവുമായ ശുശ്രൂഷകളിൽ വനിതകൾക്ക് പരി. പിതാവ് നൽകിയ പ്രാമുഖ്യവും സ്വീകരിച്ച നിലപാടുകളും തികച്ചും അഭിനന്ദനാർഹവും പ്രോത്സാഹജനകവുമാണ്.

സഭയുടെ ചങ്കാണ് സന്യാസം എന്ന് നമ്മുടെ പൂർവ്വപിതാക്കന്മാർ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ധ്യാനാത്മകവും അപ്പസ്തോലികവുമായ ജീവിതശൈലി സ്വീകരിച്ചിരിക്കുന്ന സമർപ്പിതർ ദൈവരാജ്യത്തിന്റെ അടയാളങ്ങളും വരപ്രസാദത്തിന്റെ സാക്ഷികളും



അനേകർക്ക് ജീവിതപോഷണത്തിന്റെയും പ്രചോദനത്തിന്റെയും ശക്തമായ ഉറവിടവുമാണ്. എവിടെയെല്ലാം സഭ ക്ഷയോന്മുഖമായോ അവിടെയെല്ലാം സഭയെ ബലപ്പെടുത്തിയിട്ടുള്ളത് സന്യാസസമൂഹങ്ങളാണ്. സഭാസമൂഹത്തെ നവീകരിക്കുന്നതിനും ലൗകികതയെ ചെറുക്കുന്നതിനും സഹായകമാകത്തക്കവിധത്തിൽ, ക്രിസ്തുവിലുള്ള ശിഷ്യത്വത്തിന്റെയും വിശുദ്ധിയുടെയും സൗന്ദര്യം പ്രകടമാക്കുന്ന സമർപ്പിതരുടെ പ്രവാചകശബ്ദവും പ്രവർത്തനമികവും മുമ്പ് എന്നത്തേയുംകാൾ ഈ കാലഘട്ടത്തിന് കൂടുതൽ ആവശ്യമുണ്ട്. ശരിയായ ആത്മീയാന്തരീക്ഷത്തിന് ശാന്തമായ ധ്യാനത്തിന്റേയും പ്രാർത്ഥനയുടെയും ഒരു കാലഘട്ടം ആവശ്യമാണ് എന്ന് തിരിച്ചറിഞ്ഞ സഭാനേതൃത്വം

www.malankaralibrary.com

താപസവൃത്തിക്കായി എല്ലാവരെയും ആഹ്വാനം ചെയ്യുകയാണ്.

2000–ത്തോളം സന്യാസിനി സമൂഹങ്ങളിലായി സേവനം ചെയ്യുന്ന 6 ലക്ഷത്തിൽ അധികം സന്യാസിനിമാരെ പ്രതിനിധീകരിച്ച് 5 വനിതാസന്യസ്തർ വോട്ടവകാശമുള്ള പൂർണ്ണ അംഗങ്ങളായി ഈ സിനഡിന്റെ ആദ്യസെഷനിൽ പങ്കെടുത്തു എന്നത് നമ്മുടെ ശുശ്രൂഷകർക്കുള്ള സഭയുടെ വലിയ അംഗീകാരം കൂടിയാണ്. സുവിശേഷവൽക്കരണത്തിന് നിർണ്ണായകമായ പങ്കുവഹിക്കാൻ സന്യസ്തർക്ക് കഴിയും. വിളിയുടെ കൃപകൾ അംഗീകരിക്കുവാനും ശുശ്രൂഷകളും അവസരങ്ങളും സംലഭ്യമാക്കുവാനും ഉതകുന്നവിധത്തിലുള്ള സമർപ്പണംവഴി സഭയുടെ ചലനാത്മതയിലേക്ക് ഏവരെയും ആനയിക്കുവാൻ നമുക്ക് കഴിയും. അവശ്യവിഷയങ്ങളിൽ അർത്ഥവത്തായ



സംവാദത്തിന് വേദി ഒരുക്കികയും അടിസ്ഥാനമൂല്യങ്ങളോട് വിശ്വസ്തത പുലർത്തിക്കൊണ്ട് വർത്തമാനകാലത്തെ നേരിടുന്നതിനുള്ള പ്രതിബദ്ധത നാം വളർത്തിയെടുക്കേണ്ടതുണ്ട്.

## ഉപസംഹാരം

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പയുടെ നിശബ്ദവിപ്ലവത്തിന്റേതായ ഈ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ ശുശ്രൂഷയുടെ ജീവനാഡിയും സഭാവിജ്ഞാനീയത്തിന്റെ കേന്ദ്രവുമായ, സഭയുടെ പ്രേഷിതദൗത്യത്തിന്റെയും ദൈവജനം ഒരുമിച്ചുള്ള യാത്രയിലും അദ്ദേഹത്തോടൊപ്പം നമുക്കും പങ്കാളികളാകാം.

“ദൈവജനവും ഇടയന്മാരും സഭയും ഒന്നാണ്, അവിഭക്തമാണ് എന്നു നാം മറക്കരുത്.” ഈ വാക്കുകളുടെ അർത്ഥം ആഴത്തിൽ മനസിലാക്കിക്കൊണ്ട് രക്ഷയും സാർവ്വത്രിക കൂദാശയായ സഭയുടെ പ്രേഷിതഭാവമായി മാറിയ ഈ സിനഡ് നൽകുന്നതായ മഹത്തായ ആദർശങ്ങളും ലക്ഷ്യങ്ങളും നിറവേറ്റാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. സഭയെ അതിന്റെ ആഴത്തിലുള്ള

www.malankaralibrary.com

ഒരു നവീകരണത്തിന് വേദിയൊരുക്കുന്ന ഈ സിനഡ് കൂടുതൽ ഐക്യം ഉളവാക്കുവാനും ലോകത്തിൽ നമ്മെ ഏല്പിച്ചിരിക്കുന്ന ദൗത്യം പൂർണ്ണമായി നിറവേറ്റുവാനും ഓർമ്മിപ്പിച്ചുകൊണ്ട് വീണ്ടും നമുക്ക് മുൻപിൽ അവസരങ്ങളുടെയും സാദ്ധ്യതകളുടെയും വാതായനം തുറന്നിടുകയാണ്. സഭയെ അലട്ടുന്ന വിവിധങ്ങളായ ഗൗരവമേറിയ തെറ്റുകളെ അംഗീകരിക്കുവാനും പശ്ചാത്താപത്തിന്റെ വഴികളിലൂടെ അവ പരിഹരിക്കാനുമുള്ള പരി. പിതാവിന്റെ ക്ഷണം നമുക്കും സർവ്വാത്മനാ സ്വീകരിക്കാം. ദൈവജനത്തിന്റെ പ്രത്യാശ വളർത്തുക, പരസ്പരമുള്ള വിശ്വാസം ഉറപ്പിക്കുക, മുറിവുകൾ വച്ചുകെട്ടുക, ബന്ധങ്ങൾ വിളക്കിച്ചേർക്കുക, അപരനിൽനിന്ന് പാഠങ്ങൾ ഉൾക്കൊള്ളുക, നവീകൃത സഭയെ സ്വപ്നം കാണുക തുടങ്ങിയ കാലോചിതമായ ലക്ഷ്യങ്ങൾ നമ്മിലൂടെ പ്രകാശം കാണട്ടെയെന്ന് ആഗ്രഹിക്കാം. ഉറവിടങ്ങളിലേക്കുള്ള തിരിച്ചുപോകലിന്റെ അന്വേഷണത്തോടൊപ്പം നവീകരണത്തിനായുള്ള പുത്തൻ ചുവടുകളെയും സർവ്വാത്മനാ സ്വീകരിച്ചുകൊണ്ട് കൂടുതൽ സിനഡാത്മകവും പ്രേഷിത തീക്ഷ്ണതയുമുള്ള ഒരു സഭയാകാൻ കർത്താവ് നമ്മെ നയിക്കുകയും സഹായിക്കുകയും ചെയ്യട്ടെ.

**താളുകളിലൂടെ...** *


## താലന്ത് മാസിക തപാലിൽ ലഭിക്കാൻ

താലന്ത് മാസികയുടെ വാർഷിക വരിസംഖ്യ 180 രൂപയാണ്. ഈ തുക മണിഓർഡർ ആയോ ബാങ്ക് വഴിയോ അയക്കാം.

## വരിസംഖ്യ ബാങ്ക് വഴി അയക്കാൻ

Talent Magazine, South Indian Bank, Vennala Branch,

A/C No. 0423053000000025, IFSC code - SIBL0000423

www.malankaralibrary.com

# കേരള സഭാനവീകരണം
## 2022–2025



**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
കെസിബിസി

കേരള കത്തോലിക്കാസഭ ഒരു നവീകരണ യജ്ഞത്തിന് തയ്യാറാവുകയാണ്. കഴിഞ്ഞ പെന്തക്കുസ്താദിനത്തിരുനാളിലാണ് കേരള സഭാനവീകരണകാലഘട്ടം ആരംഭിച്ചത്. ഇതിന്റെ ഉദ്ഘാടനം കെസിബിസിയുടെ മൺസൂൺ സമ്മേളനത്തോടനുബന്ധിച്ച് 2022 ജൂൺ 7, ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് മൂന്നിന് പാലാരിവട്ടം പിഒസിയിൽ നടന്ന പൊന്തിഫിക്കൽ ദിവ്യബലിയോടെ ആരംഭിച്ചു. 2025 ജൂൺ എട്ടിന് പെന്തക്കുസ്താത്തിരുനാൾ വരെയാണ് നവീകരണ കാലഘട്ടം.



### അനിവാര്യമായ നവീകരണം

“സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം” എന്നതാണ് നവീകരണയജ്ഞത്തിന്റെ ആപ്തവാക്യം. ആഗോള കത്തോലിക്കാ സഭയിൽ സംഘടിപ്പിക്കപ്പെടുന്ന സിനഡാത്മകതയ്ക്കുവേണ്ടിയുള്ള സിനഡിന്റെ (synod on synodality) പശ്ചാത്തലത്തിൽ കൂടിയാണ് കേരള സഭാനവീകരണം നടക്കുന്നത്. 2025-ാമാണ്ട് കത്തോലിക്കാസഭയിൽ ആചരിക്കപ്പെടുന്ന ജൂബിലി വർഷത്തിലേക്ക് പ്രത്യാശയുടെ തീർഥാടകർ എന്ന ആപ്തവാക്യത്തോടെ ഫ്രാൻസിസ് പാപ്പാ

www.malankaralibrary.com

എല്ലാവരെയും സ്വാഗതം ചെയ്തു കഴിഞ്ഞു. അതോടൊപ്പം, 2033-ാമാണ്ട് ആഗോളസഭ മുഴുവൻ രക്ഷയുടെ മഹാജൂബിലിയാഘോഷത്തിനായും ഒരുങ്ങുന്നു. നവീകൃതമായ ഒരു സഭയിലാണ് ജൂബിലിയാഘോഷങ്ങൾ അർത്ഥപൂർണമാകുന്നത്. കേരള സഭയെ സംബന്ധിച്ചിടത്തോളം സഭാകൂട്ടായ്മയിലും ദൗത്യനിർവഹണത്തിലും കടന്നുവന്നിട്ടുള്ള അപചയങ്ങളും വീഴ്ചകളും കണ്ടെത്തി പരിഹരിക്കുന്നതിലൂടെയാണ് നവീകരണം സാധ്യമാകുന്നത്.

## നവീകരണ മേഖലകൾ

കേരള കത്തോലിക്കാമെത്രാൻ സമിതിയുടെ മേൽനോട്ടത്തിൽ കേരള സഭാനവീകരണം ആസൂത്രണം ചെയ്തിരിക്കുന്നത് പ്രധാനമായും 12 മേഖലകളെ അടിസ്ഥാനമാക്കിയാണ്.


### കൂട്ടായ്മയിലേക്കുള്ള മാനസാന്തരം

കൂട്ടായ്മയാണ് സഭയുടെ ശക്തി. സഭാകൂട്ടായ്മയിൽ ഇന്നു കടന്നുവന്നിട്ടുള്ള മുറിവുകളും ഭിന്നതകളും ഇല്ലാതാകണം. ഇത് പരിഹരിക്കുകയും കൂട്ടായ്മ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് സഭാമക്കളുടെ കടമയാണ്.



### പ്രാർത്ഥനാജീവിതം

ക്രൈസ്തവ ആത്മീയ മേഖലകൾ ഭൗതികവത്കരിക്കപ്പെടാൻ ഇടയാകരുത്. ദൈവവിശ്വാസത്തിൽ ആഴപ്പെടുത്തുന്ന തരത്തിലുള്ള ആത്മീയ പരിശീലനം കുട്ടികൾക്കും കുടുംബങ്ങൾക്കും ലഭിക്കണം. വിശ്വാസം, ദൈവവചനം, വിശുദ്ധകുർബാന എന്നീ അടിസ്ഥാനവിഷയങ്ങളിൽ സഭാപ്രേഷിതത്വം ഊന്നൽ നല്കണം.



### വിശ്വാസപരിശീലനം

കാലോചിതവും ക്രിസ്തുസാക്ഷ്യത്തിന് ഉപകരിക്കുന്നതുമായ വിശ്വാസപരിശീലനം കുട്ടികൾക്കും യുവജനങ്ങൾക്കും

www.malankaralibrary.com



മുതിർന്നവർക്കും ലഭിക്കത്തക്ക വിധം നിലവിലുള്ള മതബോധന സംവിധാനങ്ങൾ പരിഷ്കരിക്കണം. കുടുംബങ്ങളുടെ രൂപീകരണത്തിനും സാമുദായിക കെട്ടുറപ്പിനും വിശ്വാസപരിശീലനം സഹായിക്കണം.

## അനുരഞ്ജന മേഖലകൾ

മുറിവേറ്റവരുമായുള്ള അനുരഞ്ജനം കൂടാതെ സഭയ്ക്കു മുന്നോട്ടു പോകാനാവില്ല. സഭകൾക്കിടയിലും ഇടവകതലങ്ങളിലും കുടുംബങ്ങളിലുമൊക്കെയുള്ള മുറിവുകൾ ഉണങ്ങണം. പരസ്പരം ക്ഷമിക്കാനും പൊറുക്കാനും സഹായകരമായ അവസരങ്ങൾ ഒരുക്കപ്പെടണം.



## പ്രേഷിത മാനസാന്തരം

സ്വാഭാവത്താലെ പ്രേഷിതയായ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളുടെയും അജപാലന ദൗത്യങ്ങളുടെയും മേഖലയിൽ മാനസാന്തരം സംഭവിക്കണം. സഭയുടെ സ്ഥാപനങ്ങളും സംവിധാനങ്ങളുമെല്ലാം പ്രേഷിതാഭിമുഖ്യത്തോടെ പരിഷ്കരിക്കപ്പെടണം.



## വൈദിക-സന്ന്യസ്ത പ്രേഷിതത്വം

സഭയിൽ അജപാലന ശുശ്രൂഷയും പ്രേഷിതശുശ്രൂഷയും രണ്ടുതട്ടുകളിലല്ല. വൈദികർക്കും സന്ന്യസ്തർക്കും പ്രേഷിതരൂപീകരണം നല്കാൻ പ്രത്യേകം ശ്രദ്ധപതിപ്പിക്കണം. വൈദിക-



www.malankaralibrary.com

സന്ന്യസ്ത-അല്മായ പരിശീലനമേഖലകൾ പ്രേഷിതാഭിമുഖ്യത്തോടെ കാലോചിതമായി നവീകരിക്കപ്പെടണം.

### കുടുംബ പ്രേഷിത ശുശ്രൂഷ

കോവിഡ്കാലം സമൂഹത്തിലും കുടുംബത്തിലും ഏല്പിച്ചിട്ടുള്ള ക്ഷതങ്ങൾ തിരിച്ചറിഞ്ഞ് സഭയുടെ കുടുംബപ്രേഷിതശൈലിയിലും മാറ്റം അനിവാര്യമായിരിക്കുന്നു. 'ഹോം മിഷൻ' ഉൾപ്പെടെയുള്ള സഭയുടെ കുടുംബപ്രേഷിത ശുശ്രൂഷകൾ സജീവമാകണം. കുട്ടികളെ സുകൃതങ്ങളിൽ വളർത്താനും ഉത്തരവാദിത്വത്തോടെ ജീവിക്കാനും സഹായിക്കുംവിധം അവരുടെ ആത്മീയ മാനസിക ശാരീരിക ബൗദ്ധിക വളർച്ചയ്ക്ക് തുല്യപ്രാധാന്യം കൊടുത്തുകൊണ്ടുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കണം. ഇക്കാര്യത്തിൽ കുടുംബങ്ങൾക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന ഇച്ഛാശക്തി തിരിച്ചുപിടിക്കണം.



### അല്മായ പ്രേഷിതത്വവും പങ്കാളിത്തവും

സഭയുടെ അല്മായ പ്രേഷിതത്വത്തിനും പങ്കാളിത്തത്തിനും യോജിച്ചവണ്ണം സഭാസംവിധാനങ്ങൾ പരിഷ്കരിക്കപ്പെടണം. ക്രിസ്തുവിന്റെ പുരോഹിത-പ്രവാചക-രാജകീയ ധർമ്മങ്ങളിൽ പങ്കാളികളും ദൈവം ഭരമേല്പിച്ചിരിക്കുന്ന രക്ഷാകരദൗത്യം ലോകത്തിൽ പൂർത്തീകരിക്കാൻ വിളിക്കപ്പെട്ടവരുമായ അല്മായ വിശ്വാസികളെ തങ്ങളുടെ ജീവിതാവസ്ഥയ്ക്കനുസൃതം ആ ദൗത്യം നിർവഹിക്കുന്നതിന് സഭയുടെയും സമൂഹത്തിന്റെയും ശുശ്രൂഷകളിലും ഭരണനിർവഹണ സംവിധാനങ്ങളിലും സജീവ പങ്കാളികളാകാൻ സഹായിക്കുന്ന ക്രമീകരണങ്ങൾ ഒരുക്കണം.



### ദരിദ്രരുടെ സഭ

ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും അനാഥരും വിധവകളും രോഗികളും നിരാലംബരും

www.malankaralibrary.com

വൃദ്ധജനങ്ങളും ഭവനരഹിതരും പീഡനങ്ങൾ ഏല്ക്കുന്നവരും കുഞ്ഞുങ്ങളുമെല്ലാം എക്കാലവും സഭയുടെ പ്രേഷിത ശുശ്രൂഷകളിൽ പ്രഥമ പരിഗണന അർഹിക്കുന്നവരാണ്. ജീവകാരുണ്യപ്രവർത്തനങ്ങളും ദരിദ്രസേവനവും സഭയുടെ മുഖമുദ്രയാണ്. ഈ സത്യം വിസ്മരിച്ച് ചെയ്യുന്ന കാര്യങ്ങളെല്ലാം സുവിശേഷവിരുദ്ധമാകും.



## യുവജനശുശ്രൂഷ

യുവജനങ്ങളാണ് സഭയുടെ സമ്പത്ത് എന്ന് തിരിച്ചറിഞ്ഞുകൊണ്ട്, സഭയോടും സമൂഹങ്ങളോടും പ്രതിജ്ഞാബദ്ധതയുള്ള യുവതലമുറയെ രൂപപ്പെടുത്താനും 'സഭ എന്റെ ഭവനം' എന്ന വികാരം യുവജനങ്ങളിൽ വളർത്താനും ആവശ്യമായ കർമ്മപദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് സഭയിലെ യുവജനശുശ്രൂഷാ മേഖലകൾ നവീകരിക്കപ്പെടണം.



## പരിസ്ഥിതിപരമായ മാനസാന്തരം

പരിസ്ഥിതി വിഷയം പൊതുസമൂഹത്തിൽ ഒരു ധാർമ്മിക വിഷയമായി അവതരിപ്പിക്കാൻ സഭയ്ക്കു കഴിയണം. പരിസ്ഥിതിനാശത്താൽ അപഹരിക്കപ്പെടുന്ന ജീവനും പരിസ്ഥിതിയുടെ പേരിൽ ചൂഷണം ചെയ്യപ്പെടുന്ന ദരിദ്രവിഭാഗവും സഭയുടെ നൊമ്പരം മാത്രമാകരുത്, ഈ മേഖലകളിൽ സഭയുടെ പ്രവാചകസ്വരം ശക്തമാകണം.



## സംവാദത്തിന്റെ മേഖലകൾ

കേരള കത്തോലിക്കാസഭ ഇതര മതങ്ങളോടും സമുദായങ്ങളോടും എക്കാലവും ബഹുമാനവും

www.malankaralibrary.com



ആദരവും പുലർത്തിയിട്ടുണ്ട്. ഇപ്പോഴും അപ്രകാരം തന്നെയാണ് നിലകൊള്ളുന്നത്. സാമൂഹിക ജീവിതത്തെ ബാധിക്കുന്ന പൊതുവായ കാര്യങ്ങളെക്കുറിച്ചു പഠിക്കാനും സമൂഹത്തിന്റെ ഉന്നമനത്തിനായി ഒരുമിച്ചു പ്രവർത്തിക്കാനുമുതകുന്ന സംവാദങ്ങൾക്ക് ഇതരമതങ്ങളും ഇതരസഭകളുമായുള്ള ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണം.

## കേരളസഭാ നവീകരണ നടപടികൾ

കാലത്തിനനുസൃതമായ മാറ്റങ്ങൾ കൈവരിച്ചുകൊണ്ട് പുതിയ കാഴ്ചപ്പാടുകളോടെ സർവതലസ്പർശിയായ നവീകരണമാണ് സഭയിൽ സംഭവിക്കേണ്ടത്. സംസ്ഥാന-രൂപത-ഇടവക-കുടുംബതലങ്ങളിൽ നവീകരണം സാധ്യമാകണം. സംസ്ഥാനതലത്തിൽ കെസിബിസിയുടെ കീഴിൽ ഒരു കോർ കമ്മിറ്റി ഇതിനായി രൂപീകരിച്ചിട്ടുണ്ട്. ഈ കോർ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ രൂപതകളിൽ നിന്നും വികാരി ജനറൽമാരുടെ നേതൃത്വത്തിലുള്ള പ്രതിനിധികൾ, സന്ന്യാസസഭകളുടെ മേജർ സുപ്പീരിയേഴ്സ്, അല്മായ സംഘടനാപ്രതിനിധികൾ, യുവജനപ്രതിനിധികൾ, കെസിബിസി കമ്മീഷൻ സെക്രട്ടറിമാർ, ഡയറക്ടർമാർ, പൗരപ്രമുഖപ്രതിനിധികൾ, മാധ്യമ പ്രവർത്തക പ്രതിനിധികൾ, കേരള കാത്തലിക് കൗൺസിൽ അംഗങ്ങൾ എന്നിവർക്കായി വ്യത്യസ്ത സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും അവരുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുകയുമുണ്ടായി. ഈ സമ്മേളനങ്ങളിലെ ചർച്ചകളുടെയും പഠനങ്ങളുടെയുമൊക്കെ വെളിച്ചത്തിൽ കേരളസഭാ നവീകരണത്തിനായുള്ള മാർഗരേഖ (Lineamenta) തയ്യാറാക്കിയത്.

സംസ്ഥാനതലത്തിൽ ഒരു റിസോഴ്സ് ടീമും ഒരു മോണിറ്ററിംഗ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഈ മാർഗരേഖയുടെ അടിസ്ഥാനത്തിലാണ് രൂപതാ-ഇടവകതല നവീകരണ പ്രവർത്തന

www.malankaralibrary.com




ങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. രൂപതാതലത്തിലുള്ള ഉദ്ഘാടനം ജൂൺ 26-ന് ദിവ്യബലിയോടെ സംഘടിപ്പിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. രൂപതാതലപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന റിസോഴ്സ്ടീം അംഗങ്ങൾക്കായി സംസ്ഥാനതലത്തിൽ പരിശീലനം ലഭ്യമാക്കും.

സംസ്ഥാനതലത്തിലെന്നതുപോലെ, രൂപതാ-ഇടവകതലങ്ങളിലും നവീകരണത്തിനാവശ്യമായ നേതൃത്വം നല്കാൻ സമിതികൾ രൂപീകരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. അതതുരൂപതകളുടെ വികാരി ജനറൽമാരുടെ നേതൃത്വത്തിലാണ് സമിതികൾക്ക് രൂപം കൊടുക്കേണ്ടത്. ഇടവകതലങ്ങളിലുള്ള സമിതികളുടെ രൂപീകരണം, ബോധവത്കരണം, ആസൂത്രണം, വിലയിരുത്തലുകൾ എന്നിവ പ്രസ്തുത സമിതിയുടെ നേതൃത്വത്തിലാണ് സംഘടിപ്പിക്കേണ്ടത്.

ഇതര മതവിശ്വാസികളായ സഹോദരരുമായുള്ള ക്രൈസ്തവരുടെ ഹൃദ്യമായ സൗഹൃദം കൂടുതൽ ദൃഢപ്പെടുന്നതിനും ഈ നവീകരണകാലം സഹായകരമാകും.

## വിമലഹൃദയ പ്രതിഷ്ഠ

കേരള സഭാനവീകരണത്തിന്റെ ഭാഗമായി **കേരള കത്തോലിക്കാ സഭയെ പരിശുദ്ധ കന്യകാമറിയ**

www.malankaralibrary.com

ത്തിന്റെ വിമലഹൃദയത്തിന് 2022 ഒക്ടോബർ 31-ാം തിയതി പാലാരിവട്ടം പിഒസിയിൽ വച്ച് അന്നത്തെ കെസിബിസി പ്രസിഡന്റ് അഭിവന്ദ്യ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പ്രതിഷ്ഠിക്കുകയുണ്ടായി. വരാപ്പുഴ ആർച്ചുബിഷപ് അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിലിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന ദിവ്യബലിയിൽ മറ്റ് മെത്രാന്മാരും വൈദികരും സഹകാർമികരായിരുന്നു.

## റിസോഴ്സ് ടീം പരിശീലനം

2023 മെയ് 24 25 26 തീയതികളിലായി കോട്ടയം വിജയപുരം രൂപതയുടെ പാസ്റ്ററൽ സെന്ററിൽ വച്ച് സംസ്ഥാന തലത്തിൽ ദിവ്യകാരുണ്യ കോൺഗ്രസിനുവേണ്ടിയുള്ള റിസോഴ്സ് ടീമിന്റെ പരിശീലനം സംഘടിപ്പിക്കുകയുണ്ടായി.

## ദിവ്യകാരുണ്യ കോൺഗ്രസ്

2023 ദിവ്യകാരുണ്യ സംഗമങ്ങളുടെ വർഷമായി ആചരിച്ചു. എല്ലാ രൂപതകളിലും ദിവ്യകാരുണ്യ ദിനം, ആരാധന, ദിവ്യകാരുണ്യ പ്രബോധനങ്ങൾ സംബന്ധിച്ച പഠന കളരികൾ എന്നിവ സംഘടിപ്പിച്ച് രൂപതകൾ ദിവ്യകാരുണ്യ സംഗമങ്ങൾ സമുചിതമായി ആചരിച്ചു. സംസ്ഥാനതലത്തിൽ നടത്താൻ ഉദ്ദേശിച്ചിരുന്ന ദിവ്യകാരുണ്യ കോൺഗ്രസ് ഉചിതമായ മറ്റൊരു അവസരത്തിൽ നടത്തുന്നതിന് 2023 ഡിസംബറിൽ കൂടിയ കെസിബിസി തീരുമാനിച്ചിട്ടുണ്ട്.

## 2024 യുവജന വർഷം

2024 യുവജന വർഷമായി ആചരിക്കുന്നതിന് 2023 ഡിസംബറിൽ കൂടിയ കെസിബിസി തീരുമാനിച്ചിട്ടുണ്ട് കെസിബിസിയുടെ യുവജന കമ്മീഷൻ ഇതിന് നേതൃത്വം കൊടുക്കുന്നതാണ്.

## പ്രവർത്തന പദ്ധതി

സഭാ നവീകരണത്തിന് സഹായകരമായവിധം നവീകരണ കാലഘട്ടത്തിൽ ശ്രദ്ധിക്കേണ്ട മേഖലകൾ, നടത്തേണ്ട പ്രവർത്തനങ്ങൾ, നേതൃത്വം കൊടുക്കേണ്ടവർ എന്നിങ്ങനെ വ്യക്തമായ നിർദ്ദേശങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഒരു പ്രവർത്തന പദ്ധതിയും പ്രസിദ്ധം ചെയ്തിട്ടുണ്ട്.

*

**താളുകളിലൂടെ...**

www.malankaralibrary.com

# സാർവ്വത്രിക സഭയുടെ മതബോധനഗ്രന്ഥത്തിന് ഒരു ആമുഖം



ഫാ. ഡോ. ജോസ് പുതിയേടത്ത്

## ആമുഖം

ആധുനിക കാലഘട്ടത്തിന്റെ ആവശ്യങ്ങൾ മുന്നിൽകണ്ട് കാലത്തിനൊത്ത് സഭയെ നവീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിശുദ്ധ പിതാവ് ജോൺ 23-ാം മാർപ്പാപ്പ രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടിയത്. സഭാ നവീകരണത്തെ ലക്ഷ്യമാക്കി സമാരംഭിച്ച കൗൺസിലിൽ ഉരുത്തിരിഞ്ഞ സഭയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ എല്ലാവരുടേയും ശ്രദ്ധ ആകർഷിക്കുന്നതും സഭയെ നവീകരിക്കാൻ വളരെ പ്രാപ്തിയുള്ളതുമായിരുന്നു. സഭ എന്നാൽ എന്താണന്നും, സഭ സ്ഥാപിതമായിരിക്കുന്നത് എന്തിനുവേണ്ടിയാണന്നും, സഭ തന്റെ ദൗത്യം ഇന്നത്തെ കാലഘട്ടത്തിൽ നിറവേറ്റേണ്ടത് എങ്ങനെയാണന്നുമൊക്കെ വളരെ വ്യക്തവും ശക്തവുമായ രീതിയിൽ കൗൺസിൽ പഠിപ്പിച്ചു. ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ കൂട്ടായ്മയായ സഭ ക്രിസ്തുവിന്റെ മൗതിക ശരീരമാണന്നും (തിരുസഭ), സഭ സ്വഭാവത്താൽ തന്നെ പ്രേഷിതയാണന്നും (പ്രേഷിതപ്രവർത്തനം), പ്രേഷിതയായ സഭയുടെ അടിസ്ഥാനപരമായ ദൗത്യം സുവിശേഷപ്രഘോഷണമാണന്നും (പ്രേഷിതപ്രവർത്തനം) ഈ ദൗത്യം സഭ എപ്രകാരമാണ് ഈ ആധുനിക ലോകത്തിൽ നിർവഹിക്കേണ്ടതെന്നും



www.malankaralibrary.com

വളരെ വ്യക്തമായി കൗൺസിൽ പഠിപ്പിച്ചു. കൗൺസിലിന്റെ ഈ പ്രബോധനങ്ങൾ സഭയുടെ ജീവിതത്തെയും ശുശ്രൂഷകളെയും പ്രവർത്തന ശൈലികളെയും വളരെയേറെ സ്വാധീനിക്കുകയും സഭയുടെ പൊതുവായ ഉണർവ്വിന് നിദാനമാവുകയും ചെയ്തു.


സഭയുടെ ശുശ്രൂഷകളിൽ വളരെ പ്രധാനമായ മാറ്റങ്ങൾ സംഭവിച്ച ഒരു ശുശ്രൂഷാമേഖല മതബോധന രംഗമാണ്. കുട്ടികളുടെയും മുതിർന്നവരുടെയും വിശ്വാസപരിശീലനത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കാനും അതിനായി വേണ്ട നടപടികളെടുക്കാനും സഭാധികാരികൾ വളരെയേറെ ശ്രദ്ധിച്ചു. വത്തിക്കാൻ കൗൺസിലിനുശേഷം 1971-ൽ പ്രസിദ്ധീകരിക്കപ്പെട്ട സാർവ്വത്രിക സഭയുടെ മതബോധന ഡയറക്ടറി സഭയുടെ മതബോധനാ പ്രവർത്തനങ്ങളെ കൂടുതൽ ക്രമീകൃതവും സജ്ജീവവുമാക്കി. പിന്നീടു 1979-ൽ പ്രസിദ്ധീകരിക്കപ്പെട്ട മതബോധനം ഇന്ന് (കാറ്റക്കേസി ത്രഡന്തേ) എന്ന ചാക്രിക ലേഖനവും മതബോധന ശുശ്രൂഷാമേഖലയ്ക്ക് പുതിയ ദർശനങ്ങൾ നൽകാനും ഉണർവ്വു നൽകാനും വളരെയേറെ സഹായിച്ചു. അതുവഴി സാർവ്വത്രിക സഭയിൽ വിവിധ രാജ്യങ്ങളിൽ മതബോധന ശുശ്രൂഷ വളരെ ശക്തമായി തീർന്നു.

### രണ്ടാം വത്തിക്കൻ കൗൺസിലും സാർവ്വത്രിക മതബോധന ഗ്രന്ഥവും

രണ്ടാം വത്തിക്കാൻ കൗൺസിലിൽ ഉയർന്നുവന്ന ഒരു പ്രധാന ആശയമായിരുന്നു കത്തോലിക്കാ സഭയുടെ മതബോധന പ്രവർത്തനങ്ങളെ ക്രമീകരിക്കാനും ശക്തിപ്പെടുത്തുവാനുമായി സഭയ്ക്ക് പൊതുവായി ഒരു മതബോധന ഡയറക്ടറി പ്രസിദ്ധീകരിക്കണം എന്ന തീരുമാനം (മെത്രാന്മാർ 44). 1971-ൽ പ്രസ്തുത ഡയറക്ടറി **കാറ്റക്കെറ്റിക്കൽ ഡയറക്ടറി ഫോർ ദ് കാത്തലിക് ചർച്ച്** എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ഇതിന്റെ വെളിച്ചത്തിൽ പല രാജ്യങ്ങളിലും തനതായ മതബോധന ഡയറക്ടറികളും കുട്ടികൾക്കായുള്ള മതബോധന പാഠാവലികളും രൂപീകരിക്കപ്പെട്ടു. അങ്ങനെ സഭയിലാകമാനം മതബോധനരംഗത്ത് പുത്തൻ ഉണർവ്വും ഉന്മേഷവും ഉണ്ടാകുവാൻ ഇടയായി. എന്നാൽ അതുവഴി ചില സ്ഥല

www.malankaralibrary.com








ങ്ങളിലെങ്കിലും വിശ്വാസ രഹസ്യ ങ്ങളുടെ വ്യാഖ്യാനങ്ങളിലും വിശ ദീകരണങ്ങളിലും അൽപസ്വൽപ വ്യതിയാനങ്ങളും വ്യത്യാസങ്ങളും സംഭവിക്കാൻ ഇടയായി. അത് കത്തോലിക്കാ വിശ്വാസികളുടെ ഇടയിൽ അസ്വസ്ഥതകൾക്ക് കാര ണമായി. ഈ പശ്ചാത്തലത്തിൽ കത്തോലിക്കാ സഭയുടെ വിശ്വാസ രഹസ്യങ്ങൾ ഏവയൊക്കെയാ ണന്നും, അവരുടെ വിശ്വാസ ആചാരാനുഷ്ഠാനങ്ങൾ ഏതൊ ക്കെയാണന്നും, കത്തോലിക്കർ തങ്ങളുടെ ജീവിതത്തിൽ പാലി ക്കേണ്ട കാര്യങ്ങൾ ഏതൊക്കെ യാണന്നും വളരെ വ്യക്തമായും കൃത്യമായും അവതരിപ്പിക്കുന്ന ഒരു മതബോധന ഗ്രന്ഥം ഉണ്ടാക ണമെന്ന ആവശ്യം സഭയിൽ ഉയർന്നുവന്നു.

1985-ൽ കൂടിയ മെത്രാൻമാ രുടെ സിനഡിലെ പ്രധാനപ്പെട്ട ഒരു ചർച്ചാവിഷയം മതബോധനം അഥവാ വിശ്വാസ പരിശീലനം ആയിരുന്നു. അതിൽ പങ്കെടുത്ത സിനഡു പിതാക്കന്മാരുടെ ഇട യിൽ കത്തോലിക്കാ സഭയുടെ വിശ്വാസത്തെയും ധാർമ്മികനിയ മങ്ങളെയും സംബന്ധിച്ചുള്ള പ്രബോധനങ്ങളെ ഉൾപ്പെടുത്തി ഒരു മതബോധന ഗ്രന്ഥമോ മത ബോധന സംഗ്രഹമോ പ്രസിദ്ധീക രിക്കണം എന്ന ആശയം വളരെ ശക്തമായി ഉയർന്നു വന്നു. ഓരോ ക്രൈസ്തവനും തങ്ങളുടെ സഭ യുടെ വിശ്വാസ സത്യങ്ങൾ ഏതൊ ക്കെയാണന്നും വിശ്വാസ അനു ഷ്ഠാനങ്ങൾ ഏതൊക്കെയാ ണന്നും, അവർ തങ്ങളുടെ ജീവി തത്തിൽ പാലിക്കേണ്ട കാര്യങ്ങൾ ഏതൊക്കെയാണന്നും വ്യക്ത മായി അറിയാനും മനസ്സിലാ ക്കാനും ഇത്തരമൊരു മതബോധ നഗ്രന്ഥം പ്രസിദ്ധീകരിക്കേണ്ടത്

www.malankaralibrary.com




ആവശ്യമാണെന്ന മെത്രാന്മാരുടെ സിനഡിന്റെ ആവശ്യത്തിന് ഉത്തരമായിട്ടാണ് സാർവ്വത്രിക സഭയുടെ മതബോധന ഗ്രന്ഥം തയ്യാറാക്കണമെന്ന തീരുമാനം പരിശുദ്ധ പിതാവ് വിശുദ്ധ ജോൺ പോൾ പാപ്പയിൽനിന്നും ഉണ്ടായത്.

## സാർവ്വത്രിക സഭയുടെ മതബോധനഗ്രന്ഥത്തിന്റെ ആവശ്യകത

പഴയ കാലഘട്ടങ്ങളിലേതിനേക്കാൾ വ്യത്യസ്തമായി ആധുനിക കാലഘട്ടത്തിൽ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ സഭയുടെ വിശ്വാസ രഹസ്യങ്ങളെക്കുറിച്ച് വൈവിദ്ധ്യമാർന്നതും സ്വതന്ത്രവും തെറ്റിധാരണാജനകവുമായ പല പ്രബോധനങ്ങളും പ്രചരിക്കാൻ തുടങ്ങി. ഇത് പല വിശ്വാസികളിലും സംശയങ്ങൾക്കും അസ്വസ്ഥതകൾക്കും കാരണമായി. ഈ സാഹചര്യത്തിൽ ഏതാണ് സത്യവിശ്വാസം, എന്താണ് സത്യപ്രബോധനം എന്ന് വിശ്വാസികൾക്ക് വ്യക്തമായി പറഞ്ഞുകൊടുക്കേണ്ടത് ആവശ്യമായിവന്നു. കത്തോലിക്കാസഭ ഔദ്യോഗികമായി വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന കാര്യങ്ങൾ എന്താണെന്നും എന്തൊക്കെയാണെന്നും അറിയാനുള്ള അവകാശം എല്ലാ സഭാംഗങ്ങൾക്കുമുണ്ട്. അവ വേണ്ടവിധം പഠിപ്പിച്ചുകൊടുക്കാനുള്ള കടമ സഭാധികാരികൾക്കുമുണ്ട്. ഈ ആവശ്യം മനസ്സിലാക്കിയതുകൊണ്ടാണ് പരിശുദ്ധ പിതാവ് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ 1985-ലെ സിനഡിന്റെ ആഗ്രഹം പരിഗണിച്ച് 1986-ൽ സാർവ്വത്രിക സഭയുടെ മതബോധനഗ്രന്ഥം തയ്യാറാക്കുന്നതിനായി പന്ത്രണ്ടു കർദ്ദിനാൾമാരും ഏഴു മെത്രാന്മാരുമടങ്ങുന്ന ഒരുകമ്മിറ്റിയെ നിയോഗിച്ചത്. കർദ്ദിനാൾ ജോസഫ് റാറ്റ്സിംഗർ (ബെനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പ) ആയിരുന്നു ആ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ. ഈ കമ്മീഷന്റെ നിരന്തരവും വ്യാപക

www.malankaralibrary.com

വുമായ ആറു വർഷത്തെ പരിശ്രമത്തിന്റെ ഫലമായാണ് **കാറ്റക്കിസം ഓഫ് ദ് കാത്തലിക് ചർച്ച്** എന്ന സാർവ്വത്രിക സഭയുടെ മതബോധന ഗ്രന്ഥം 1992 ഒക്ടോബർ 11-ാം തിയതി പരിശുദ്ധ പിതാവ് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ സാർവ്വത്രിക സഭയ്ക്കുവേണ്ടി പ്രസിദ്ധീകരിച്ചത്.

## കത്തോലിക്കാ സഭയുടെ ആദ്യത്തെ സാർവ്വത്രിക മതബോധനഗ്രന്ഥം

സാർവ്വത്രിക സഭയിൽ പൊതുവായി ഒരു മതബോധന ഗ്രന്ഥം ആദ്യമായി പ്രസിദ്ധീകരിച്ചത് ത്രെന്തോസ് സൂനഹദോസിന്റെ തീരുമാനപ്രകാരമാണ്. 1562-ൽ കൂടിയ ത്രെന്തോസ് സൂനഹദോസിന്റെ തീരുമാനപ്രകാരം പരിശുദ്ധ പിതാവ് പീയൂസ് നാലാമൻ മാർപ്പാപ്പയാണ് റോമൻ കത്തോലിക്കാ സഭയ്ക്ക് പൊതുവായി ഒരു മതബോധന ഗ്രന്ഥം പ്രസിദ്ധീകരിക്കണമെന്ന് നിശ്ചയിച്ചത്. അതിനായി കർദ്ദിനാൾ ചാൾസ് ബൊറോമിയോയുടെ നേതൃത്വത്തിൽ ഒരു കമ്മറ്റിയെ പരിശുദ്ധ പിതാവ് പോൾ നാലാമൻ നിയമിക്കുകയും സഭയുടെ വിശ്വാസ സത്യങ്ങൾ എല്ലാം ഉൾക്കൊള്ളിച്ച് ഒരു വിശ്വാസ പ്രബോധന ഗ്രന്ഥം ഉണ്ടാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നാലു വർഷം കൊണ്ട് തയ്യാറാക്കിയ റോമൻ കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം 1566-ൽ പീയൂസ് അഞ്ചാമൻ മാർപ്പാപ്പ പ്രകാശനം ചെയ്തു. **കാറ്റക്കിസം ഓഫ് ദ് കൗൺസിൽ ഓഫ് ട്രെന്റ്** എന്ന പേരിലാണ് ഈ മതബോധനഗ്രന്ഥം അറിയപ്പെടുന്നത്.

മാർട്ടിൻ ലൂഥറും കാൽവിനും നേതൃത്വം കൊടുത്ത പ്രൊട്ടസ്റ്റന്റ് വിപ്ലവത്തിന്റെ ഫലമായി അനേകർ കത്തോലിക്കാ വിശ്വാസത്തിൽനിന്ന് അകന്നുപോയപ്പോൾ കത്തോലിക്കാ സഭയിലെ വിശ്വാസികളെ വിശ്വാസത്തിൽ നിലനിർത്തുന്നതിനും ഉറപ്പിക്കുന്നതിനും കത്തോലിക്കാ വിശ്വാസ രഹസ്യങ്ങളെക്കുറിച്ച് വിശ്വാസികളെ വ്യക്തമായി പഠിപ്പിക്കേണ്ടത് വളരെ ആവശ്യമായി വന്നു. ഈ ഒരു ആവശ്യം മുൻനിർത്തിയാണ് ഇത്തരമൊരു മതബോധനഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ ത്രന്തോസ് സൂനഹദോസ് തീരുമാനിച്ചത്. മാർട്ടിൻ ലൂഥർ പ്രസിദ്ധീകരിച്ച കാറ്റക്കിസത്തിന് ബദലായിട്ടുകൂടിയാണ് റോമൻ

www.malankaralibrary.com

കത്തോലിക്കാ സഭയ്ക്ക് പൊതുവായി **കാറ്റക്കിസം ഓഫ് ദ് കൗൺസിൽ ഓഫ് ട്രെന്റ്** എന്ന മതബോധന ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. കത്തോലിക്കാ സഭയുടെ വിശ്വാസരഹസ്യങ്ങൾ എല്ലാം വിശ്വാസികളെ കൃത്യമായും വ്യക്തമായും പഠിപ്പിക്കുവാൻ അജപാലകരായ വികാരിമാരെ സഹായിക്കുക എന്നതായിരുന്നു ഈ മതബോധനഗ്രന്ഥത്തിന്റെ പ്രധാന ലക്ഷ്യം. മൂന്നു വർഷം കൊണ്ട്, അതായത് നൂറ്റിയൻപത്ഞായറാഴ്ചകൊണ്ട് സഭയുടെ വിശ്വാസരഹസ്യങ്ങളെല്ലാം വികാരിമാർ ജനങ്ങളെ ഞായറാഴ്ച കുർബാന മദ്ധ്യേ പറഞ്ഞു പഠിപ്പിക്കുക എന്ന കണക്കുകൂട്ടലിലാണ് പ്രസ്തുത മതബോധന ഗ്രന്ഥം രൂപീകരിക്കപ്പെട്ടത്. ഈ ഗ്രന്ഥത്തിന്റെ ഉപയോഗം കത്തോലിക്കാ വിശ്വാസികളെ വിശ്വാസത്തിൽ ഉറപ്പിച്ച് നിർത്തുവാൻ വളരെയേറെ സഹായിച്ചതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

### കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിന്റെ ഘടന

കാറ്റക്കിസം ഓഫ് ദ് കൗൺസിൽ ഓഫ് ട്രന്റിന്റെ പ്രസിദ്ധീകരണത്തിന് ഏതാണ്ട് 426 വർഷത്തിനുശേഷമാണ് സാർവ്വത്രിക സഭയ്ക്ക് പൊതുവായി ഒരു മതബോധനഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടത്. കത്തോലിക്കാ സഭയുടെ വിശ്വാസ രഹസ്യങ്ങൾ വ്യക്തമായും സംശയരഹിതമായും അറിയാൻ വിശ്വാസികളെ സഹായിക്കുക, വിശ്വാസ പരിശീലന പാഠാവലികൾക്ക് ആവശ്യമായ ഉള്ളടക്കങ്ങൾ ലഭ്യമാക്കുക, വിശ്വാസ പരിശീലകരായ മതാദ്ധ്യാപകർക്ക് സംശയ ദുരീകരണത്തിന് സഹായിക്കുന്ന ഒരു റഫറൻസ് ഗ്രന്ഥം ഉണ്ടാകുക, അങ്ങനെ വിശ്വാസികളെ വിശ്വാസത്തിൽ വളർത്താനും ഉറപ്പിച്ചു നിർത്താനും സഹായിക്കുക എന്നിവയായിരുന്നു ഇത്തരമൊരു മതബോധന ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. കത്തോലിക്കാ സഭയുടെ ഔദ്യോഗിക പ്രബോധനങ്ങൾ അറിയാൻ ആഗ്രഹിക്കുന്ന ഏതൊരു വിശ്വാസ പ്രബോധകനും, വിശ്വാസിക്കും നൽകപ്പെട്ടിരിക്കുന്ന ഒരു ഔദ്യോഗിക റഫറൻസ് ഗ്രന്ഥം കൂടിയാണ് ഈ മതബോധന ഗ്രന്ഥം.

കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിന് ആകെ 2865 ഖണ്ഡികകളാണുള്ളത്.

www.malankaralibrary.com

ആമുഖഭാഗം കൂടാതെ ഇതിന് പ്രധാനമായും നാലുഭാഗങ്ങളുണ്ട്. അവ ആമുഖഭാഗം (1-25), വിശ്വാസത്തിന്റെ പ്രഘോഷണം അഥവാ നമ്മൾ വിശ്വസിക്കുന്ന കാര്യങ്ങൾ (26-1065) വിശ്വാസത്തിന്റെ ആഘോഷം അഥവാ നമ്മൾ ആചരിക്കുന്ന കാര്യങ്ങൾ (1066-1690), വിശ്വാസത്തിന്റെ ജീവിതം അഥവാ നമ്മൾ പാലിക്കുന്ന കാര്യങ്ങൾ 1691-2557), വിശ്വാസികളുടെ പ്രാർഥന അഥവാ നമ്മൾ പ്രാർഥിക്കുന്ന കാര്യങ്ങൾ (2558-2865). കത്തോലിക്കാ സഭ എന്തു വിശ്വസിക്കുന്നു, എന്തെല്ലാം കാര്യങ്ങൾ ആചരിക്കുന്നു, എന്തെല്ലാം കാര്യങ്ങൾ പാലിക്കുന്നു, എന്തെല്ലാം പ്രാർഥിക്കുന്നു എന്നിങ്ങനെ വിശ്വാസസംബന്ധമായ എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന ഗ്രന്ഥമാണ് കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം. കത്തോലിക്കാ വിശ്വാസത്തിന്റെ നാലു തൂണുകളായും ഇവ അറിയപ്പെടുന്നു. കത്തോലിക്കാ സഭയുടെ വിശ്വാസ സംഹിതയുടെ (ഡെപ്പോസിത്തും ഫിദേയി) നാലു പ്രധാന ഭാഗങ്ങളാണ് മേൽ പറഞ്ഞ നാലു കാര്യങ്ങൾ. ഈ നാലു ഭാഗങ്ങളിലുംകൂടി കത്തോലിക്കാ സഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. ഈ നാലു ഭാഗങ്ങളുടെയും വിശദീകരണങ്ങൾ തുടർന്നുവരുന്ന താലന്തിന്റെ ലക്കങ്ങളിൽ പ്രസിദ്ധീകരിക്കുന്നതാണ്.

*



www.malankaralibrary.com

# വിവാഹബന്ധത്തിന് മറ്റൊരർഥമില്ല:

## കത്തോലിക്കാസഭയുടെ വിശ്വാസ തിരുസംഘത്തിന്റെ ഔദ്യോഗിക പ്രഖ്യാപനം





**ഫാ. ഡോ. മൈക്കിൾ പുളിക്കൽ സിഎംഐ**
(സെക്രട്ടറി, കെസിബിസി ജാഗ്രത കമ്മീഷൻ)

വത്തിക്കാനിലെ വിശ്വാസ തിരുസംഘം ആശീർവാദങ്ങളുടെ അർത്ഥതലങ്ങൾ സംബന്ധിച്ച് 2023 ഡിസംബറിൽ പ്രസിദ്ധീകരിച്ച പ്രഖ്യാപനം അടിവരയിട്ടുറപ്പിക്കുന്ന വസ്തുത 'വിവാഹം' എന്ന പദത്തിനും കാഴ്ചപ്പാടിനും നിലവിൽ ഉള്ളതിൽ നിന്നു മാറ്റം വരുത്തി മറ്റൊരർത്ഥം കൽപ്പിക്കാൻ സഭയ്ക്കാവില്ല എന്ന് തന്നെയാണ്. ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിൽ മാത്രമുള്ള സുസ്ഥിരവും അവിഭാജ്യവുമായ കൂടിച്ചേരലാണ് വിവാഹം. ദമ്പതികൾ തമ്മിലുള്ള പരസ്പര സ്നേഹവും, സ്നേഹത്തിന്റെ പൂർണ്ണതയായി കുഞ്ഞുങ്ങളുടെ ജനനവും ലക്ഷ്യമാക്കുന്നതാണ് ഇത് (what constitutes marriage which is the "exclusive, stable, and indissoluble union between a man and a woman, naturally open to the generation of children") എന്ന് വ്യക്തമാക്കിക്കൊണ്ടാണ് പ്രബോധന രേഖയുടെ ആദ്യഭാഗം ആരംഭിക്കുന്നതു തന്നെ. സഭയുടെ പാരമ്പര്യവും പ്രബോധനങ്ങളും പ്രകാരം, കത്തോലിക്കാ സഭയിൽ ആശീർവദിക്കപ്പെടുന്ന ഒരു വിവാഹം നൈസർഗ്ഗികവും, യഥോചിതവും, പൂർണ്ണമായി മാനുഷിക അർഥം ഉൾക്കൊള്ളുന്നതുമായ ലൈംഗികത ഉറപ്പുവരുത്തുന്ന വിവാഹമായിരിക്കണം (only in this context that sexual relations find their natural, proper, and fully human

www.malankaralibrary.com

meaning). ആ അർഥത്തിൽ സ്വാഭാവിക വിവാഹ ബന്ധങ്ങൾ എന്ന വിധത്തിൽ സ്വവർഗ്ഗ വിവാഹം ആശീർവദിക്കാനുള്ള അധികാരം സഭയ്ക്ക് ഇല്ല (Church does not have the power to impart blessings on unions of persons of the same sex) എന്നും വിശ്വാസ തിരുസംഘം വ്യക്തമാക്കുന്നു.

വിശ്വാസ തിരുസംഘം പ്രസിദ്ധീകരിച്ച ഔദ്യോഗിക രേഖയെ ആത്മാർത്ഥമായി സമീപിക്കുന്ന ആർക്കും ആശയക്കുഴപ്പങ്ങൾ ഉണ്ടാകാനിടയില്ല. എങ്കിലും, അത് ചില തെറ്റിദ്ധാരണകൾക്ക് വഴിയൊരുക്കിയിട്ടുണ്ട്. മുഖ്യമായും ചില തൽപരകക്ഷികളുടെ മുൻവിധിയോടു കൂടിയ വ്യാജപ്രചാരണങ്ങളാണ് അതിന് അടിസ്ഥാന കാരണമെന്ന് തിരിച്ചറിയാവുന്നതാണ്. കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനായ ഫ്രാൻസിസ് പാപ്പയുടെ ചില വാക്കുകൾ വളച്ചൊടിച്ച് തെറ്റായ ലക്ഷ്യങ്ങളോടെ അവാസ്തവങ്ങൾ പ്രചരിപ്പിക്കാനും, പാപ്പയെയും കത്തോലിക്കാസഭയെയും അപകീർത്തിപ്പെടുത്താനും എക്കാലവും മുൻനിരയിൽ നിന്നിട്ടുള്ള ചില ഗ്രൂപ്പുകളുടെയും സെക്ടുകളുടെയും അനിയന്ത്രിത ലൈംഗിക അവകാശവാദികളുടെയും സാന്നിദ്ധ്യം ഈ വിഷയവുമായി ബന്ധപ്പെട്ട വിവാദങ്ങളിലും പ്രകടമാണ്.

## പ്രഖ്യാപനത്തിന്റെ പശ്ചാത്തലം

കേരളത്തിന്റെ സാമൂഹിക പശ്ചാത്തലത്തെക്കാളുപരി, ചില രാജ്യങ്ങളിൽ സ്വവർഗലൈംഗിക പങ്കാളിത്തവും ക്രമവിരുദ്ധ വിവാഹബന്ധങ്ങളും നിയമവിധേയമാക്കിയിട്ടുള്ള സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ പലപ്പോഴായി ഉയർന്നിട്ടുള്ള ചോദ്യങ്ങളും, രൂപപ്പെട്ടിട്ടുള്ള വിവാദങ്ങളുമാണ് വിശ്വാസതിരുസംഘത്തിന്റെ പ്രഖ്യാപനത്തിന് പിന്നിൽ പ്രധാനമായുമുള്ളത്. 'സഭ സ്വവർഗവിവാഹത്തെ ആശീർവദിക്കാൻ തീരുമാനമെടുക്കുന്നു' എന്ന വിധത്തിലുള്ള വ്യാജപ്രചരണങ്ങൾ പലപ്പോഴായി അനേകരിൽ തെറ്റിദ്ധാരണയുയർത്തിയിട്ടുള്ള പശ്ചാത്തലത്തിൽ ഈ പ്രബോധന രേഖ കൂടുതൽ പ്രാധാന്യമർഹിക്കുന്നു. രാഷ്ട്രനിയമങ്ങളിൽ മാറ്റങ്ങളുണ്ടായാലും വിവാഹത്തെ സംബന്ധിക്കുന്ന സഭയുടെ പ്രബോധനങ്ങളിലും നിലപാടുകളിലും മാറ്റങ്ങൾ ഉണ്ടായിട്ടില്ല എന്നു തന്നെയാണ് വിശ്വാസ

www.malankaralibrary.com

തിരുസംഘം ആവർത്തിച്ച് വ്യക്തമാക്കിയിരിക്കുന്നത്.

ഇവിടെ പ്രത്യേകം ഊന്നൽ നൽകി അവതരിപ്പിക്കുന്ന ആശയം സകല മനുഷ്യർക്കും (ക്രൈസ്തവർക്ക് മാത്രമല്ല) അനുഗ്രഹവും രക്ഷയുമായ ദൈവപുത്രനായ യേശുക്രിസ്തുവിനെക്കുറിച്ചാണ്. 'നാം പാപികളായിരിക്കെ, ക്രിസ്തു നമുക്കുവേണ്ടി മരിച്ചു. അങ്ങനെ നമ്മോടുള്ള സ്നേഹം ദൈവം പ്രകടമാക്കിയിരിക്കുന്നു' (റോമാ 5: 8), എന്ന വചനത്തെ മുൻനിർത്തി, പാപാവസ്ഥയെ കരുണയോടെ വീക്ഷിക്കുന്ന ദൈവത്തിന്റെ അടിസ്ഥാന സ്വഭാവത്തെ സാന്ദർഭികമായി നമ്മെ ഓർമ്മപ്പെടുത്തുന്ന ഫ്രാൻസിസ് പാപ്പയുടെ നിലപാടും ഈ ഔദ്യോഗിക രേഖയുടെ പശ്ചാത്തലമായി വിശ്വാസതിരുസംഘം എടുത്തുപറയുന്നു.

പലപ്പോഴായി വിശ്വാസതിരുസംഘം നൽകിവരുന്ന പ്രതികരണങ്ങളുടെ തുടർച്ചയായി, സ്വവർഗ്ഗ വിവാഹവുമായി ബന്ധപ്പെട്ട് ഉയർന്നിട്ടുള്ള ഔപചാരികവും അനൗപചാരികവുമായ നിരവധി ചോദ്യങ്ങളെ, മഹത്തരവും സമാശ്വാസം പകരുന്നതുമായ നിത്യസത്യത്തിന്റെ വെളിച്ചത്തിൽ വിശാലമായ വീക്ഷണങ്ങളോടെ ഉൾക്കൊണ്ടുകൊണ്ട് സമീപിക്കുകയാണ് വിശ്വാസ തിരുസംഘം ചെയ്തിട്ടുള്ളത് എന്ന കാര്യം ആമുഖ സന്ദേശത്തിൽ വ്യക്തമാക്കുന്നുണ്ട്. ഒന്നുകൂടി വ്യക്തമാക്കിയാൽ, സഭയുടെ മാറ്റമില്ലാത്ത പ്രബോധനങ്ങളെ ഒരിക്കൽകൂടി അടിവരയിട്ട് ഉറപ്പിക്കുന്നതോടൊപ്പം, ഈ കാലഘട്ടത്തിന്റെ സന്ദേഹങ്ങളെയും ആശയക്കുഴപ്പങ്ങളെയും തെറ്റിദ്ധാരണകളെയും തുടച്ചുനീക്കുന്നതിനുള്ള കാൽവയ്പ്പാണ് വിശ്വാസതിരുസംഘം സ്വീകരിച്ചിരിക്കുന്നത്. പ്രഖ്യാപനത്തിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ശരിയായ രീതിയിൽ വിശദീകരിക്കപ്പെടുന്നതിനേക്കാളേറെ, പദങ്ങളെയും ആശയങ്ങളെയും പ്രതിയുള്ള ദുർവ്യാഖ്യാനങ്ങളും വ്യാജപ്രചാരണങ്ങളും സമൂഹത്തിൽ പ്രചരിക്കപ്പെടാനിടയായ സാഹചര്യമാണ് ആശയക്കുഴപ്പങ്ങൾക്ക് കാരണമായത്.

## ആശീർവാദങ്ങളുടെ അർഥതലങ്ങൾ

ആശീർവാദങ്ങളുടെ അജപാലനപരമായ അർത്ഥത്തെക്കുറിച്ച് (On the Pastoral Meaning of Blessings) ആണ് വിശ്വാസതിരുസംഘ

www.malankaralibrary.com



ത്തിന്റെ പ്രഖ്യാപന രേഖ എഴുതപ്പെട്ടിരിക്കുന്നത്. അജപാലകരുടെ കൈവയ്പ്പിനെക്കുറിച്ചും ആശീർവാദങ്ങളെക്കുറിച്ചും സഭയുടെ പ്രബോധനങ്ങൾക്ക് വിരുദ്ധവും തെറ്റിദ്ധാരണാജനകവുമായ വ്യാഖ്യാനങ്ങളും അനുബന്ധ പ്രചാരണങ്ങളും വളരെയധികം വർധിച്ചിരിക്കുന്ന ഈ കാലഘട്ടത്തിന്റെ പ്രത്യേക പശ്ചാത്തലം ഈ പ്രബോധന രേഖയ്ക്കുണ്ട് എന്നുള്ളത് വ്യക്തമാണ്. കൂടുതൽ തെറ്റിദ്ധാരണകൾക്ക് ഇടയുണ്ടാകാത്ത വിധം, 'വിവാഹമെന്ന കൂദാശയിലെ ആശീർവാദം' ആദ്യഭാഗത്ത് വളരെ വ്യക്തമായി അവതരിപ്പിച്ചിരിക്കുന്നു. അതനുസരിച്ച്, മുമ്പ് വ്യക്തമാക്കിയതുപോലെ കത്തോലിക്കാ സഭയുടെ മാറ്റമില്ലാത്ത പ്രബോധനങ്ങൾ (Church's perennial teachings) പ്രകാരം വിവാഹബന്ധത്തിന് മറ്റൊരു അർഥമില്ല, അത് ഉണ്ടാവുകയുമില്ല.

ആദ്യമേ തന്നെ വിവാഹവുമായി ബന്ധപ്പെട്ട സഭയുടെ പ്രബോധനങ്ങൾ അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത വിധത്തിൽ വ്യക്തമാക്കിയതിന് ശേഷമാണ് ഈ പ്രബോധനരേഖയിൽ, 'വിവിധ ആശീർവാദങ്ങളുടെ അർഥം' എന്ന സുപ്രധാനവും ദീർഘവുമായ ഭാഗം അവതരിപ്പിക്കുന്നത്. ആശീർവാദങ്ങളുടെ വിശാലമായ വീക്ഷണത്തിലേക്കാണ് സഭ വിശ്വാസികളുടെ ശ്രദ്ധ ക്ഷണിക്കുന്നത്. സകല ജനങ്ങൾക്കും അവകാശമായ ക്രിസ്തു എന്ന ദൈവിക സമ്മാനത്തെക്കുറിച്ചും, വേർതിരിവുകളില്ലാതെ നൽകപ്പെടുന്ന ക്രിസ്തുവിൽനിന്നുള്ള അനുഗ്രഹത്തെക്കുറിച്ചുമാണ് തുടർന്നുള്ള ഭാഗങ്ങളിൽ പ്രബോധന രേഖ വിശദീകരിക്കുന്നത്.

ആരാധനാക്രമപരമായി ആശീർവാദങ്ങളെ സമീപിക്കുമ്പോൾ അത് നിർബ്ബന്ധമായും ദൈവേച്ഛയ്ക്ക് വിധേയപ്പെട്ടുള്ളതും സഭാപ്രബോധനങ്ങൾക്ക് അനുസൃതവും ആയിരിക്കേണ്ടതുണ്ടെങ്കിലും, ആശീർവാദങ്ങൾക്ക് മറ്റൊരു തലം കൂടിയുണ്ട്. അടിസ്ഥാനപരമായി മനുഷ്യന്റെ സഹനങ്ങൾക്കും, അധ്വാനത്തിനും, നേട്ടങ്ങൾക്കും മേൽ ദൈവകൃപ

www.malankaralibrary.com

യാചിക്കുന്നതിനും, അനുഗ്രഹ ത്തിനായി അപേക്ഷിക്കുന്നതിന്റെ ഭാഗമായും, തിന്മയുടെ ശക്തിയെ നിയന്ത്രിക്കുന്നതിനും വേണ്ടി യാണ് വിശ്വാസികൾ ആശീർ വാദം സ്വീകരിക്കുന്നത്. ഒപ്പം ദൈവത്തോടുള്ള നന്ദിപ്രകടനം കൂടിയാണത്. ഇക്കാരണങ്ങളാൽ ആശീർവാദം അഭ്യർത്ഥിക്കുന്ന വരുടെ സ്വാഭാവിക പ്രകൃതിയെ വിശ്വാസം വഴി ശക്തിപ്പെടുത്താ നായി സഭ പ്രോത്സാഹിപ്പി ക്കുന്നു എന്ന് പ്രബോധനരേഖ വ്യക്തമാക്കുന്നുണ്ട്. എല്ലായ് പ്പോഴും എവിടെയും പരിശുദ്ധാ ത്മാവിൽ ക്രിസ്തുവഴി ദൈവത്തെ മഹത്വപ്പെടുത്താനുള്ള അവസരം സംലഭ്യമാകേണ്ടതുണ്ട് എന്ന താണ് സഭയുടെ ഇക്കാര്യത്തിലെ നിലപാട്. എന്നാൽ, വസ്തുക്കളും സ്ഥലങ്ങളും സാഹചര്യങ്ങളും നിയമത്തിനും സുവിശേഷ ത്തിന്റെ അന്തഃസത്തയ്ക്കും വിരുദ്ധമാകാതിരിക്കാനുള്ള ശ്രദ്ധ (Pastoral Prudence) ആവശ്യമാ ണെന്നും രേഖ ഓർമ്മിപ്പിക്കുന്നു.

## ക്രമവിരുദ്ധ അവസ്ഥകളിലുള്ള പങ്കാളികളെ ആശീർവദിക്കു ന്നതിനെക്കുറിച്ച്

ആശയക്കുഴപ്പങ്ങൾ ഒഴിവാക്ക പ്പെടേണ്ടതുള്ളതിനാൽ, ഇത്തരം ജീവിതാവസ്ഥകളിൽ ഉള്ളവർക്ക് ആശീർവാദം നൽകുന്നതിനായി ഒരു പൊതു രൂപരേഖയോ രീതിയോ രൂപപ്പെടുത്താൻ പാടില്ല എന്ന് പ്രബോധന രേഖ വ്യക്തമാ ക്കുന്നുണ്ട്. വിവാഹം ഉൾപ്പെടെ ഒട്ടേറെ ആശീർവാദങ്ങൾക്കായി നിയതമായ രീതികളും അതിനാവ ശ്യമായ പ്രാർഥന പുസ്തകങ്ങളും ഉണ്ടായിരിക്കെ, അപ്രകാരമൊന്ന് ഇക്കാര്യത്തിൽ പാടില്ല എന്ന നിർ ദ്ദേശമാണ് വത്തിക്കാൻ നൽകു ന്നത്. മാത്രമല്ല, സാധാരണ ആശീ ർവാദങ്ങളിൽനിന്ന് വ്യത്യസ്ത മായി, ദൈവകരുണയും ദൈവ ത്തിന്റെ സഹായവും യാചിക്കു ന്നവരെന്ന് സ്വയം വിലയിരുത്തു ന്നവരായി തങ്ങൾക്ക് മുന്നിലു ള്ളവരെ പരിഗണിച്ചുകൊണ്ടു കൂടി വേണം വൈദികൻ അവരെ ആശീർവദിക്കേണ്ടത് എന്ന് പ്രത്യേകം വ്യക്തമാക്കിയിരി ക്കുന്നു. ഇത്തരമൊരു നിർദ്ദേശം



www.malankaralibrary.com

കൃത്യമായി നല്കിയിരിക്കുന്നതിനാൽ തന്നെ, പങ്കാളികൾ എന്ന നിലയിലോ, പങ്കാളിത്തത്തെ പരിഗണിച്ചുകൊണ്ടോ ഉള്ള ആശീർവാദമല്ല, വ്യക്തികൾ എന്ന നിലയിൽ അവരുടെ പാപാവസ്ഥയെ ഉൾക്കൊണ്ടുകൊണ്ടുള്ള ആശീർവാദമാണ് നല്കാവുന്നത് എന്ന് സുവ്യക്തമാണ്.

ഏതെങ്കിലും രാജ്യത്തെ നിയമങ്ങൾ പ്രകാരം വിവാഹം ചെയ്യുന്നവരെങ്കിൽ, അത്തരമുള്ള ഏതെങ്കിലും നടപടിക്രമങ്ങളുമായി ബന്ധപ്പെട്ടോ, അതുമായി ബന്ധപ്പെട്ട എന്ന് തെറ്റിദ്ധരിക്കുന്ന വിധത്തിലോ (വേഷവിധാനങ്ങൾ കൊണ്ടോ, രൂപഭാവങ്ങൾ കൊണ്ടോ, വാക്കുകൊണ്ടുപോലുമോ) ആശീർവാദങ്ങൾ നൽകാൻ പാടില്ല എന്ന് ക്രമവിരുദ്ധ അവസ്ഥകളിലും, സ്വവർഗ്ഗ പങ്കാളികൾ എന്ന നിലയിലുമുള്ളവർക്ക് ആശീർവാദം നൽകുന്നതുമായി ബന്ധപ്പെട്ട് രേഖ വ്യക്തമാക്കുന്നു. മറിച്ച്, മറ്റു സാഹചര്യങ്ങളിൽ ദൈവാലയങ്ങൾ സന്ദർശിക്കുമ്പോഴോ, വൈദികനെ കണ്ടുമുട്ടുമ്പോഴോ, തീർഥാടന കേന്ദ്രങ്ങളിൽ എത്തുമ്പോഴോ ആവശ്യപ്പെടുന്ന പക്ഷം, തിരുസഭയുടെ മാതൃഹൃദയത്തിന്റെ വെളിപ്പെടുത്തൽ എന്ന വിധത്തിൽ കരുണയോടെ ചേർത്തു നിർത്തുന്നതിന്റെ ഭാഗമായി മാത്രമാണ് അത്തരം വ്യക്തികൾക്ക് ആശീർവാദം നൽകാവുന്നത്.

ചുരുക്കിപ്പറഞ്ഞാൽ, വ്യാപകമാകുന്ന തെറ്റിദ്ധാരണകൾക്കും ആശയക്കുഴപ്പങ്ങൾക്കും മധ്യേ കത്തോലിക്കാ സഭയുടെ ഈ വിഷയത്തിലുള്ള നിലപാട് വ്യക്തമാക്കുകയാണ് വിശ്വാസ തിരുസംഘം. ദൈവത്തിന്റെ കരുണയും അനന്തസ്നേഹവും, ക്രിസ്തുവിന്റെ അനുഗ്രഹവും സകല മനുഷ്യർക്കും അവകാശപ്പെട്ടതാണെന്നിരിക്കെ മുൻവിധികളോടെ ചിലരെ മാറ്റിനിർത്തേണ്ടതില്ല എന്നതാണ് സഭയുടെ കാഴ്ചപ്പാട്. അതിനാൽ, കരുണയും സഹായവും യാചിച്ച് ദൈവതിരുമുമ്പിൽ എത്തുന്നവരെ സുവിശേഷത്തോടുള്ള വിശ്വസ്തതയിലേക്കും പക്വമായ ബന്ധങ്ങളിലേക്കുള്ള പരിവർത്തനത്തിലേയ്ക്കും നയിക്കാനുള്ള കൃപയ്ക്കായി വൈദികർക്ക് പ്രാർത്ഥിക്കാവുന്നതാണ് എന്ന് പ്രബോ

www.malankaralibrary.com

ധനരേഖ വ്യക്തമാക്കുന്നു. മാറി മറിഞ്ഞുകൊണ്ടിരിക്കുന്ന ലോക സാഹചര്യങ്ങളിലും സഭയുടെ എക്കാലത്തെയും നിലപാടിനെ ഒരിക്കൽക്കൂടി ഉറപ്പിച്ചു പ്രഖ്യാപി ക്കുകയാണ് ഇവിടെ വിശ്വാസ തിരുസംഘം ചെയ്തിരിക്കുന്നത്.

ദൈവകരുണയ്ക്ക് മുന്നിൽ സ്വയം സമർപ്പിക്കാനും പരിവർ ത്തനവിധേയരാകാനുമുള്ള അവസരം ആർക്കും നിഷേധിക്ക പ്പെടാൻ പാടില്ല എന്ന നിലപാട് സഭ ഈ വിഷയത്തിൽ സ്വീകരി ക്കുമ്പോഴും, സ്വവർഗ്ഗ - ക്രമ വിരുദ്ധ പങ്കാളിത്തങ്ങൾ സംബ ന്ധിച്ച് ചില ലോകരാജ്യങ്ങളുടെ സിവിൽ നിയമങ്ങളിൽ സംഭവി ച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ ക്കിടയിലും, അത്തരമൊരു പങ്കാളിത്തത്തെ വിവാഹം എന്ന അർത്ഥത്തിൽ പരിഗണിക്കാനാ വില്ലെന്നും, സഭയുടെ വിവാഹ ആശീർവാദത്തിന്റെ പരിധിയിൽ ഇത്തരം പങ്കാളിത്തങ്ങളെ ഉൾ പ്പെടുത്താനുള്ള അധികാരം സഭയ്ക്കില്ലെന്നും വത്തിക്കാ നിലെ വിശ്വാസതിരുസംഘം വ്യക്തമാക്കിയിരിക്കുകയാണ്.


അനിയന്ത്രിതമായും നിർബ ന്ധിതമായും LGBTQIA+ സംഘട നകളും കൂട്ടായ്മകളും മുന്നോട്ടു വയ്ക്കുന്ന ലൈംഗിക സങ്കൽപ്പ ങ്ങളെയും നവ ലൈംഗിക പങ്കാ ളിത്ത - വിവാഹ കാഴ്ചപ്പാടുക ളെയും തള്ളിക്കളയുകയും സഭ യുടെ നിലപാടുകളെ ശക്ത മായും ആവർത്തിച്ചും വ്യക്തമാ ക്കുകയുമാണ് ഈ പ്രഖ്യാപനം. കൂടുതൽ ധാർമ്മിക ചർച്ചക ൾക്കും ദൈവശാസ്ത്ര സംവാദ ങ്ങൾക്കും ഈ പ്രഖ്യാപനം വേദിയാകുന്നത് സ്വാഗതാർഹം തന്നെയാണ്. എന്നാൽ, ഫ്രാൻ സീസ് മാർപാപ്പയും വിശ്വാസ തിരുസംഘവും വിവാഹത്തെ ക്കുറിച്ചുള്ള സഭയുടെ പരമ്പരാ ഗതമായ പ്രബോധനങ്ങളെ നിരാ കരിച്ച്, സ്വവർഗ്ഗ വിവാഹത്തെ അംഗീകരിച്ചു എന്ന വിധത്തി ലുള്ള വാദങ്ങൾ തീർത്തും വാസ്തവ വിരുദ്ധമാണ്. വിശ്വാ സികളെ ഭിന്നിപ്പിക്കാനും ധാർ മിക - കുടുംബ വിഷയങ്ങളി ലുള്ള സഭയുടെ ശക്തമായ നില പാടുകളെ അവഹേളിക്കാനു മുള്ള ഇത്തരം ശ്രമങ്ങളെ നാം ജാഗ്രതയോടെ തിരിച്ചറിയുക തന്നെ വേണം.

*

**താളുകളിലൂടെ...**

www.malankaralibrary.com

# പാപസർപ്പപിശാചിന്റെ തല
## തകർക്കുവാൻ വരുന്ന സ്ത്രീയുടെ സന്തതിയെ കാത്തു കഴിയുന്ന മനുഷ്യൻ





**എം. കോഴിമണ്ണിൽ**

പകൽ അതിന്റെ പണി കഴിഞ്ഞ് അവശേഷിച്ച അന്തിവെയിലും വാരിക്കെട്ടി പടിയിറങ്ങുന്നു. പണി തുടങ്ങുവാനായി തോളിൽ ഇരുളിന്റെ ഭാണ്ഡവുമായി കയറി വരുന്നു രാത്രി. കുടുംബനാഥനെ കാത്തിരിക്കുന്ന നാൽവർ കുടുംബത്തിലെ മൂന്നുപേർ. കുടുംബനാഥയും ഇരുമക്കളും. കാത്തിരുന്നു കൂടുതൽ മടുത്ത കുഞ്ഞുങ്ങൾ.

തോളിലെ ഭാണ്ഡമഴിച്ച് പതിയെ ഇരുൾ വാരിവിതറുന്നു രാത്രി.

ഇനിയും അപ്പനെത്തിയിട്ടില്ല. ഇരു കുഞ്ഞുങ്ങളും അമ്മയോടു തിരക്കി. അപ്പൻ വരാൻ ഇന്നെന്തേ ഒത്തിരി താമസിക്കുന്നു.

അമ്മ പറഞ്ഞാശ്വസിപ്പിച്ചു: 'താമസിയാതെ വരും മക്കളെ '.

പകലന്തിയോളം പണിതിട്ട് കിഴങ്ങുകളും പഴങ്ങളുമൊക്കെയായി അപ്പൻ വരിക പതിവാണ്.

അതെല്ലാം അമ്മയെ ഏൽപിച്ചിട്ട്, വിയർത്തൊലിച്ചു മണ്ണു പറ്റിയ ദേഹവും ഉടുവസ്ത്രവുമെല്ലാം തൊട്ടടുത്തൊഴുകുന്ന പളുങ്കു പോലെ തെളിനീരൊഴുകുന്ന തോട്ടിൽ കഴുകി വൃത്തിയാക്കിയിട്ടേ അപ്പൻ വരികയുള്ളു. തോട്ടരികിലെത്തുമ്പോഴേക്കും തോട്ടിലൊഴുകുന്ന ജലധാരപോലെ അപ്പന്റെ കണ്ണിൽ നിന്നും കുടുകുടാ കണ്ണീരൊഴുകും. കാരണം ഇപ്പോൾ ഇതൊഴുകി പോകുന്നതേ

www.malankaralibrary.com

കാണാനാവൂ. നുരകൾ വിട്ടുയർന്നു വരുന്ന മനോഹരമായ ഇതിന്റെ ഉറവിടം കണ്ടു സന്തോഷിച്ചിരുന്നത് ഇനി കാണാനാവില്ല. ഇതു മാത്രമല്ല, ഇതുപോലെ മൂന്നെണ്ണം കൂടി. നാലു ദിക്കിലേക്കും ഒന്നു വീതം.

അപ്പൻ കഴുകി വൃത്തിയായി വരുമ്പോഴേക്കും കഴിക്കാനുള്ള തൊക്കെ ഒരുക്കിവെച്ചിരിക്കും അമ്മ. നാൽവർ കുടുംബസംഘം അത്താഴത്തിനിരിക്കുമ്പോൾ മക്കൾക്കു കേൾക്കുവാനായി അപ്പൻ പഴയ കാലത്തിന്റെ ഓർമ്മകളുടെ ചുരുളുകളഴിക്കും.

കുറ്റബോധത്തോടെ, ചിലപ്പോൾ ദീർഘ നിശ്വാസത്തോടെ അമ്മയും വളരെ ഉദ്വേഗത്തോടെ മക്കളിരുവരും കേട്ടിരിക്കും.

അദ്ധ്വാനമെന്തെന്നറിയാതെ പൂർണ സമാധാനത്തോടും സന്തോഷത്തോടും കഴിഞ്ഞൊരു കാലമുണ്ടായിരുന്നു.

സ്വാദിഷ്ഠങ്ങളായ നിരവധി തരം പഴങ്ങൾ വേണമെന്നു തോന്നുമ്പോഴൊക്കെ പറിച്ചു തിന്നുവാൻ പാകത്തിൽ എപ്പോഴും കയ്യെത്തും ദൂരത്തിൽ.

കഴിക്കണമെന്നു കൊതി തോന്നുന്നതെന്തും കഴിക്കുവാൻ പാകത്തിൽ എപ്പോഴും കയ്യെത്തും ദൂരത്തിൽ.

നറുതേനും പലവിധ പഴങ്ങളും ആവുംവിധം ആസ്വദിക്കാനരികിലെപ്പോഴും.

അതെല്ലാം പോകട്ടെ...

ഉടയവനോടൊത്തു നടന്ന കാലത്തിന്റെ സന്തോഷാനുഭവം ...

എല്ലാം എന്നേക്കുമായി നഷ്ടമായല്ലോ എന്നറിയുമ്പോൾ സഹിക്കാനാവാത്ത മനോവേദന !

(തുടരും....)

**താളുകളിലൂടെ...**

## Feast Day of Bishops

| | | |
|---|---|---|
| 1. | Baselios Cardinal Cleemis Catholicos | January 01 |
| 2. | Bp. Yoohanon Mar Theodosius | January 11 |
| 3. | Rt. Rev. Dr. Paul Antony Mullassery | January 15 |
| 4. | Mar Peter Kochupurackal | January 15 |
| 5. | Rt. Rev. Dr. Sebastian Thekethecheril | January 20 |
| 6. | Dr. Joshua Mar Ignathios | January 29 |

www.malankaralibrary.com





ഷെവ. ഡോ. പ്രീമൂസ്
പെരിഞ്ചേരി

## അദ്ഭുതം, ദിവ്യാദ്ഭുതം!

കാനായിൽവെള്ളം വീഞ്ഞാക്കിമാറ്റിയ-
താദ്യത്തെ അദ്ഭുതമല്ലോ
സീയോനിൽ വീഞ്ഞിനെ തിരുരക്തമാക്കിയ-
തേറ്റവുംശ്രേഷ്ഠമാമദ്ഭുതവും!
അതിനാലേ മാനവരക്ഷ സാധിച്ചതും
മോക്ഷം തുറന്നതും അത്യദ്ഭുതം!

നിൻതിരുരക്തവും മാംസവും ഞങ്ങൾക്കു
ഭോജ്യമായ് ത്തന്നതുപരമാദ്ഭുതം
അതിനായീ ഭൂമിയിൽ സക്രാരിയിൽ വാഴും
സ്നേഹമതെത്രയോ മഹിതാദ്ഭുതം!

ലോകാന്തനാളിൽ നീ വീണ്ടും വരുന്നതും
സ്വർഗത്തിൽ ഞങ്ങളെ ചേർക്കുന്നതും
വിശ്വസിക്കാനേറെ ക്ലേശമുണ്ടെങ്കിലും
സത്യവിശ്വാസമീ ദിവ്യാദ്ഭുതം!

www.malankaralibrary.com

കവിത



**നിഷ സജി**
**നെടുങ്കണ്ടം**

# മാതാവിനോട്

സർവംസഹയായ മാതാവേ
യേശുവിന്നമ്മേ മാതാവേ
ലോകരക്ഷകനമ്മയായിട്ടും
നേടിയതെല്ലാം വ്യാകുലങ്ങൾ!

ദൈവത്തിന്നമ്മേ സ്വർഗപുത്രീ
യാചിക്കുവോർക്കെന്നും ആലംബമേ
ലോകത്തിൻ മിഴിനീർ തുടയ്ക്കുവാനായ്
ചിരിതൂകിനില്ക്കുന്നൊരമ്മയല്ലേ?

നിഴലായ് നീയെന്റെ കൂടെയുണ്ട്
കൂട്ടായി നീയെന്നും ചാരെയുണ്ട്
പുഴയായ്, പൂവായ്, പൂനിലാവായ്
പാലിച്ചിടേണമേ, മേരിയമ്മേ!

**താളുകളിലൂടെ...**

www.malankaralibrary.com

## കെസിബിസി ബൈബിൾ കമ്മീഷൻ
## ലോഗോസ് ക്വിസ് - മാതൃകാ ചോദ്യങ്ങൾ

(ന്യായാ 1:10, ലൂക്കാ 9:16, 2 കോറി 7:13, പ്രഭാ 34:40)

1. യൂദാ ഗോത്രക്കാർ ജെറുസലേമിനോട് ചെയ്തത് എന്ത് ? ന്യായാ 1:8
2. ആഷേർ ഗോത്രക്കാർ തദ്ദേശവാസികളായ കാനാന്യരുടെ ഇടയിൽ ജീവിക്കാൻ കാരണമെന്ത് ? ന്യായാ 1:31-32
3. ജോഷ്വാ മരിച്ചപ്പോൾ അവനെ അടക്കിയത് എവിടെ ? ന്യായാ 2:9
4. ഇസ്രായേൽ ജനം കർത്താവിനെ പ്രകോപിപ്പിച്ചത് എങ്ങനെ ? ന്യായാ 2:11-12
5. ഇസ്രായേൽക്കാരെ പരീക്ഷിക്കാൻ വേണ്ടി കർത്താവ് ശേഷിപ്പിച്ച ജനതകൾ ഏവ ? ന്യായാ 3:3
6. എഗ്ലോൻ രാജാവിനെ സേവിച്ചു കഴിഞ്ഞിരുന്ന ഇസ്രായേൽ ജനത നിലവിളിച്ചപ്പോൾ കർത്താവ് അവർക്ക് വിമോചകനായി നൽകിയത് ആരെ ? ന്യായാ 3:15
7. കാനാൻ രാജാവായ യാബീനിന്റെ കാലത്ത് ഇസ്രായേലിൽ ന്യായപാലനം നടത്തിയിരുന്നത് ആര് ? ന്യായാ 4:4
8. ആര് താഴേക്ക് അണിയായി നീങ്ങി എന്നാണ് ദബോറയുടെ കീർത്തനത്തിൽ പറയുന്നത് ? ന്യായാ 5:14
9. കാനാൻ രാജാക്കന്മാർ പ്രത്യാക്രമണം നടത്തിയത് എവിടെ ? ന്യായാ 5:19
10. ഗിദെയോൻ കർത്താവിന്റെ ദൂതന് കാഴ്ച വച്ചത് എന്ത് ? ന്യായാ 6:19
11. ഗിദെയോൻ സന്ദേശവാഹകരെ അയച്ചത് എങ്ങോട്ടെല്ലാം ? ന്യായാ 6:35
12. പിടികൂടിയ മിദിയാൻ പ്രഭുക്കളെ എഫ്രായിംകാർ എന്തു ചെയ്തു ? ന്യായാ 7:25
13. "എഴുന്നേറ്റ് അവരെ കൊല്ലുക", ആര് ആരോട് പറഞ്ഞു ? ന്യായാ 8:20
14. അബിമലക്കിനെ രാജാവായി വാഴിച്ചത് ആര് ? എവിടെ വച്ച്? ന്യായാ 9:6
15. "ഇത് അബിമലക്ക് അറിഞ്ഞു." അവൻ അറിഞ്ഞത് എന്ത് ? ന്യായാ 9:25
16. 'ഇസ്രായേൽ വലിയ ക്ലേശം അനുഭവിച്ചു.' എന്തുകൊണ്ട് ? ന്യായാ 10:9
17. ദൈവഭക്തി ഇല്ലാത്തവന്റെ ബലികളെപറ്റി പ്രഭാഷകൻ പഠിപ്പിക്കുന്നത് എന്ത് ? പ്രഭാ 34:23

www.malankaralibrary.com

18. കർത്താവ് കടാക്ഷിക്കുന്നവർക്ക് അവിടുന്ന് എന്തെല്ലാമായി വർത്തിക്കുന്നു ? പ്രഭാ 34:19
19. മേഘങ്ങളോളം എത്തുന്നത് എന്ത് ? മേഘങ്ങൾ തുളച്ച് കയറുന്നത് എന്ത് ? പ്രഭാ 35:20–21
20. ജെറുസലേമിനെ പ്രഭാഷകൻ വിശേഷിപ്പിക്കുന്നത് എന്ത് ? പ്രഭാ 36:18
21. മറ്റുള്ളവരെക്കാൾ ഭാഗ്യവാനായ ഭർത്താവ് ആര് ? പ്രഭാ 36:28
22. ആരോട് ഒട്ടിനിൽക്കാനാണ് പ്രഭാഷകൻ ഉപദേശിക്കുന്നത് ?പ്രഭാ 37:12
23. ചിന്തയുടെ 4 ശാഖകൾ ഏവ ? അവയുടെ നിയന്താവ് ആര് ? പ്രഭാ 37:18
24. അവനും കർത്താവിനോട് പ്രാർത്ഥിച്ചിട്ടുണ്ട് എന്ന് പ്രഭാഷകൻ പറയുന്നത് ആരെക്കുറിച്ച് ? എന്തിനുവേണ്ടിയാണ് പ്രാർത്ഥിച്ചത് ? പ്രഭാ 38:14
25. കുശവൻ ചെയ്യുന്നത് എന്തെല്ലാം ? പ്രഭാ 38:30
26. അതിരാവിലെ താല്പര്യപൂർവ്വം എഴുന്നേൽക്കുന്നത് ആര്? എന്തിനുവേണ്ടി ? പ്രഭാ 39:1,5
27. ദൈവഭക്തർക്ക് നന്മയായത് ഏവ ? പ്രഭാ 39:26
28. എല്ലാ ജീവികൾക്കും വന്നുചേരുന്നത് എന്ത് ? പ്രഭാ 40:8–9
29. ഹെറോദേസ് രാജാവ് പരിഭ്രാന്തനായത് എന്തുകൊണ്ട് ? ലൂക്കാ 9:7–8
30. മനുഷ്യപുത്രൻ ലജ്ജിക്കുന്നത് ആരെക്കുറിച്ച് ? എപ്പോൾ ? ലൂക്കാ 9:26
31. യേശുശിഷ്യന്മാരുടെ നേരെ തിരിഞ്ഞ് അവരോട് മാത്രമായി പറഞ്ഞത് എന്ത് ? ലൂക്കാ 10:23–24
32. ആരാണ് എന്റെ അയൽക്കാരൻ എന്ന് യേശുവിനോട് ചോദിച്ചത് ആര് ? എന്തിനുവേണ്ടി ? ലൂക്കാ 10:25,29
33. ഈ തലമുറ എന്തിന് ഉത്തരം പറയേണ്ടിവരും എന്നാണ് യേശു പഠിപ്പിക്കുന്നത് ? ലൂക്കാ 11:50–51
34. ജനക്കൂട്ടത്തോട് എന്ത് പറഞ്ഞതിന് ശേഷമാണ് യേശു ഭോഷനായ ധനികന്റെ ഉപമ അവരോട് പറഞ്ഞത് ? ലൂക്കാ 12:15
35. ആര് കഠിനമായി പ്രഹരിക്കപ്പെടും എന്നാണ് യേശു പഠിപ്പിക്കുന്നത് ? ലൂക്കാ 12:47
36. "അത് വെട്ടിക്കളയുക. എന്തിന് നിലം പാഴാക്കണം ?" ആര് ആരോട് പറഞ്ഞു ? ലൂക്കാ 13:6–7
37. സാബത്തിൽ രോഗശാന്തി നൽകുന്നത് അനുവദനീയമോ അല്ലയോ എന്ന് യേശു ചോദിച്ചത് ആരോട് ? എവിടെ വെച്ച് ? ലൂക്കാ 14:1,3

www.malankaralibrary.com

38. എന്റെ ശിഷ്യൻ ആയിരിക്കുവാൻ കഴിയുകയില്ല എന്ന് യേശു പറയുന്നത് ആരെക്കുറിച്ച് ? ലൂക്കാ 14:27
39. വയലിൽ ആയിരുന്ന മൂത്തമകൻ തിരിച്ചു വന്നപ്പോൾ വേലക്കാരൻ പറഞ്ഞത് എന്ത് ? ലൂക്കാ 15:27
40. പരാതി ലഭിച്ചപ്പോൾ യജമാനൻ കാര്യസ്ഥനെ വിളിച്ച് ചോദിച്ചത് എന്ത് ? ലൂക്കാ 16:2
41. 'ഞാൻ അത്യധികം സന്തോഷിച്ചു' എന്ന് വിശുദ്ധ പൗലോസ് രേഖപ്പെടുത്തുന്നത് എന്തിനെക്കുറിച്ച് ? 2 കോറി 7:7
42. തീത്തോസ് വികാരതരളിതനാകുന്നത് എപ്പോൾ ? 2 കോറി 7:15
43. എന്ത് സാക്ഷ്യപ്പെടുത്താൻ തനിക്ക് സാധിക്കും എന്നാണ് വിശുദ്ധ പൗലോസ് പറയുന്നത് ? 2 കോറി 8:3
44. വിശുദ്ധ പൗലോസ് തീത്തോസിനെപറ്റി പറയുന്നത് എന്ത് ? 2 കോറി 8:23
45. ഒമ്പതാം അധ്യായത്തിൽ വിശുദ്ധ പൗലോസ് പ്രതിപാദിക്കുന്ന പഴയ നിയമഭാഗം ഏത് ? സങ്കീ 112:9
46. തന്നെപ്പറ്റി ചിലർ പറയുന്നതായി വിശുദ്ധ പൗലോസ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ത് ? 2 കോറി 10:10
47. കോറിന്തോസുകാർ ആരോടെല്ലാം സഹിഷ്ണുത പുലർത്തുന്നുണ്ട് എന്നാണ് വിശുദ്ധ പൗലോസ് പറയുന്നത് ? 2 കോറി 11:20
48. ഏതെല്ലാം കാര്യങ്ങളിലാണ് വിശുദ്ധ പൗലോസ് ക്രിസ്തുവിനെപ്രതി സന്തുഷ്ടനായിരിക്കുന്നത് ? 2 കോറി 12:10
49. "എന്ത് ഞങ്ങൾക്ക് സാധ്യമല്ല" എന്നാണ് വിശുദ്ധ പൗലോസ് രേഖപ്പെടുത്തിയിരിക്കുന്നത് ? 2 കോറി 13:8
50. ഉദ്ധരിക്കുക: പ്രഭാഷകൻ 35:11-13

**ലോഗോസ് രൂപതാതല പരീക്ഷയ്ക്ക് ഈ ചോദ്യങ്ങൾ ഏറെ പ്രയോജനകരമാണ്**

www.malankaralibrary.com



## സമന്വയത്തിന്റെ സായാഹ്നമൊരുക്കി പിഒസിയിൽ ക്രിസ്മസ് സംഗമം

കൊച്ചി: മത, സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക ധാരകളുടെ ക്രിസ്മസ് സംഗമമൊരുക്കി കെസിബിസി ആസ്ഥാനമായ പാലാരിവട്ടം പിഒസി. വ്യത്യസ്ത വിഭാഗങ്ങളെ പ്രതിനിധീകരിക്കുന്നവർ സ്നേഹത്തിന്റെയും സൗഹാർദത്തിന്റെയും സമന്വയത്തിന്റെയും സന്ദേശം പങ്കുവെച്ച സായാഹ്നം കൊച്ചിയുടെ ചരിത്രത്തിൽ പുതിയ തുടക്കമായി.

കർദിനാൾ മാർ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാബാവ, പാണക്കാട് സാദിഖ് അലി ഷിഹാബ് തങ്ങൾ, ബിജെപി സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രൻ, ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, സ്വാമി അസ്പർശാനന്ദ എന്നിവർ പ്രസംഗിച്ചു.



കെസിബിസി ആസ്ഥാനമായ പാലാരിവട്ടം പിഒസിയിൽ നടന്ന ക്രിസ്മസ് സംഗമത്തിൽ കർദിനാൾ മാർ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാബാവ, പാണക്കാട് സാദിഖ് അലി ഷിഹാബ് തങ്ങൾ, ബിജെപി സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രൻ എന്നിവർ ചേർന്നു കേക്ക് മുറിക്കുന്നു. ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, സ്വാമി അസ്പർശാനന്ദ, സ്വാമി ബോധേന്ദ്ര തീർത്ഥ, ജസ്റ്റീസ് അബ്ദുൾ റഹിം, പി. രാജു, സി. എൻ. മോഹനൻ, ബിഷപ് യൂഹാനോൻ മാർ പൊളികാർപസ്, ബിഷപ് മാർ ബോസ്കോ പുത്തൂർ, ബിഷപ് മാർ തോമസ് ചക്യത്ത്, ബിഷപ് മാത്യൂസ് മാർ അന്തിമോസ്, സിസ്റ്റർ സൂസമ്മ സി.ടി.സി. എന്നിവർ സമീപം.

www.malankaralibrary.com

## ബൈബിൾ കലോത്സവം: എറണാകുളം - അങ്കമാലി രൂപതയ്ക്ക് കിരീടം

കൊച്ചി: സംസ്ഥാന ബൈബിൾ കലോത്സവം-2023 എറണാകുളം എസ് എച്ച് കോളേജിൽ നടന്നു. എറണാകുളം -അങ്കമാലി അതിരൂപത 188 പോയിന്റോടെ ഓവറോൾ കിരീടം നേടി.173 പോയിന്റോടെ കൊല്ലം രണ്ടാം സ്ഥാനം നേടി. 153 പോയിന്റോടെ പാലക്കാട് മൂന്നാം സ്ഥാനത്തെത്തി.




സീറോ മലബാർ സഭാ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ സമാപനയോഗത്തിൽ സന്ദേശം നൽകി. ചലച്ചിത്രതാരം സിജോയ് വർഗീസ് മുഖ്യാതിഥി ആയിരുന്നു. കലാമത്സരങ്ങളുടെയും സാഹിത്യ രചനാമത്സരങ്ങളുടെയും വിജയികൾക്ക് സമ്മാനദാനം നടത്തി. കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സെക്രട്ടറി ഫാ. ജോജു കോക്കാട്ട്, തേവര എസ്.എച്ച്. കോളേജ് പ്രിൻസിപ്പാൾ റവ. ഡോ. ജോസ് ജോൺ സി.എം.ഐ, പി ഒ.സി. ഡയറക്ടർ ഫാ. ജേക്കബ് ജി പാലക്കാപ്പിള്ളി, എറണാകുളം -അങ്കമാലി ബൈബിൾ അപ്പോസ്തോലിക് ഡയറക്ടർ ഫാ ജോസഫ് താമരവെളിയിൽ, ബൈബിൾ കലോത്സവം ചീഫ് കോർഡിനേറ്റർ ആന്റണി പാലിമറ്റം, കലാഭവൻ സെക്രട്ടറി കെ എസ് പ്രസാദ് എന്നിവർ പ്രസംഗിച്ചു. മ്യൂസിക് ആർടിസ്റ്റ് ഫാ. സെവേരിയോസ് തോമസ്, ഹന്ന ബി രാജ് എന്നിവർ ബൈബിൾ ആലാപനം നടത്തി.

www.malankaralibrary.com

സമീക്ഷകൻ

# ഇത്തിരിയിലും ഒരു തിരിയുണ്ട് !




പി.ഒ.സി. എന്ന പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ, പി.ഒ.സി. ബൈബിൾ, പി.ഒ.സി.യിൽ നിന്ന് പ്രസിദ്ധീകരിച്ചു വരുന്ന താലന്ത് മാസിക എന്നിവ യെല്ലാം തന്നെ കേരളസഭയുടെ ഒരുമിച്ചുള്ള കൂടി വരവിന്റെ എക്കാലത്തെയും സൂചകങ്ങളാണ്. പി. ഒ.സി. നടത്തിവന്ന ദൈവശാസ്ത്ര പഠനത്തിനാ യുള്ള റസിഡൻഷ്യൽ കോഴ്സുകൾ നിരവധി ദൈവവിളികൾക്ക് നിലമൊരുക്കിയെന്നത് ചരിത്രം. ഈ ദൈവശാസ്ത്ര കോഴ്സ് പൂർത്തിയാക്കിയ പലരും വൈദികരും സമർപ്പിതരുമായി. മറ്റു ചിലർ തങ്ങളുടെ വിളിയനുസരിച്ചുള്ള സഭാശുശ്രൂഷകളി ലേക്ക് തിരിഞ്ഞു. അങ്ങനെ ദൈവവിളി കേട്ട ഒരു ക്രൈസ്തവനാണ് ബോണി ജോസഫ് ചെല്ലാനം. 12 വർഷം മുമ്പ് അദ്ദേഹം സ്ഥാപിച്ച ഗ്രീൻ പേസ്റ്റേഴ്സ് അഥവാ 'പച്ചപ്പുൽപ്പുറങ്ങൾക്ക്' ഇന്ന് കേരളത്തിൽ മാത്രമല്ല വിദേശങ്ങളിലും സഹയാത്രികരേറെ. എല്ലാ വർഷവും ബോണിയും സുഹൃത്തുക്കളും ക്രിസ്മസ് സ്നേഹസംഗമം സംഘടിപ്പിക്കാറുണ്ട്. ഈ വർഷം അവരുടെ ക്രിസ്മസ് സംഗമത്തിനായുള്ള ക്ഷണക്കത്തിൽ ബോണി കുറിച്ചത് 'ഇത്തിരിയിലും ഒരു തിരിയുണ്ട് !' എന്നായിരുന്നു. വീട്ടമ്മമാർക്കായി 'അമ്മ മനസ്സ്', ക്രൈസ്തവരായ കുട്ടികൾക്കായി 'കാർലോസ് ഫ്രണ്ട്സ്' എന്ന ഏകവർഷ മോട്ടിവേഷൻ പ്രോഗ്രാം, ജാതിമതഭേദമില്ലാതെ ഏത് കുട്ടികൾക്കും പങ്കെടുക്കാവുന്ന 'താരങ്ങൾ' എന്നിങ്ങനെ 'പച്ചപ്പുൽപ്പു റങ്ങൾ' എന്ന പ്രസ്ഥാനം സന്മനസ്സുള്ളവരുടെ കൊച്ചു കൂട്ടായ്മകൾ സൃഷ്ടിച്ചുകൊണ്ട് മുന്നേറുകയാണ്. 'ഇത്തിരിയുള്ള ഈ ജീവിതം' ഒരു തിരിയായി കൊളുത്തി പ്രകാശം പരത്താൻ നമുക്കും കഴിയേ ണ്ടതല്ലേ ? ഈ പുതുവൽസരത്തിൽ നമുക്ക് പരസ്പരമുള്ള സ്നേഹ ത്തിന്റെയും കരുണയുടെയും തിരികൊളുത്താം- ആ തിരിയിൽ നിന്നുള്ള പ്രകാശം സമൂഹത്തെ നിരന്തരം പ്രകാശപൂരിതമാക്കട്ടെ.

**– ആന്റണി ചടയംമുറി –**



താളുകളിലൂടെ...

www.malankaralibrary.com

## പാസ്റ്ററൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, പി.ഒ.സി. കൊച്ചി

# പഠനശിബിരം – അപ്പസ്തോലിക ആഹ്വാനങ്ങൾ:

### 1. ഇതാണ് ദൈവാശ്രയബോധം 2. ദൈവത്തെ സ്തുതിക്കുവിൻ

**2024 ഫെബ്രുവരി 10, ശനിയാഴ്ച**
**9.30 മുതൽ 4.00 മണിവരെ**







ഇതാണ് ദൈവാശ്രയബോധം
എന്ന അപ്പസ്തോലിക ആഹ്വാനത്തിന്റെ
പൊതു അവലോകനം,
വിശുദ്ധ കൊച്ചുത്രേസ്യായുടെ
ആദ്ധ്യാത്മികതയുടെ കാലിക പ്രസക്തി
എന്നിവ ചർച്ച ചെയ്യപ്പെടുന്നു.

നമ്മുടെ പൊതുഭവനമായ ഭൂമിയെക്കുറിച്ചുള്ള
ഫ്രാൻസീസ് പാപ്പായുടെ
'ദൈവത്തെ സ്തുതിക്കുവിൻ' എന്ന
അപ്പസ്തോലിക ആഹ്വാനത്തിന്റെ
പൊതു അവലോകനം,
'ലൗദാത്തോ സി' മുതൽ
'ലൗദാത്തേ ദേവും' വരെ,
എന്നീ വിഷയങ്ങൾ പഠനവിധേയമാക്കുന്നു.

**നയിക്കുന്നവർ**

1. ഫാ. ഡോ. ജേക്കബ് പ്രസാദ്
2. റവ. ഡോ. അഗസ്റ്റിൻ ചേന്നാട്ട്
3. റവ. ഡോ. സി. റൂബി കുറുപ്പശ്ശേരി, സി.റ്റി.സി.
4. റവ. ഡോ. ജോൺസൻ പുതുശ്ശേരി

**കോ-ഓർഡിനേറ്റർ**

ഫാ. ടോണി കോഴിമണ്ണിൽ
(ഡീൻ ഓഫ് സ്റ്റഡീസ്,
പി.റ്റി.ഐ., പി.ഒ.സി.)

**പങ്കെടുക്കേണ്ടവർ**

വൈദികർ, സമർപ്പിതർ,
അല്മായർ, മതാധ്യാപകർ
എന്നിവർ

**രജിസ്ട്രേഷൻ** Rs. 350/-

**വിശദവിവരങ്ങൾക്ക്**
9447441109, 8113876979
ptipoc@gmail.com

PASTORAL ORIENTATION CENTRE, SECRETARIAT,
KERALA CATHOLIC BISHOPS' COUNCIL, PALARIVATTOM, KOCHI - 682 025.
e-mail : - ptipoc@gmail.com., Ph: 9447441109, 8113876979

www.malankaralibrary.com

TALENT January 2024 Registered No. KL/EKM/238/2018-20
Total Pages : 68 PRICE per copy : Rs. 15 RNI No. KER/MAL/29523/78




Printed and published by Fr. Jacob G. Palackappilly for Talent Publication Society,
P.O.C., Palarivattom, Kochi - 682 025
Printed at Divine Printers, Muringoor, Chalakudy. Chief Editor : Fr. Jolly Vadakken